# ഉള്ളടക്കം


**സംയോജിത നാളികേര വികസനത്തിന് ബോർഡിന്റെ പദ്ധതിക്കു തുടക്കമായി** 4
സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി

**നാളികേര ഉത്പാദനക്ഷമത ഉയർത്തി വരുമാനം വർധിപ്പിക്കാൻ മണ്ണിന്റെ ആരോഗ്യ സംരക്ഷണ പ്രവർത്തനം അനിവാര്യം** 5
സി. തമ്പാൻ, കെ.എം നായർ, പി.സുബ്രഹ്മണ്യം

**നാളികേരോത്പ്പന്ന വില സർവ്വകാല റെക്കോർഡിലേക്ക്** 10
ആർ ജ്ഞാനദേവൻ

**ഉത്തരമലബാറിന് ഉൾപ്പുളകമായി തേജസ്വിനിക്ക് തിരി തെളിഞ്ഞു** 13
ആബെ ജേക്കബ്

**ആരോഗ്യ എക്സ്പോയിലും അന്താരാഷ്ട്ര സെമിനാറിലും നാളികേര വികസന ബോർഡ് പങ്കെടുത്തു** 17
മിനി മാത്യു

**സംയോജിത കേര വികസന പദ്ധതി - കർഷകർ ഇനി എന്തു ചെയ്യണം** 18
വിൻസി വർഗ്ഗീസ്

**കൽപവൃക്ഷത്തിന്റെ കാരുണ്യം, പ്രകൃതിയുടെ മിശ്രണം, അമ്മൂമ്മയുടെ കൈപ്പുണ്യം** 21
മുരളീധരൻ തഴക്കര

**കുരുത്തോലപ്പന്തൽ** 24

**വാർത്തകൾ** 29

**ഡിസംബറിലെ കൃഷിപ്പണികൾ** 37
ആർ ജ്ഞാനദേവൻ

**കമ്പോളം** 39

**കേരപാചകം** 42







*കൃഷിക്കാർക്കായി നാളികേര വികസന ബോർഡ് ആസ്ഥാനത്ത് സംഘടിപ്പിച്ച ശില്പശാല മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ സരദിന്ദു ദാസ് ഉദ്ഘാടനം ചെയ്യുന്നു. ഡെപ്യൂട്ടി ഡയറക്ടർ ആർ ജ്ഞാനദേവൻ, സെക്രട്ടറി ശ്രീ ഡോ.എകെ നന്ദി, ഡോ.അബ്ദുൾ ഹാരിസ്, അസിസ്റ്റന്റ് ഡയറക്ടർ കെ.എസ് സെബാസ്റ്റ്യൻ എന്നിവർ സമീപം*

# സംയോജിത നാളികേര വികസനത്തിന് ബോർഡിന്റെ പദ്ധതിക്കു തുടക്കമായി

നാളികേര മേഖലയിലെ വരുമാന വർധനവ് ലക്ഷ്യമാക്കി നാളികേര വികസന ബോർഡ് നടപ്പാക്കുന്ന സംയോജിത കേര വികസന പദ്ധതിക്കു തുടക്കമായി. ഇതിന്റെ ഭാഗമായി കൃഷിക്കാർക്കായി കൊച്ചിയിലുള്ള ബോർഡ് ആസ്ഥാനത്ത് നാലു ദിവസം നീണ്ട ശില്പശാല നടത്തി.

ബോധവത്ക്കരണ പരിപാടി 2017 ഒക്ടോബർ 22 ന് മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ സരദിന്ദു ദാസ് ഉദ്ഘാടനം ചെയ്തു. ബോർഡ് സെക്രട്ടറി ശ്രീ ഡോ.എകെ നന്ദി മുഖ്യപ്രഭാഷണം നടത്തി. നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദന ക്ഷമതയും ഉയർത്തുന്നത് ലക്ഷ്യമാക്കിയുള്ള സംയോജിത കൃഷി പദ്ധതിയുടെ വിശദാംശങ്ങൾ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ ജ്ഞാനദേവൻ വിഷയാവതരണത്തിൽ പങ്കുവച്ചു

ഒക്ടോബർ 22,25,26,27 തിയതികളിലായി നടന്ന ബോധവത്ക്കരണ പരിപാടിയിൽ വയനാട്, കണ്ണൂർ, കാസർഗോഡ്, തൃശൂർ, കോഴിക്കോട്, എറണാകുളം, കോട്ടയം, മലപ്പുറം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സിപിഎസുകളിലെ കൃഷിക്കാരാണ് പങ്കെടുത്തത്. വിവിധ ജില്ലകളിലെ പദ്ധതി നിർവഹണത്തിന്റെ മേൽനോട്ട ചുമതലയുള്ള ശ്രീ.കെഎസ് സെബാസ്റ്റ്യൻ, ശ്രീ.വിസി വസന്ത്കുമാർ, ശ്രീ.കെകെ സുഭാഷ്, ശ്രീ കുമാരവേൽ, ശ്രീമതി എംഎ ലീനമോൾ, ശ്രീമതി എ ജയശ്രീ, ശ്രീമതി പിവി പ്രീതാകുമാരി, ശ്രീമതി വിൻസി വർഗീസ് എന്നിവർ എൽഒഡിപി പദ്ധതിയെകുറിച്ചും അതിന്റെ പ്രസക്തിയെ കുറിച്ചും നടപ്പിലാക്കുന്ന രീതിയെ കുറിച്ചും വിവിധ സെഷനുകളിലായി സംസാരിച്ചു. കായങ്കുളം കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞരായ ഡോ. റെജി ജേക്കബ് തോമസ്, ഡോ.എസ് കലാവതി, ഡോ.അബ്ദുൾ ഹാരിസ്, ഡോ. ചന്ദ്രിക മോഹൻ, എന്നിവർ നാളികേരത്തിന്റെ ശാസ്ത്രീയ കൃഷിരീതികൾ കൃഷിക്കാർക്ക് വിവരിച്ചുകൊടുക്കുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.

ഉത്പാദക സംഘങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതിക്ക് ഈ വർഷം (2017-18) 720.116 ലക്ഷം രൂപയാണ് ബോർഡ് വകയിരുത്തിയിരിക്കുന്നത്. ഇപ്രകാരം വയനാട്, കണ്ണൂർ, കാസർഗോഡ്,തൃശൂർ, കോഴിക്കോട്, എറണാകുളം, കോട്ടയം, മലപ്പുറം ജില്ലകളിലെ 22 ഫെഡറേഷനുകളിൽ നിന്നുള്ള 121 ഉത്പാദക സംഘങ്ങളയാണ് ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത്. ഇവരുടെ പ്രതിനിധികൾക്കായി സെപ്റ്റംബർ 22 മുതൽ 27 വരെ യാണ് ബോർഡ് ആസ്ഥാനത്ത് ബോധവത്ക്കരണ പരിപാടി നടത്തയത്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ഉത്പാദക സംഘങ്ങളിലെ കൃഷിക്കാർക്കായി ഫെഡറേഷൻ തലത്തിലുള്ള ബോധവത്ക്കരണ ശില്പശാലകൾ ഒക്ടോബർ 24 മുൽ 31 വരെ വിവിധ ജില്ലകളിലും നടന്നു.

ഫെഡറേറ്റ് ചെയ്ത ഉത്പാദക സംഘങ്ങളെയാണ് പദ്ധതി നിർവഹണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. ആദ്യ പടിയായി ബോർഡിലെ ഫെഡറേഷനുകളുടെ രജിസ്ട്രേഷൻ സാധുത പരിശോധിച്ച് അവയിൽ നിന്ന് പ്രഥമ തരഞ്ഞെടുപ്പ് നടത്തി. അടുത്ത ഘട്ടത്തിൽ ഇവയിൽ നാളികേര നഴ്സറി, കൊപ്രഡ്രയർ, കോക്കനട്ട് പോയിന്റ് തുടങ്ങിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച ഫെഡറേഷനുകളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈ ഫെഡറേഷനുകളിലെ ഉത്പാദക സംഘങ്ങളിൽ നിന്ന് പ്രദർശന തോട്ടം സ്ഥാപിക്കൽ, നാളികേര പുനരുദ്ധാരണ പദ്ധതി എന്നിവയ്ക്ക് ഇതുവരെ ആനുകൂല്യം ലഭിക്കാത്ത ഉത്പാദക സംഘങ്ങളാണ് അവസാന പട്ടികയിൽ സ്ഥാനം പിടിച്ചത്.

ശിലപ്ശാലകളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ എല്ലാ സംഘങ്ങളിലും നടപ്പിലാക്കേണ്ട കർമ്മപദ്ധതിയുടെ രൂപരേഖയും തയ്യാറാക്കി. അതനുസരിച്ച് കൃഷിയിടങ്ങളിലേയ്ക്ക് അംഗീകൃത ഏജൻസികൾ വഴി രാസവളങ്ങളും ജൈവകൃഷി ആഭിമുഖ്യമുള്ള പ്രദേശങ്ങളിൽ മീൻവളവും,പയർവിത്തും സിപിഎസ് പോയിന്റുകളിലേയ്ക്ക് വിതരണത്തിനു നടപടിയായിട്ടുണ്ട്. കൂടാതെ കുമ്മായം മഗ്നീഷ്യം സൾഫേറ്റ് എന്നിവയുടെ വിതരണത്തിനുള്ള ക്രമീകരണവും ചെയ്തിരിക്കുന്നു. ഇടവിളയായി ഇഞ്ചി,മഞ്ഞൽ, ചേന,വാഴ തുടങ്ങിയവയാണ് പദ്ധതിയിൽ ശിപാർശ ചെയ്തിരിക്കുന്നത്. അതനുസരിച്ച് ഈ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളും കൃഷിക്കാർക്ക് ലഭ്യമാക്കും.

*സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി*



# നാളികേര ഉത്പാദനക്ഷമത ഉയർത്തി വരുമാനം വർധിപ്പിക്കാൻ മണ്ണിന്റെ ആരോഗ്യ സംരക്ഷണ പ്രവർത്തനം അനിവാര്യം

**സി. തമ്പാൻ*, കെ.എം നായർ**, പി.സുബ്രഹ്മണ്യം*****


*, **പ്രിൻസിപ്പൽ സയന്റിസ്റ്റ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസർഗോഡ്

*** പ്രിൻസിപ്പൽ സയന്റിസ്റ്റ് (റിട്ട.) നാഷണൽ ബ്യൂറോ ഓഫ് സോയിൽ സർവെ ആൻഡ് ലാൻഡ് യൂസ് പ്ലാനിംങ് , ബാംഗളൂർ

കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക മേഖലകളിൽ നിർണായക പങ്കു വഹിക്കുന്ന വൃക്ഷമാണ് തെങ്ങ്. മലയാളികളുടെ അനുദിന ജീവിതവുമായി ഇത്രമേൽ ഇഴചേർന്നു നില്ക്കുന്ന മറ്റൊരു വിള ഇല്ല തന്നെ. എന്നാൽ നാളികേരത്തിന്റെ നാട് എന്നഭിമാനിച്ചിരുന്ന കേരളത്തിന് ആ പെരുമ സാവകാശം കൈമോശം വന്നുകൊണ്ടിരിക്കുകയാണ്.നാളികേര മേഖലയിൽ കേരളത്തിന്റെ സംഭാവനകളെ അപഗ്രഥിക്കുമ്പോൾ ഇത്തരത്തിലൊരു പ്രവണതയുടെ സൂചനയാണ് ലഭിക്കുന്നത്. ഇന്ത്യയിലെ ഇതര നാളികേര ഉത്പാദക സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നാളികേരത്തിന്റെ വാർഷിക ഉത്പാദനത്തിലും തെങ്ങു കൃഷി മേഖലയുടെ വിസ്തൃതിയിലും കേരളം ഒന്നാം സ്ഥാനത്താണ് എങ്കിലും, രാജ്യത്തെ നാളികേര മേഖലയുടെ മൊത്തം വിസ്തൃതിയും ഉത്പാദനവും കണക്കാക്കുമ്പോൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി നാം പിന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു എന്നതാണ് സത്യം. മാത്രവുമല്ല, നാളികേര ഉത്പാദനക്ഷമതയിലും നാം വളരെ പിന്നിലാണ്. അതാകട്ടെ ദേശീയ ശരാശരിയെക്കാൾ താഴെ നില്ക്കുന്നു. 1956 –ൽ രാജ്യത്തെ നാളികേര കൃഷി മേഖലയുടെ 69 ശതമാനവും നാളികേര ഉത്പാദനത്തിന്റെ 71 ശതമാനവും കേരളത്തിന്റെ സംഭാവനയായിരുന്നു. എന്നാൽ 2015 ൽ എത്തിയപ്പോൾ അത് യഥാക്രമം 37 ശതമാനവും 34 ശതമാനവുമായി കുറഞ്ഞു.

സ്ഥിതിവിവര കണക്കുകൾ ( 2015–16) പ്രകാരം ഇന്ത്യയിലെ നാളികേര ഉത്പാദനത്തിൽ കേരളമാണ് ഒന്നാം സ്ഥാനത്ത്. രാജ്യത്തെ മൊത്തം 7,70,620 ഹെക്ടർ നാളികേര കൃഷിമേഖലയിൽ ഏറ്റവും കൂടുതൽ (37 ശതമാനം) കേരളത്തിലാണ്. എന്നാൽ കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ സംസ്ഥാനത്തെ നാളികേര മേഖലയുടെ വിസ്തൃതി കുത്തനെ കുറയുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. അതായത് 2005–06 ൽ മാത്രം കേരളത്തിലെ നാളികേര കൃഷിമേഖലയിൽ 14 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ നാളികേരം ഉത്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്. തൊട്ടു പിന്നിൽ തമിഴ്നാടും. 2015 –16 ലെ സ്ഥിതിവിവര കണക്കുകൾ അനുസരിച്ച് കേരളത്തിന്റെ വാർഷിക ഉത്പാദനം 7429 ദശലക്ഷം നാളികേരമാണ്. തമിഴ്നാടിന്റേത് 6171 ദശലക്ഷവും. എന്നാൽ കേരളത്തിന്റെ നാളികേര ഉത്പാദന ക്ഷമത, ഹെക്ടറിന് 9641 നാളികേരം ദേശീയ ശരാശരിയായ 10614–നും താഴെയാണ്. അതെ സമയം തമിഴ്നാടിന്റെ നാളികേര ഉത്പാദന ക്ഷമത (ഹെക്ടറിന് 13423 നാളികേരം) ദേശീയ ശരാശരിക്കും മുന്നിലും.

> **ഉയർന്ന തോതിലുള്ള അമ്ലത്വവും സസ്യപോഷകമൂലകങ്ങളുടെ അഭാവവും കൊണ്ട് നമ്മുടെ മണ്ണ് പോഷകാഹാരത്തിനായി വിശക്കുന്ന അവസ്ഥയിലാണ്.**




*തെങ്ങ് കൃഷി വിസ്തൃതിയും ഉത്പാദനവും കേരളത്തിൽ*



വിപണിയിൽ നാളികേരത്തിന്റെ വിലയിടിവ്, വിലയിലെ അസ്ഥിരത, പ്രായം കൂടിയതും ഉത്പദനക്ഷമത കുറഞ്ഞതുമായ തെങ്ങുകളുടെ ആധിക്യം, തുണ്ടുകളാക്കപ്പെട്ട കൃഷിയിടങ്ങൾ, വിളപരിപാലനത്തിലെ അവഗണന, തെങ്ങിനു പകരം കൂടുതൽ ലാഭകരമായ വിളകളുടെ കൃഷി, രോഗങ്ങളുടെയും കീടങ്ങളുടെയും രൂക്ഷമായ ആക്രമണം മൂലമുള്ള വിളനാശം, ഉയർന്ന ഉത്പാദന ചെലവും വർധിച്ച കൂലി നിരക്കുകളും, ജലസേചനത്തിന്റെ അപര്യാപ്തത, നിർദ്ദിഷ്ഠ പരിപാലനരീതികൾ പ്രത്യേകിച്ച് ശാസ്ത്രീയ വളപ്രയോഗം അനുവർത്തിക്കുന്നതിൽ വരുത്തിയ അശ്രദ്ധ തുടങ്ങിയ കാരണങ്ങളാണ് സംസ്ഥാനത്ത് നാളികേര ഉത്പാദനക്ഷമത താഴാനും കൃഷിയിട വിസ്തൃതിയും ഉത്പാദനവും കുറയാനും കാരണമാക്കിയത്. ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ള അനുകൂല നയങ്ങളും ക്ഷേമ പദ്ധതികളും നാളികേര മേഖലയുടെ പുരോഗതിക്ക് ഏറെ പ്രധാനമാണ്. എന്നാൽ അതു മാത്രം പോര. അതിനുമപ്പുറം സമഗ്രമായ ഒരു നാളികേര പുനരുദ്ധാരണ പദ്ധതി ആവിഷ്കരിക്കുക, മെച്ചപ്പെട്ട ഇനങ്ങളുടെ കൃഷിരീതി പ്രോത്സാഹിപ്പിക്കുക, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉപയോഗം ഉറപ്പാക്കുക, ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഉത്പാദന ക്ഷമത വർധിപ്പിക്കാനും ഉത്പാദന ചെലവു കുറയ്ക്കാനും നാളികേര കർഷകരെ ശാക്തീകരിക്കുക, നാളികേര തോട്ടങ്ങളിലെ ഏകവിള സമ്പ്രദായത്തിനു പകരം ബഹുവിളകളും നാളികേരാധിഷ്ഠിത സംയോജിത കൃഷിയും പ്രോത്സാഹിപ്പിക്കുക, ഉത്പ്ന്ന വൈവിധ്യവൽക്കരണത്തിലും മൂല്യവർധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണത്തിലും ഊന്നൽ നല്കുക തുടങ്ങിയ ഇടപെടലുകളിലൂടെ മാത്രമെ സംസ്ഥാനത്ത് നാളികേര മേഖലയുടെ പുനരുജ്ജീവനം സാധ്യമാകൂ.

## തെങ്ങിൻ തോപ്പുകളിലെ മണ്ണിന്റെ ആരോഗ്യം

കേരളത്തിലെ മണ്ണിന്റെ ഫലപുഷ്ഠിയുടെ അവസ്ഥ സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് അടുത്ത കാലത്ത് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ വ്യക്തമായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്, ഉയർന്ന തോതിലുള്ള അമ്ലത്വവും സസ്യപോഷകമൂലകങ്ങളുടെ അഭാവവും കൊണ്ട് നമ്മുടെ മണ്ണ് പോഷകാഹാരത്തിനായി വിശക്കുന്ന അവസ്ഥയിലാണ് എന്നാണ്. മണ്ണിന്റെ ഈ ഊഷരാവസ്ഥയാണ് തെങ്ങു പോലുള്ള കേരളത്തിലെ കൃഷികളെ പ്രതികൂലമായി ബാധിക്കുന്നത്. മണ്ണിൽ അമ്ലത്വത്തിന്റെ ആധിക്യവും, പൊട്ടാസിയം പോലുള്ള പ്രാഥമിക മൂലകങ്ങളുടെയും, കാൽത്സ്യം മഗ്നീഷ്യം തുടങ്ങിയ ദ്വിതീയ മൂലകങ്ങളുടെയും, ബോറോൺ പോലുള്ള സൂക്ഷ്മ മൂലകങ്ങളുടെയും വ്യാപകമായ അഭാവവുമാണ് സംസ്ഥാനത്തെ തോട്ടങ്ങളിൽ തെങ്ങുകളുടെ വളർച്ച മുരടിപ്പിക്കുകയും, അവയുടെ ആരോഗ്യം ക്ഷയിപ്പിക്കുകയും, നാളികേര ഉത്പാദന ക്ഷമതയെ പിന്നോട്ടടിക്കുകയും ചെയ്യുന്നത്.

മണ്ണിന്റെ ഈ അനാരോഗ്യ പ്രശ്നം കേരളത്തിലെ (വടക്കൻ കേരളത്തിലെയും മധ്യകേരളത്തിലെയും തെക്കൻ കേരളത്തിലെയും ഓണാട്ടുകര ഉൾപ്പെടെയുള്ള മണൽ പ്രദേശങ്ങളിലും) എല്ലാ തെങ്ങുകൃഷി മേഖലകളിലും വ്യാപകമായി കാണുന്നു.

**കേരളത്തിലെ തെങ്ങ് കൃഷി കഴിഞ്ഞ 6 ദശകങ്ങളിൽ**

| വർഷം | വിസ്തൃതി (000 ഹെക്ടർ) | ഉത്പാദനം (ദശലക്ഷം നാളികേരം) | ഉത്പാദന ക്ഷമത |
|---|---|---|---|
| 1956-57 | 459.7 | 3182 | 6921 |
| 1966-67 | 609.6 | 3424.7 | 5617 |
| 1976-77 | 695 | 3348 | 4817 |
| 1986-87 | 706 | 3173 | 4494 |
| 1996-97 | 1006 | 5834 | 5802 |
| 2006-07 | 808.6 | 5921 | 7322 |
| 2015-16 | 770.6 | 7429 | 9641 |

അവലംബം : നാളികേര വികസന ബോർഡ്



കേരളത്തിലെ റബർ കൃഷി മേഖലയിലും സമാന പ്രശ്നങ്ങൾ ഉണ്ട്. റബർ കൃഷി കൂടുതലുള്ള സ്ഥലങ്ങളിലെ അടിമണ്ണിൽ അമ്ലത്വവും വൻ തോതിൽ അലുമിനിയത്തിന്റെ സാന്നിധ്യവും കാണുന്നു. മണ്ണിൽ അലുമിനിയത്തിന്റെ അംശം അധികമായാൽ മിക്ക വിളകളുടെയും വേരുകളിൽ അത് ക്ഷതമുണ്ടാക്കും

ചെറിയ കൃഷിയിടങ്ങളിൽ ഉത്പാദന ക്ഷമത ഉയർത്തുന്നതിൽ മണ്ണിന്റെ ആരോഗ്യം വർധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഡോ.എംഎസ് സ്വാമിനാഥൻ അധ്യക്ഷനായുള്ള കർഷക ദേശീയ കമ്മീഷൻ റിപ്പോർട്ടിന്റെ ശിപാർശയിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ഓരോ കർഷക കുടുംബത്തിനും സോയിൽ ഹെൽത്ത് കാർഡ് നല്കണം. അതിൽ അവരുടെ കൃഷിയിടത്തിലെ മണ്ണിന്റെ ഭൗതിക, രാസിക, ജൈവ സ്വഭാവ സവിശേഷതകൾ സംബന്ധിച്ച സമഗ്ര വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കണം. മണ്ണിലെ സൂക്ഷ്മ പോഷകങ്ങളുടെ ന്യൂനത കണ്ടു പിടിക്കുന്നതിന് കൂടുതൽ മണ്ണു പരിശോധനാ ശാലകൾ വളരെ അത്യാവശ്യമാണ്. വിളകളുടെ അവശിഷ്ടങ്ങൾ മണ്ണിൽ തന്നെ കൂട്ടിയോജിപ്പിച്ച് അതിലെ ജൈവാംശം വർധിപ്പിക്കണം. തരിശുഭൂമികൾ ഉപയോഗ യോഗ്യമാക്കുന്നതിനും അവയുടെ ജൈവപുഷ്ടി മെച്ചപ്പെടുത്തുന്നതിനും കൃത്യമായ സാങ്കേതിക ഉപദേശം ലഭ്യമാക്കണം. വിലനയങ്ങൾ വളങ്ങളുടെ സന്തുലിതവും, കാര്യക്ഷമവുമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കണം - എന്നും കമ്മിഷൻ ശിപാർശ ചെയ്യുന്നു.

കൂടുതൽ ഉത്പാദനപരവും, സുസ്ഥിരവും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ആഘാതം ചെറുക്കുന്നതും , പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുന്നതും, സമഗ്ര മണ്ണ് - ജല സംരക്ഷണ നടപടികൾ അനുവർത്തിക്കുന്നതും ഉൾപ്പെടെയുള്ള ഇടപെടലുകൾ വഴി കാർഷിക മേഖലയെ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷി കർഷക ക്ഷേമ മന്ത്രാലയം, കൃഷി സഹകരണ വകുപ്പ് വഴി ദേശീയ സുസ്ഥിര കാർഷിക ദൗത്യം നടപ്പിലാക്കി വരുന്നത്. മണ്ണിന്റെ ആരോഗ്യവും ഉത്പാദനക്ഷമതയും വർധിപ്പിക്കുന്നതിന് രാസവളങ്ങളുടെ പ്രത്യേകിച്ച് ദ്വിതീയ- സൂക്ഷ്മ മൂലകങ്ങളുടെയും ജൈവ വളങ്ങളുടെയും ജീവാണു വളങ്ങളുടെയും വിവേകപൂർവമായ ഉപയോഗത്തിലൂടെ സംയോജിത വളപ്രയോഗം പ്രോത്സാഹിപ്പിക്കുക, മണ്ണ്, വളം എന്നിവ പരിശോധിക്കാനുള്ള സൗകര്യങ്ങൾ വർധിപ്പിച്ച് പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ മണ്ണിന്റെ പുഷ്ടി മെച്ചപ്പെടുത്തുന്നതിനുള്ള ശിപാർശകൾ കൃഷിക്കാർക്കു നല്കുക, 1985 ലെ വളം നിയന്ത്രണ ഉത്തരവു പ്രകാരം രാസവളങ്ങൾ, ജീവാണുവളങ്ങൾ, ജൈവ വളങ്ങൾ എന്നിവയുടെ ഗുണനിലവാര നിയന്ത്രണം ഉറപ്പാക്കുക, പരിശീലനപരിപാടികൾ, പ്രദർശനങ്ങൾ തുടങ്ങിയവ വഴി കൃഷിക്കാരുടെയും, മണ്ണു പരിശോധനാ ശാലകളിലെയും വിജ്ഞാനവ്യാപന വിഭാഗത്തിലെയും ഉദ്യോഗസ്ഥരുടെയും ശേഷിയും നൈപുണ്യവും ഉയർത്തുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ദേശീയ സുസ്ഥിര കാർഷിക ദൗത്യത്തിലെ പ്രധാന ലക്ഷ്യങ്ങൾ.

വികേന്ദ്രീകൃത ആസൂത്രണം വഴി പഞ്ചായത്തുകളിലെ സുസ്ഥിര കാർഷിക വികസനവും സംസ്ഥാന പദ്ധതികൾ വഴി നാളികേര മേഖലയുടെ വികസനവും നടപ്പാക്കുമ്പോൾ മുൻഗണനാടിസ്ഥാനത്തിൽ കേരളത്തിലെ മണ്ണിന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇടപെടലുകൾ നടത്തണം. മാത്രവുമല്ല ദേശീയ സുസ്ഥിര കാർഷിക ദൗത്യത്തിനു കീഴിൽ ലഭിക്കുന്ന സഹായങ്ങളെ സംസ്ഥാനത്തെ നാളികേര തോട്ടങ്ങളിൽ മണ്ണിന്റെ ആരോഗ്യ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് തിരിച്ചു വിട്ടുകൊണ്ടും നാളികേര മേഖലയിൽ നിന്നുള്ള ആദായം വർധിപ്പിക്കാം.

## നാളികേരാധിഷ്ഠിത ഭൂവിനിയോഗത്തിന്റെ സാമ്പത്തിക വിജയസാധ്യത ഉയർത്തുക

മണ്ണിന്റെ ഫലപുഷ്ടിക്കുറവും അതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലെ പോരായ്മയുമാണ് സംസ്ഥാനത്തെ തെങ്ങിൻ തോട്ടങ്ങളിൽ ഉത്പാദന ക്ഷമത ഇടിയുവാൻ ഇടയാക്കിയ പ്രധാന കാരണം. മണ്ണിന്റെ വളക്കൂർ അടിസ്ഥാനമാക്കി തെങ്ങുകൾക്ക് രാസ - ജൈവ വളങ്ങൾ നല്കുക എന്ന സംയോജിത വളപ്രയോഗരീതി സുസ്ഥിര നാളികേര ഉത്പാദനത്തിന് വളരെ പ്രധാനമാണ്. ഒപ്പം മണ്ണിന്റെ അമ്ലത്വം കുറയ്ക്കുന്നതിനുള്ള നടപടികളും വേണം. നാളികേരത്തിന് വിദഗ്ധർ ശിപാർശ ചെയ്യുന്ന ശാസ്ത്രീയ വളപ്രയോഗ രീതി അനുവർത്തിക്കുന്നതിൽ സംസ്ഥാനത്തെ നാളികേര കൃഷിക്കാർ പല കാരണങ്ങളാലും വളരെ പിന്നിലാണ്. കേരളത്തിലെ കൃഷിയിടങ്ങളിൽ സിംഹഭാഗവും ചെറുകിട പരിമിത കൃഷിയിടങ്ങളാണ്. ഇത്തരം തുണ്ടുവത്ക്കരിക്കപ്പെട്ട തോട്ടങ്ങളിൽ ശാസ്ത്രീയ വിള പരിപാല രീതികൾ അവലംബിക്കുന്നതിന് കർഷകരുടെ വിഭവ പരിമിതികൾ തടസം







നില്ക്കുന്നു. അതുപോലെ തെങ്ങിൻ തോട്ടങ്ങളുടെ ഉടമകളിൽ കൃഷി പ്രധാന വരുമാന മാർഗ്ഗമാക്കിയിട്ടുള്ളവർ നാമാത്രമാണ്. മറ്റു മേഖലകളിൽ നിന്നാണ് ഇവർ ഉപജീവനത്തിനുള്ള വരുമാനം ലഭ്യമാക്കുന്നത്. ഇത്തരം സാഹചര്യങ്ങളിൽ തെങ്ങുകൃഷി ആദായകരമാക്കുന്നതിനുള്ള ഇടപെടലുകൾ ഫലപ്രദമാക്കുക എന്നത് വലിയ വെല്ലുവിളി തന്നെയാണ്.

അടുത്ത കാലത്തായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ തെങ്ങിൻ തോപ്പുകളിൽ മണ്ണിലെ മൂലകങ്ങളുടെ അപര്യാപ്തത മൂലമുള്ള ബുദ്ധിമുട്ടുകൾ കണ്ടു തുടങ്ങിയിരിക്കുന്നു. അതിനാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉചിതവും അടിയന്തരവുമായ നടപടികൾ സ്വീകരിക്കേണ്ട സമയം അതിക്രമിച്ചിരക്കുന്നു. തെങ്ങിൻ തോട്ടങ്ങളിലെ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ കുറവുള്ള മൂലകങ്ങൾ വളപ്രയോഗം വഴി നല്കുക, ശാസ്ത്രീയ വിള പരിചരണം അനുവർത്തിക്കുക, സംസ്ഥാനത്തെ നാളികേര കൃഷി മേഖലകളിലെ കാലാവസ്ഥയും മണ്ണിന്റെ നിലവാരവും കണക്കിലെടുത്ത് യോജിച്ച ഇടവിളകൾ കൃഷി ചെയ്യുക എന്നിവ വഴി നാളികേര ഉത്പാദനം ഗണ്യമായി മെച്ചപ്പെടുത്താൻ സാധിക്കും. സംസ്ഥാനത്തെ തെങ്ങിൻ തോട്ടങ്ങളിലെ മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് കൃഷി - പാരിസ്ഥിതക മേഖലകൾ അടിസ്ഥാനമാക്കിയുള്ള കാഴ്ച്ചപ്പാടുകളും ഉത്തമ വിള പരിചരണ നടപടികളും ആവിഷ്കരിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിൽ പരീക്ഷിച്ച് വിജയിച്ചിട്ടുള്ളതായതിനാൽ ഇതിന് വ്യാപകമായ പ്രചാരം നല്കേണ്ടിയിരിക്കുന്നു. ഉത്പാദന ക്ഷമത വർധിപ്പിക്കുന്നതിനും അതെ സമയം കൃഷിച്ചെലവു കുറയ്ക്കുന്നതിനുമുള്ള ഇടപെടലുകളാണ് നാളികേര മേഖലയുടെ പുരോഗതിക്ക് ഇന്ന് ആവശ്യം.

ഈ പശ്ചാത്തലത്തിൽ ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ബ്യൂറോ ഓഫ് സോയിൽ സർവ്വേ & ലാന്റ് യൂസ് പ്ലാനിങ്ങ്, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം, കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനം എന്നീ ഗവേഷണ സ്ഥാപനങ്ങൾ, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് ജില്ലകളിലെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ സഹായത്തോടെ ഇപ്പോൾ നടപ്പിലാക്കി വരുന്ന കേര കർഷക പങ്കാളിത്തത്തിലൂന്നി ഗവേഷണ പദ്ധതി സവിശേഷ പ്രാധാന്യമർഹിക്കുന്നു. കേരളത്തിലെ തെങ്ങു കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി തെങ്ങു കൃഷിയിൽ നിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും കൃഷി ചെലവു കുറയ്ക്കുന്നതിനും യോജിച്ച, മണ്ണിന്റെ ആരോഗ്യ പരിപാലന മുറകൾ വിവിധ കാർഷിക കാലാവസ്ഥാ സാഹചര്യങ്ങൾക്കനുയോജ്യമായ രീതിയിൽ വികസിപ്പിച്ചെടുക്കുക, ഒപ്പം തന്നെ മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനുതകുന്ന അത്തരം ഉത്തമ പരിപാലനമുറകളുടെ ഫലപ്രാപ്തി തെരഞ്ഞെടുക്കുന്ന കർഷകരുടെ തെങ്ങിൻ തോട്ടങ്ങളിൽ തെളിയിച്ചു കാണിക്കുന്നതിനായുള്ള മുൻനിര പ്രദർശന തോപ്പുകൾ സജ്ജമാക്കുക എന്നീ പ്രവർത്തന ലക്ഷ്യങ്ങളോടെയാണ് ഈ ഗവേഷണ പദ്ധതി നടപ്പിലാക്കി വരുന്നത്. കണ്ണൂർ ജില്ലയിലെ ചെറുതാഴം, കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ, എറണാകുളം ജില്ലയിലെ മൂക്കന്നൂർ, ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര, പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം, കൊല്ലം ജില്ലയിലെ മയ്യനാട് എന്നീ പ്രദേശങ്ങളിലെ തെരഞ്ഞെടുത്ത തെങ്ങിൻ തോട്ടങ്ങളിലാണ് ഈ കർഷക പങ്കാളിത്ത ഗവേഷണ പദ്ധതി നടപ്പിലാക്കി വരുന്നത്. തെങ്ങ് ഏകവിളയായി കൃഷി ചെയ്യുന്ന തോട്ടങ്ങളും കുരുമുളക്, ജാതി, മരച്ചീനി, ചേന തുടങ്ങിയ ഇടവിളകളോടൊപ്പം കൃഷി ചെയ്യപ്പെടുന്ന തോട്ടങ്ങളും ഗവേഷണപദ്ധതിയിൽ ഉൾപ്പെടുന്നു. ഓരോ പ്രദേശത്തും 10 തെങ്ങിൻ തോട്ടങ്ങൾ വീതം ആറിടങ്ങളിലായി 60 പ്രദർശന തോട്ടങ്ങൾ കേരകർഷകരുടെ സജീവ പങ്കാളിത്തത്തോടെ പരിപാലിച്ചു വരുന്നു. വ്യത്യസ്ത കാർഷിക കാലാവസ്ഥാ സാഹചര്യങ്ങളെ പ്രതിനിധീകരിക്കുന്ന പദ്ധതിയുടെ കീഴിലുള്ള പ്രദേശങ്ങളിലെ തെങ്ങിൻ തോപ്പുകളിൽ മണ്ണിന്റെ ആരോഗ്യ സ്ഥിതി സംബന്ധിച്ച വിശദമായ പഠനങ്ങൾ പ്രാരംഭ ഘട്ടത്തിൽ നടത്തി. മണ്ണിന്റെ ഭൗതിക - രാസിക സ്വഭാവ സവിശേഷതകളും സസ്യ പോഷക മൂലകങ്ങളുടെ ലഭ്യതയും വിലയിരുത്തുകയും മണ്ണിന്റെ വിവിധ ആഴങ്ങളിൽ അനുഭവപ്പെടുന്ന അമ്ലത്വം സംബന്ധിച്ച് വിശദമായ വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തുകയും ചെയ്തു. ആ പഠനഫലങ്ങളുടെ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടത്തിൽ അനുവർത്തിക്കേണ്ട ഉത്തമ പരിപാലന മുറകൾ വികസിപ്പിച്ചെടുക്കുകയും അവയുടെ ഫലപ്രാപ്തി നിർണ്ണയം നടത്തി വരികയുമാണ്. മണ്ണിലെ പ്രഥമ, ദ്വിതീയ, സൂക്ഷ്മ മൂലകങ്ങളുടെ അഭാവം പരിഹരിക്കുന്നതിനു വേണ്ടിയുള്ള ശാസ്ത്രീയ രാസവളപ്രയോഗം, മണ്ണിന്റെ വിവിധ ആഴങ്ങളിലനുഭവപ്പെടുന്ന അമ്ലത്വം പരിഹരിക്കുന്നതിന്റെ ഭാഗമായുള്ള കുമ്മായ വസ്തുക്കളുടെ (കുമ്മായം, ഡോളമൈറ്റ്, ജിപ്സം എന്നിവയുടെ) ഉപയോഗം, തെങ്ങിൻ തോപ്പിൽ ലഭ്യമാകുന്ന തെങ്ങോലകൾ തടത്തിൽ ചേർത്തു കൊടുക്കുന്നതുവഴിയുള്ള ജൈവ പുനഃചംക്രമണം, തടം തുറക്കുന്നത് ഒഴിവാക്കുന്നതുൾപ്പെടെ കൃഷിച്ചെലവു കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളവലംബിക്കൽ എന്നിങ്ങനെ വിവിധ സാങ്കേതിക ഇടപെടലുകൾ ഈ ഗവേഷണ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട തെങ്ങിൻ തോപ്പുകളിൽ പ്രാവർത്തികമാക്കി വരുന്നു. (പ്രദർശനതോട്ടത്തിൽ) വിവിധ ഉൽപാദനോപാധികളുടെ വിനിയോഗവും വിള പരിപാലന രീതികളും വിളവെടുപ്പും മറ്റു പ്രവർത്തനങ്ങളുമൊക്കെ കേര കർഷകർ തന്നെ രേഖപ്പെടുത്തുകയും






അതിനായി വിശദമായ ഫാർമേഴ്സ് നോട്ട് ബുക്ക് സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.

തെരഞ്ഞെടുത്ത കൃഷിയിടങ്ങളിൽ 2015 ലെ തുലാവർഷ ക്കാലത്ത് തുടക്കം കുറിച്ചതാണ് ഈ പദ്ധതിയുടെ പരീക്ഷണ നിരീക്ഷണങ്ങൾ. അന്നു മുതൽ വളപ്രയോഗം, വിള പരിച രണം തുടങ്ങിയ പ്രവർത്തനങ്ങൾ വളരെ ശാസ്ത്രീയമായി അനുവർത്തിക്കപ്പെട്ടു വരുന്നു. എന്നാൽ കുറഞ്ഞപക്ഷം മൂന്നു വർഷമെങ്കിലും കഴിഞ്ഞാൽ മാത്രമെ ഈ ഇടപെടൽ കൊണ്ട് നാം പ്രതീക്ഷിക്കുന്ന രീതിയിലുള്ള വിളവർധന ലഭിക്കുക യുള്ളു. എന്നിരുന്നാലും ഇപ്പോൾ കാണുന്ന ലക്ഷണങ്ങൾ ആശാവഹമാണ്. പഠനങ്ങൾ നടക്കുന്ന തോട്ടങ്ങളിലെ മണ്ണി ന്റെ ഗുണനിലവാരത്തിലും തെങ്ങുകളുടെ ആരോഗ്യത്തിലും ഗണ്യമായ പുരോഗതിയാണ് ദൃശ്യമായിട്ടുള്ളത്. ഇത് ഇവിടെ അനുവർത്തിച്ച ശാസ്ത്രീയ നടപടികളുടെ ഫലമായിട്ടു തന്നെ എന്നുറപ്പിക്കാം. മണ്ണിന്റെ, (മേൽ മണ്ണിന്റയും അടി മണ്ണിന്റെ യും) ഗുണനിലവാരത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായിരി ക്കുന്നു. പ്രത്യേകിച്ച് ക്ഷാര അമ്ല അനുപാതത്തിൽ. അതു കൃ ത്യമായി അറിയാൻ സാധിക്കുന്നത് മണ്ണിരകളുടെ എണ്ണത്തിൽ വന്നിരിക്കുന്ന വർധനവിൽ നിന്നാണ്. തെങ്ങുകളുടെ ആരോ ഗ്യവും മെച്ചപ്പെട്ടിരിക്കുന്നു. മഞ്ഞളിപ്പും മാറിയിട്ടുണ്ട്, പ്രത്യേ കിച്ച് തൃശൂർ മുതൽ തെക്കോട്ടുള്ള ജില്ലകളിൽ ഓലക്കാലുകൾ വേർപിരിയാതെ ഒരുമിച്ചു നില്ക്കുക, തുടങ്ങി ബോറോണിന്റെ കുറവു മൂലമുള്ള ന്യൂനതകൾ , മച്ചിങ്ങ കൊഴിച്ചിൽ, ഓല ചീയൽ എന്നിവ പരിഹരിക്കപ്പെട്ടു കാണുന്നു. വരൾച്ചമൂലം ഓലകളും മടലുകളും ഒടിഞ്ഞു തൂങ്ങുന്നതും കുറഞ്ഞിട്ടുണ്ട്. ആരംഭത്തിൽ തന്നെ ദൃശ്യമായിരിക്കുന്ന ആശാവഹമായ ഈ ലക്ഷണങ്ങൾ, പദ്ധതിയുടെ നിർദ്ദിഷ്ഠ കാലയളവ് പൂർത്തി യാകുന്നതോടെ പൂർണമായ ഫലം ലഭ്യമാക്കും എന്ന സൂചന യാണ് നല്കുന്നത്.

## മണ്ണിന്റെ ആരോഗ്യ വർധനവ് കേന്ദ്രീകരിച്ചുള്ള ഉത്പാദന തന്ത്രം

സംസ്ഥാന ആസൂത്രണ ബോർഡിന്റെ സഹായത്തോ ടെ കേരളത്തിലെ തെരഞ്ഞെടുത്ത പ്രദേശങ്ങളിലെ തെ ങ്ങിൻ തോട്ടങ്ങളിൽ മണ്ണിന്റെ ആരോഗ്യ പരിചരണ നടപടി കൾ അടിസ്ഥാനമാക്കി കൃഷിക്കാരുടെ പങ്കാളിത്തത്തോടെ നടത്തിയ പരീക്ഷണ -നിരീക്ഷണങ്ങളിൽ നിന്നു വ്യക്തമായ വസ്തുത, നാളികേരത്തിന്റെ ഉത്പാദനക്ഷമതയും അതുവഴി കൃഷിക്കാരന്റെ ആദായവും വർധിപ്പിക്കുന്നതിന് അടിയന്തിര മായി തെങ്ങിൻ പുരയിടങ്ങളിലെ മണ്ണിന്റെ വളക്കൂറും ആരോ ഗ്യവും മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ ഉണ്ടാകണം എന്നതാ ണ്. അടുത്തയിടെ കേരള ഗവൺമെന്റ് രൂപീകരിച്ച കോക്കനട്ട് കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഈ മേഖലയുമായി ബന്ധപ്പെട്ട ഐസിഎആർ - സിപിസിആർ ഐ, കേരള കാർഷിക സർവകലാശാല, നാളികേര വികസന ബോർഡ്, കൃഷി വകുപ്പ്, കേരഫെഡ്, നാളികേര ഉത്പാദക സംഘങ്ങൾ, ഫെഡറേഷനുകൾ, കമ്പനികൾ തുടങ്ങിയ ഗു ണഭോക്താക്കളെ ഒരു കുടക്കീഴിൽ അണിനിരത്താൻ സാധി ക്കും. നാളികേര ഉത്പാദനം വർധിപ്പിക്കുന്നതിനാവശ്യമായ രീതിയിൽ മണ്ണിന്റെ ആരോഗ്യ ഘടന മെച്ചപ്പെടുത്തുന്നതിന് വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളിലേയ്ക്ക് അനു യോജ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ വികസിപ്പിക്കുന്നതിനും, അവയുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനും, കർഷകരുടെ കൂട്ടായ്മകളെ ശാക്തീകരിക്കുന്നതിനും, ഉത്പാദനം , വിപ ണനം, വളപ്രയോഗം, മൂല്യ വർധനവ് തുടങ്ങിയ പ്രവർത്ത നങ്ങളിൽ കൃഷിക്കാർ സമൂഹ്യാടിസ്ഥാനത്തിലുള്ള സമീപ നം സ്വീകരിക്കുന്നതിലും ഈ സ്ഥാപനങ്ങളുടെ ഏകോപിത പ്രവർത്തങ്ങൾ മേൽപ്പറഞ്ഞ കമ്മിറ്റി ഉറപ്പു വരുത്തണം. ഈ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിന് കൃഷിക്കാരുടെ പങ്കാളിത്തവും ഉറപ്പാക്കണം. ഈ സമീപനം വിപുലമായ രീതി യിൽ നടപ്പാക്കുന്നതിനും ഫലപ്രാപ്തി ഉറപ്പു വരുത്തുന്നതിനും കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്ന പ്രത്യേക നാളികേര മേഖലയുടെയും ഇപ്പോൾ സംസ്ഥാന കൃഷിവകുപ്പ് വിവിധ പ്രദേശങ്ങളിൽ നടപ്പാക്കുന്ന കേരഗ്രാമം പദ്ധതിയുടെയും ഇട പെടലുകൾ സാധ്യതകൾ കാര്യക്ഷമമായി വിനിയോഗിക്കാവു ന്നതാണ്. നാളികേര ഉത്പാദക സംഘങ്ങൾ, ഫെഡറേഷനു കൾ, കമ്പനികൾ എന്ന രീതിയിൽ പ്രവർത്തിക്കുന്ന ത്രിതല സംവിധാനങ്ങൾക്കും അതത് പ്രദേശങ്ങളിലെ തെങ്ങിൻ തോ പ്പുകളുടെ ഉത്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകളിൽ ഈ സമീപനത്തിന് ഊന്നൽ നല്കാവു ന്നതാണ്.

## ഉപസംഹാരം

കേരളത്തിന് അതിന്റെ പഴയകാല കേരമഹിമ നഷ്ടമാ യിക്കൊണ്ടിരിക്കുന്നു എന്നാണ് സംസ്ഥാനത്തെ നാളികേര മേഖലയിൽ നിന്ന് ഇപ്പോൾ ലഭിക്കുന്ന സൂചനകൾ. സംസ്ഥാ നത്തിന്റെ നാളികേര മേഖലയിൽ നിന്നുള്ള ആദായം വർധി ക്കണമെങ്കിൽ അടിയന്തിരമായി ചില ഇടപെടലുകൾ നടത്തേ ണ്ടിയിരിക്കുന്നു. സമഗ്ര നാളികേര പുനരുദ്ധാരണ പദ്ധതിക്കു പുറമെ, മണ്ണിന്റെ ആരോഗ്യ സംരക്ഷണം കേന്ദ്രീകരിച്ചുള്ള ഉത്പാദന തന്ത്രങ്ങളും നടപടികളും ആവിഷ്കരിച്ചാൽ മാ ത്രമെ നമുക്ക് നാളികേര മേഖലയുടെ പൂർവകാല പ്രതാപം വീണ്ടെടുക്കാൻ സാധിക്കൂ. നാളികേരാധിഷ്ഠിത ഭൂവിനിയോഗ രീതിയുടെ സാമ്പത്തിക വിജയസാധ്യത ഉയർത്തുവാൻ ഇത്തരം ഒരു നടപടിക്ക് പ്രസക്തിയുണ്ട് എന്നതിന് തെളി വാണ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ സഹായത്തോ ടെ കേരളത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന ഗവേഷണ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിലെ പ്രവർത്തന നേട്ടങ്ങൾ. ■



# നാളികേരോത്പന്ന വില സർവ്വകാല റെക്കോർഡിലേക്ക്


**ആർ. ജ്ഞാനദേവൻ,**
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി - 11


വെളിച്ചെണ്ണ മരത്തെ വിശ്വസിക്കാൻ കൊള്ളാത്ത വിളയെന്നു മുദ്രകുത്തിയ ജനങ്ങൾ ഇതാ വീണ്ടും നമ്മുടെ നാടിന്റെ ഐശ്വര്യ പ്രതീകമായ തെങ്ങിനെ ശ്രദ്ധയോടെ പരിപാലിക്കാൻ തുടങ്ങിയിരിക്കുന്നു. കാരണം തേങ്ങായ്ക്കും, കൊപ്രായ്ക്കും ഇന്നു കിട്ടുന്ന ഉയർന്ന വില തന്നെ. തേങ്ങായുടേയും വെളിച്ചെണ്ണയുടേയും വില വർധിച്ച് സർവ്വകാല റിക്കോർഡിൽ എത്തി നിൽക്കുന്നു. 2014 ൽ ഉണ്ടായ വിലക്കയറ്റത്തെയും കടത്തി വെട്ടി തേങ്ങായുടേയും വെളിച്ചെണ്ണയുടേയും വില കുതിച്ചു കയറുകയാണ്. ഇന്ന് വിപണിയിൽ പായ്ക്ക് ചെയ്ത വെളിച്ചെണ്ണയ്ക്ക് കിലോഗ്രാമിന് 250 രൂപയിലേറെയാണ് വില. തേങ്ങ ഒന്നിന് 25 രൂപാ മുതൽ വിലയുണ്ട്. കിലോഗ്രാമിനു ചില്ലറ വില്പനവില 60 ലെത്തി. ഓണക്കാലത്തും മറ്റു ഉയരാറുള്ള പതിവു തെറ്റിച്ച് ക്രമാതീതമായി വില കയറുമ്പോഴും കർഷകർ ആഹ്ലാദഭരിതരല്ല. കാരണം വിലയുണ്ടെങ്കിലും വീട്ടാവശ്യം കഴിഞ്ഞ് വിൽക്കാൻ കയ്യിൽ തേങ്ങയില്ല.

> **തേങ്ങായുടേയും വെളിച്ചെണ്ണയുടേയും വില വർധിച്ച് സർവ്വകാല റിക്കോർഡിൽ എത്തി നിൽക്കുന്നു. 2014 ൽ ഉണ്ടായ വിലക്കയറ്റത്തെയും കടത്തി വെട്ടി തേങ്ങായുടേയും വെളിച്ചെണ്ണയുടേയും വില കുതിച്ചു കയറുകയാണ്.**

എന്തുകൊണ്ടാണ് ഇപ്പോൾ നാളികേര വില ഇങ്ങനെ ക്രമാതീതമായി വർദ്ധിക്കുന്നത്. തേങ്ങയുടേയും, കൊപ്രയുടേയും ക്ഷാമമാണ് വിലക്കയറ്റത്തിന്റെ കാരണമായി കച്ചവടക്കാർ

ചൂണ്ടിക്കാട്ടുന്നത്. വില ഇങ്ങനെ ഉയർന്നു നിന്നാൽ ഏറ്റവും കൂടുതൽ ബാധിക്കുന്നത് വെളിച്ചെണ്ണ അനുദിന ഭക്ഷണത്തിന്റെ ഭാഗമാക്കിയിരിക്കുന്ന കേരളീയരെയാണ്. സാധാരണക്കാരന്റെ കീശയ്ക്കു താങ്ങാനാവാത്ത ഭക്ഷ്യ എണ്ണയായി വെളിച്ചെണ്ണ മാറുകയാണോ? കൂടിയ വിലയുടെ ചുവടു പിടിച്ച് അമിത ലാഭം കൊയ്യാൻ മായം ചേർത്ത എണ്ണയും വിപണിയിൽ സുലഭമായി ഒഴുക്കുന്നുവെന്ന് പരക്കെ ആക്ഷേപമുണ്ട്. മനുഷ്യനു മാരകമായ രോഗങ്ങൾക്കു കാരണമാകുന്ന പാരഫിൻ വാക്സ്, എൻജിൻ ഓയിൽ പോലുള്ള വസ്തുക്കൾ ചേർക്കുന്നതായുള്ള വാർത്തകൾ കാരണം വെളിച്ചെണ്ണ ഉപയോഗിക്കാൻ വീട്ടമ്മമാർ ഭയക്കുന്നു. കൂടാതെ വിപണിയിൽ 80 രൂപയ്ക്ക് കിട്ടുന്ന പാമോയിലും വെളിച്ചെണ്ണയിൽ ചേർത്ത് ലാഭം കൊയ്യുന്ന കച്ചവടക്കാരുമുണ്ട്. ഇതു മൂലം തേങ്ങയും വെളിച്ചെണ്ണയും നമ്മുടെ അടുക്കളകളിൽ നിന്ന് അകലുകയാണോ? ഇതിനു പകരം മറ്റു സസ്യ എണ്ണകൾ സ്ഥാനം പിടിക്കുമോ? ഈ പ്രതിഭാസം എങ്ങനെ സംജാതമായി, എന്തുകൊണ്ട് വില ഇത്തരത്തിൽ ഉയരുന്നു, ഇത് എത്രകാലം നിലനിൽക്കും തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിശകലനമാണ് ഈ ലേഖനത്തിൽ

തേങ്ങയുടേയും വെളിച്ചെണ്ണയുടേയും വിലയിലെ അസ്ഥിരത എക്കാലത്തുമുണ്ട്. എന്നാൽ 2017 ജനുവരി മുതൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ പ്രകടമായ വർധനവ് വർഷാവസാനമായപ്പോൾ റിക്കാർഡ് നിലവാരത്തിലെത്തിയിരിക്കുന്നു. 2017 ജനുവരി മുതൽ നവംബർ വരെ രേഖപ്പെടുത്തിയ തേങ്ങായുടെയും വെളിച്ചെണ്ണയുടെയും വിപണിയിലെ ഉയർന്ന വില പട്ടിക 1 ൽ കൊടുക്കുന്നു.



വില ഉയരാൻ കാരണമായി കച്ചവടക്കാർ പറയുന്നത് തേങ്ങായും കൊപ്രയും കിട്ടാനില്ല എന്നതാണ്. നാളികേരത്തിന്റെ നാട്ടിൽ നാളികേരം ആവശ്യത്തിന് കിട്ടാനില്ല എന്ന പറയുന്നതിൽ അതിശയോക്തിയില്ലേ? സാധാരണയായി ഒരു ഉൽപന്നത്തിന് വില ക്രമാതീതമായി കൂടുന്നത് ആ ഉൽപന്നത്തിന്റെ ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം വർധിക്കുമ്പോഴാണ്. നാളികേരത്തിന്റെ ലഭ്യതയിൽ കുറവു വന്നതിനാല്ല, ആവശ്യകത കൂടിയതു തന്നെയാണ് ഈ വില ഇങ്ങനെ ഉയരാൻ പ്രധാന കാരണം. ഇങ്ങനെ പോയാൽ ഉപഭോക്താക്കൾക്ക് വെളിച്ചെണ്ണ അപ്രാപ്യമാകുമോ?

നാളികേര വികസന ബോർഡിന്റെ 2016 – 17 ലെ നാളികേരത്തിന്റെ ഉപഭോഗ കണക്കനുസരിച്ച് ഇന്ത്യയിൽ മൊത്തം ഉൽപാദിപ്പിക്കുന്ന 22238 ദശലക്ഷം നാളികേരത്തിന്റെ 30 ശതമാനം അതായത് 6678 ദശലക്ഷം നാളികേരം വെളിച്ചെണ്ണ ഉൽപാദിപ്പിക്കാനുള്ള ആട്ടു കൊപ്രയാക്കാൻ ഉപയോഗിക്കുന്നു. അതായത് 9 ലക്ഷം ടൺ കൊപ്ര 2016 – 17 സാമ്പത്തിക വർഷത്തിൽ ഉൽപാദിപ്പിച്ചിരുന്നു. 2016 ൽ കൊച്ചി മാർക്കറ്റിൽ രേഖപ്പെടുത്തിയ കൊപ്രയുടെ ശരാശരി വില കൊപ്രയുടെ വില കിലോയ്ക്ക് 60 രൂപയായിരുന്നു. ഇത് അന്താരാഷ്ട്ര വിലയ്ക്കു സമാനമായിരുന്നു. എന്നാൽ നടപ്പു വർഷത്തിൽ നവംബർ വരെ രേഖപ്പെടുത്തിയ ശരാശരി വില 93 രൂപയാണ്.

തമിഴ്നാട്ടിലും, കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും കഴിഞ്ഞ രണ്ടു മൂന്നു വർഷമായി അനുഭവപ്പെടുന്ന കൊടും വരൾച്ചയും തെങ്ങോലപ്പുഴു, വെള്ളീച്ച തുടങ്ങിയ കീടങ്ങളുടെ അതിപ്രസരവും കാരണം നാളികേരോൽപാദനം ഗണ്യമായി കുറഞ്ഞുവെന്ന് കർഷകരും വിപണി വൃത്തങ്ങളും പറയുന്നുണ്ടെങ്കിലും ഉത്പാദനത്തെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകളിൽ കുറവു കാണുന്നില്ല. നാളികേര ഉൽപാദനത്തിൽ വന്ന കുറവല്ല, മറിച്ച് നാളികേരം കൂടുതലായി മൂല്യവർദ്ധിത ഉത്പ്പന്നങ്ങളായ തൂൾ തേങ്ങ, വെർജിൻ വെളിച്ചെണ്ണ, തേങ്ങാപ്പൊടി എന്നിവയുടെ നിർമ്മാണത്തിനായി കൊണ്ടുപോകുന്നതിനാലും തേങ്ങയുടെ നിലവിലെ വില കൊപ്രയുത്പാദനം ആകർഷകമാക്കാത്തതിനാലും കൊപ്രയുടെ ലഭ്യത കേരളത്തിലും തമിഴ്നാട്ടിലും തുലോം കുറഞ്ഞു. എന്നാൽ ഈ വർഷം തെങ്ങു കൃഷി ചെയ്യുന്ന എല്ലാ സംസ്ഥാനങ്ങളിലും സാമാന്യം നല്ല മഴ ലഭിച്ചു കൊണ്ടിരിക്കുന്നതിനാൽ കൂടിയ നാളികേര ഉൽപാദനം ഉയരാൻ സാധ്യതയുണ്ട്. കൂടാതെ കേരളത്തിലെ ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ മികച്ച ഉത്പാദന സീസൺ ആയതിനാൽ തേങ്ങയുടെ ലഭ്യത കൂടുകയും നിലവിലെ വില കുറഞ്ഞ് കിലോഗ്രാമിന് 30 രൂപയെന്ന നിരക്കിലേയ്ക്കാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

നാളികേരം കൂടുതലായി മൂല്യവർദ്ധിത ഉത്പന്ന നിർമ്മിതിയിലേയ്ക്കു പോകുന്നതിനാൻ ആനുപതികമായി കൊപ്രയുത്പാദനത്തിനു വേണ്ട നാളികേരം കിട്ടാത്ത സാഹചര്യം ഇന്ന് ഉണ്ട്. ഇതാണ് വെളിച്ചെണ്ണയുടെ കുത്തനെയുള്ള ഈ വില കയറ്റത്തിനു ഒരു പ്രധാന കാരണം. മറ്റു സംസ്ഥാനങ്ങളിൽ നിന്നും പ്രത്യേകിച്ച് തമിഴ്നാട്ടിൽ നിന്നുള്ള മുൻ വർഷങ്ങളിലെ കൊപ്ര വർഷങ്ങളെ ആപേക്ഷിച്ച് തുലോം കുറവായതിനാൽ സംസ്ഥാനത്ത് കൊപ്രയുടെ ലഭ്യതയിൽ വലിയ കുറവ് നേരിടുന്നുണ്ട്. . കൂടാതെ കേരളത്തിലെ കാർഷിക കലണ്ടർ അനുസരിച്ച് ഏറ്റവും കുറവ് നാളികേരം ഉൽപാദിപ്പിക്കുന്ന മാസങ്ങളാണ് ഒക്ടോബർ, നവംബർ മാസങ്ങൾ. മൊത്തം ഒരു വർഷം ഉൽപാദിപ്പിക്കുന്ന നാളികേരത്തിന്റെ 5 – 6 ശതമാനം മാത്രമാണ് ഈ മാസങ്ങളിൽ ഉൽപാദിപ്പിക്കുന്നത്. അതിനാൽ ഈ മാസങ്ങളിൽ പൊതുവെ നാളികേരത്തിന്റെ ലഭ്യത കുറവ് അനുഭവപ്പെടാറുണ്ട്. ശബരിമല സീസൺ തുടങ്ങിയതിനാൽ , തേങ്ങയുടെയും വെളിച്ചെണ്ണയുടേയും ആവശ്യകത വർധിച്ചിരിക്കുന്നതും നാളികേരത്തിന്റെ ലഭ്യതക്കുറവു കമ്പോളത്തിൽ കൂടുതൽ പ്രകടമാക്കുന്നുണ്ട്.

വെളിച്ചെണ്ണയുടെയും, ഉണ്ടക്കൊപ്രയുടെയും, കൊപ്രായുടേയും കയറ്റുമതി വർദ്ധിച്ചതും വില ഉയരാൻ കാരണമായി എന്നാണ് കരുതുന്നത്. നാളികേരത്തിന്റെ വില ഇങ്ങനെ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ക്രമാതീതമായി ഉയർന്നു നിന്നാൽ നമ്മുടെ രാജ്യത്ത് ഉത്പാദിപ്പിക്കുന്ന വിവിധങ്ങളായ നാളികേര അധിഷ്ഠിതമായ ഉത്പന്നങ്ങളുടെ മത്സരക്ഷമത കുറയുവാനും, രാജ്യത്ത് നിന്നുള്ള ഇത്തരം ഉൽപന്നങ്ങളുടെ കയറ്റുമതി കുറയുവാനും, ആഭ്യന്തര വിപണി ഉൽപന്നങ്ങൾക്കായി ഇറക്കുമതിയെ ആശ്രയിക്കുവാനും സാദ്ധ്യതയുള്ളതിനാൽ അന്താരാഷ്ട്ര വിലയേക്കാൾ വൻ തോതിൽ ആഭ്യന്ത വില ഉയർന്നു നിൽക്കുന്നത് ദീർഘകാലാടിസ്ഥാനത്തിൽ നാളികേര മേഖലയ്ക്ക് ഗുണകരമാകില്ല.

വിവിധങ്ങളായ നാളികേരാധിഷ്ഠിത ഉത്പന്നങ്ങളുടെ നിർമ്മാണം ആഭ്യന്തരമായി വർദ്ധിച്ചതിനാലും പല ഉൽപന്നങ്ങൾക്കും രാജ്യത്തിനകത്തും പുറത്തും വൻ ഡിമാന്റ് ഉള്ള

**പട്ടിക 1: 2017 വർഷത്തിൽ കൊച്ചി വിപണിയിൽ രേഖപ്പെടുത്തിയ ശരാശരി വില കിലോഗ്രാമിൽ**

| മാസം | തേങ്ങാ *(രൂപയിൽ)* | കൊപ്രവില *(രൂപയിൽ)* | വെളിച്ചെണ്ണ *(രൂപയിൽ)* |
|---|---|---|---|
| ജനുവരി | 27.69 | 80.60 | 124.40 |
| ഫെബ്രുവരി | 33.75 | 88.27 | 138.92 |
| മാർച്ച് | 31.99 | 86.43 | 134.15 |
| ഏപ്രിൽ | 32.73 | 91.63 | 143.26 |
| മെയ് | 32.10 | 91.23 | 143.12 |
| ജൂൺ | 31.50 | 91.78 | 144.44 |
| ജൂലൈ | 31.50 | 96.17 | 148.81 |
| ആഗസ്റ്റ് | 32.79 | 105.17 | 162.58 |
| സെപ്റ്റംബർ | 38.29 | 117.41 | 180.91 |
| ഒക്ടോബർ | 41.63 | 120.42 | 185.44 |
| നവംബർ | 50.00 | 126.50 | 196.00 |



തിനാലും മുൻകാലങ്ങളിൽ പലപ്പോഴും സംഭവിച്ചതുപോലെയുള്ള വലിയ വിലയിടിവ് നാളികേരത്തിന് ഉണ്ടാവില്ലെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സ്ഥിതി വിശേഷം രാജ്യത്ത് നാളികേര കർഷകർക്ക് കൂടുതൽ പ്രതീക്ഷ നൽകുന്നുണ്ട്. നിലവിൽ നാളികേരത്തിന് ഉയർന്ന വില കമ്പോളത്തിൽ ഉണ്ടെങ്കിലും ഉൽപന്നം തുച്ഛമായതിനാൽ വിലക്കയറ്റത്തിന്റെ ഗുണഫലങ്ങൾ കർഷകർക്ക് ലഭിക്കുന്നില്ല. ഉത്പാദനം വർദ്ധിപ്പിച്ചാലും വിലയിൽ ക്രമാതീതമായ വിലയിടിവ് ഉണ്ടാകില്ലെന്നുണ്ടെങ്കിൽ കർഷകർ കൂടുതൽ ഉൽസാഹത്തോടെ ഉൽപാദന വർദ്ധനവിനുള്ള ശ്രമങ്ങളിൽ വ്യാപൃതരാകുമെന്ന് പ്രതീക്ഷിക്കുന്നു.

വെളിച്ചെണ്ണയുടെയും മറ്റ് ഉത്പ്പന്നങ്ങളുടെയും വില ഇത്രയേറെ ഉയർന്നിരിക്കുന്ന അവസ്ഥയിൽ മായം ചേർക്കൽ തടയാനുള്ള ശക്തമായ നടപടികളും സർക്കാർ സ്വീകരിക്കേണ്ടതാണ്. ഒപ്പം നാളികേരത്തിന്റെ വ്യാജ ഉത്പ്പന്നങ്ങൾക്കെതിരെ സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് കൂടുതൽ ശക്തമായ പരിശോധനകളും നടത്തുമെന്ന് പ്രത്യാശിക്കാം. കൂടാതെ വരൾച്ചയ്ക്കു വിധേയമായി ക്ഷീണിച്ചു നിൽക്കുന്ന തെങ്ങുകളിലെ നാളികേര ഉൽപാദനം പരമാവധി വർദ്ധിപ്പിക്കാനും, നാളികേര വികസന ബോർഡ് ഇപ്പോൾ നടപ്പാക്കി വരുന്ന സംയോജിത നാളികേര കൃഷി പദ്ധതി വഴി പരമാവധി നാളികേരത്തിന്റെ ലഭ്യത ഉയർത്താനും കർഷക കൂട്ടായ്മകൾ ഉണർന്നു പ്രവർത്തിക്കണം. ശാസ്ത്രീയ കൃഷി മുറകൾ അവലംബിക്കേണ്ടതും ഉൽപാദനക്ഷമത നശിച്ച തെങ്ങുകൾ മാറ്റി പകരം അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈ വയ്ക്കേണ്ടതും അത്യാവശ്യമാണ്. അതുവഴി നമ്മുടെ നിത്യ ജീവിതത്തിന്റെ ഭാഗമായ നാളികേരത്തിന്റെ ഉൽപാദനചെലവിനനുസരണമായി ന്യായവില സുസ്ഥിരമായി നിലനിർത്താൻ നമുക്ക് ഓരോരുത്തർക്കും ശ്രമിക്കാം. ■

# വിരമിച്ചു



നാളികേര വികസന ബോർഡിൽ ജീവനക്കാരനായിരുന്ന ശ്രീ. ബാലകൃഷ്ണ കുറുപ്പ് വിരമിച്ചു. 1982 ഏപ്രിൽ 1 ന് ബോർഡിൽ ചേർന്ന ബാലകൃഷ്ണ കുറുപ്പ് കൊച്ചിയിലെ ആസ്ഥാനത്ത് തന്നെ 35 വർഷത്തിലധികം സേവനം അനുഷ്ഠിച്ച ശേഷമാണ് 2017 ഒക്ടോബർ 31 ന് സർവീസിൽ നിന്നു വിരമിച്ചത്.



നാളികേര വികസന ബോർഡിൽ ജീവനക്കാരനായിരുന്ന ശ്രീ. എസ്. കെ അജിത് കുമാർ വിരമിച്ചു. 1994 സെപ്തംബർ 1 ന് ബോർഡിൽ ചേർന്ന അജിത് കുമാർ കൊച്ചിയിലെ ആസ്ഥാനം ഉൾപ്പടെ വിവിധ ഓഫീസുകളിൽ 23 വർഷത്തിലധികം സേവനം അനുഷ്ഠിച്ച ശേഷമാണ് 2017 ഒക്ടോബർ 31 ന് സർവീസിൽ നിന്നു വിരമിച്ചത്.



# ഉത്തരമലബാറിന് ഉൾപ്പുളകമായി തേജസ്വിനിക്ക് തിരി തെളിഞ്ഞു

● ആബെ ജേക്കബ്,
ഡെപ്യൂട്ടി എഡിറ്റർ, നാളികേര വികസന ബോർഡ്, കൊച്ചി -11

ഉത്തര മലബാറിലെ നാളികേര കർഷകരുടെ ദീർഘകാല സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കികൊണ്ട് ചെറുപുഴ ആസ്ഥാനമായി സ്ഥാപിച്ച തേജസ്വിനി നാളികേര ഉത്പാദക കമ്പനി നാടിനു സമർപ്പിക്കപ്പെട്ടു. 2014 ജൂൺ മാസത്തിലാണ് അന്നത്തെ സംസ്ഥാന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തേജസ്വിനിയുടെ നാളികേര സംസ്കരണ സമുച്ചയത്തിന് പെരിങ്ങോമിൽ തറക്കല്ലിട്ടത്. മൂന്നു വർഷത്തിനു ശേഷം 2017 നവംബർ 6 ന് സംസ്ഥാന കൃഷി കർഷക ക്ഷേമ മന്ത്രി അഡ്വ വിഎസ് സുനിൽകുമാർ തേജസ്വിനിയുടെ അഗ്രോ പ്രോസസിംങ് കോംപ്ലക്സിന്റെ പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ സി.കൃഷ്ണൻ എം എൽഎ അധ്യക്ഷനായിരുന്നു. ദേശീയ സംരംഭകത്വ അവാർഡിന് അർഹനായ ചെയർമാൻ സണ്ണി ജോർജ്ജിനെ ചടങ്ങിൽ മന്ത്രി പൊന്നാട അണിയിച്ച് ആദരിച്ചു.

നാളികേര ഉത്പാദന ക്ഷമതയുടെ കാര്യത്തിൽ കേരളം ഇനിയും മുന്നേറണം എന്ന് മന്ത്രി ചൂണ്ടിക്കാട്ടി. മന്ത്രിയുടെ പ്രസംഗത്തിൽ നിന്ന്: ഞാൻ ഈ കമ്പനിയേയും ഇതിന്റെ ചെയർമാനേയും മറ്റെല്ലാവരേയും അഭിനന്ദിക്കുകയാണ്. തേജസ്വിനി കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി കേരളത്തിൽ ആരംഭിച്ച ആദ്യത്തെ പ്രൊഡ്യൂസർ കമ്പനികളിലൊന്നാണ്. നിരവധി പ്രവർത്തനങ്ങളിലൂടെ ഇന്ന് കമ്പനി ഈ മേഖലയിലെ പ്രധാനപ്പെട്ട സ്ഥാപനമായി വളർന്നിരിക്കുന്നു. വളർച്ചയുടെ പാതയിലെ നാഴികക്കല്ലായ ഈ കോക്കനട്ട് പ്രോസ്സസിംഗ് പ്ലാന്റിന്റെ ഔപചാരികമായ ഉദ്ഘാടനം ഇന്ന് ഇവിടെ നിർവ്വഹിക്കപ്പെട്ടതായി ഞാൻ പ്രഖ്യാപിക്കുന്നു.

ഈ വർഷം സംസ്ഥാന ഗവൺമെന്റ് കേരവർഷമായി ആചരിക്കുകയാണ്. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക ഉൽപന്നം എന്നു പറയുന്നത് തെങ്ങും തേങ്ങയുമാണ്. നിർഭാഗ്യവശാൽ കേരളത്തിന്റെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികളിൽ ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് തെങ്ങു കൃഷി തന്നെയാണ്. നാളികേരത്തിന് നല്ല വില കിട്ടുന്ന സന്ദർഭമാണിത്. നാളികേരത്തിന് നല്ല വിലയുണ്ട് എന്നതുകൊണ്ടു മാത്രം നാളികേരകൃഷി രംഗത്തുള്ള പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെട്ടിട്ടുണ്ട് എന്നു പറയാൻ കഴിയില്ല. ഇന്ത്യയിൽ ഏറ്റവും അധികം തെങ്ങുള്ള നാട് നമ്മുടെ കേരളം തന്നെയാണ്. ഏറ്റവും അധികം നാളികേരവും നമ്മളാണ് ഉൽപാദിപ്പിക്കുന്നത്. പക്ഷേ ഉൽപാദനക്ഷമതയുടെ കാര്യത്തിൽ കേരളം തമിഴ്നാടിന്റെ പിന്നിലാണ്. സഹസ്രാബ്ദ

ങ്ങളായി തെങ്ങു കൃഷിയുമായി അടുത്ത ബന്ധമുള്ള ഈ നാട് പക്ഷെ, തെങ്ങിന്റെ കാര്യത്തിൽ എത്തേണ്ട സ്ഥലത്ത് എത്താൻ കഴിയാത്ത അവസ്ഥയിലാണ് ഇന്ന്. നമ്മളേക്കാൾ വളരെ വളരെ പിന്നിൽ നിന്നിരുന്ന പല സംസ്ഥാനങ്ങളും നമുക്കു മുന്നിലായിരിക്കുന്നു. 70 -75 വർഷം മുൻപ് നാളികേരവും നാളികേരാധിഷ്ഠിതവുമായി നിലനിന്നിരുന്ന നാളികേര വ്യവസായങ്ങളുടെ അടുത്തേക്ക് പോലും ആനുപാതികമായി ഇപ്പോൾ 70 വർഷത്തിനുശേഷം നമുക്ക് എത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. അതിനു കാരണം നാളികേരവ്യവസായ, നാളികേര മൂല്യവർദ്ധിത ഉൽപാദന രംഗങ്ങളിൽ കേരളത്തിന് കാര്യക്ഷമമായി മുന്നേറാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. നാം ഉൽപാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ 5 ശതമാനം പോലും മൂല്യ വർദ്ധിത ഉത്പ്പന്നങ്ങളാക്കാൻ നമുക്ക് സാധിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. ഇവിടെ ഈ കോംപ്ലക്സിൽ കയർ മുതൽ സൗന്ദര്യ വർദ്ധക വസ്തുക്കൾ വരെ നമ്മൾ ഉൽപാദിപ്പിക്കുന്നുണ്ട്. ഇങ്ങനെയുള്ള ഒറ്റപ്പെട്ട മാതൃകകൾ ഉണ്ടായതുകൊണ്ടു മാത്രം കേരളത്തിലെ നാളികേര മേഖല രക്ഷപ്പെടാൻ പോകുന്നില്ല.

> **ഉൽപാദനക്ഷമത നമുക്ക് വർദ്ധിപ്പിക്കാൻ കഴിയണം. അതോടൊപ്പം തന്നെ ഉൽപാദിപ്പിക്കുന്ന നാളികേരത്തിന്റെ 40 ശതമാനമെങ്കിലും മൂല്യ വർദ്ധിത മേഖലയിലേക്ക് എത്തിക്കാനും കഴിയണം.**





അതുകൊണ്ട് നമുക്ക് ആദ്യം വേണ്ടത് കേരളത്തിന്റെ നാളികേരത്തിന്റെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാൻ ആവശ്യമായിട്ടുള്ള നടപടികളാണ്. നമുക്ക് ഇപ്പോൾ ഒരു ഹെക്ടറിൽ നിന്നും 7900 മുതൽ 8000 വരെ നാളികേരം കിട്ടുന്നു എന്നാണ് ഔദ്യോഗികമായ കണക്ക്. മറ്റു പല സ്റ്റേറ്റുകളിലും 14000 വരെ കിട്ടുമ്പോൾ നമ്മൾ 9000 നടുത്ത് എത്താൻ വളരെ പ്രയാസപ്പെടുകയാണ്. ഉൽപാദനക്ഷമത നമുക്ക് വർദ്ധിപ്പിക്കാൻ കഴിയണം. അതോടൊപ്പം തന്നെ ഉൽപാദിപ്പിക്കുന്ന നാളികേരത്തിന്റെ 40 ശതമാനമെങ്കിലും മൂല്യ വർദ്ധിത മേഖലയിലേക്ക് എത്തിക്കാനും കഴിയണം. നാളികേരം എന്നു പറയുമ്പോൾ നാളികേരാധിഷ്ഠിത ഉൽപന്നങ്ങൾ, ചകിരി മുതൽ ചകിരിച്ചോറ് വരെയാണ് ഉദ്ദേശിക്കുന്നത്. തമിഴ്നാട് 500 കോടിയുടെ ചകിരിച്ചോറ് കയറ്റുമതി ചെയ്തുകൊണ്ടാണ് അവർ റെക്കോർഡ് സൃഷ്ടിച്ചിരിക്കുന്നത്. നമ്മുടെ കയർ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ടുള്ള പ്രധാന പ്രശ്നം അവർക്ക് ചകിരി കിട്ടുന്നില്ല എന്നതാണ്. കൃഷി വകുപ്പും കയർ ഡിപ്പാർട്ടുമെന്റും കൂടി സഹകരിച്ചുകൊണ്ട് ചകിരിക്ക് ആവശ്യമായ തൊണ്ട് സംഭരിക്കാൻ വിപുലമായ പരിപാടി ആവിഷ്ക്കരിക്കാൻ പോകുകയാണ്. പലതും വേണ്ടത്ര ശാസ്ത്രീയമായി ഉപയോഗിച്ചുകൊണ്ട് മൂല്യ വർദ്ധിത മേഖലയിലേക്ക് വരാൻ കഴിയാതെ പോയതുകൊണ്ട്, നാളികേരത്തിന്റെ ഉപോൽപന്നങ്ങളിലേക്ക് കടന്നു വരാൻ കഴിയാതെ പോയതുകൊണ്ട്, കേരളത്തിൽ ഉത്പ്പന്ന വൈവിധ്യവത്ക്കരണ വികസനം ഉണ്ടായില്ല എന്നുള്ളതാണ് സത്യം. ഈ സാഹചര്യത്തിലാണ് സംസ്ഥാന ഗവൺമെന്റ് ഇത്തവണ കേര വർഷമായി ആചരിക്കാൻ തീരുമാനിച്ച് 65 ഇന പരിപാടി ആവിഷ്ക്കരിക്കുന്നത്. ഇതിന്റെ ഭാഗമായി തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട് 10 വർഷം നീണ്ടു നിൽക്കുന്ന പദ്ധതിക്കാണ് രൂപം നല്കുന്നത്. കേരഗ്രാമം പോലെ ഒരു വർഷത്തേക്കു മാത്രമുള്ള പ്രൊജക്ട് നടപ്പാക്കുകയല്ല, 10 വർഷത്തേക്ക് പദ്ധതി തയ്യാറാക്കിക്കൊണ്ട് കേരളത്തിന്റെ കാർഷികമേഖലയിൽ മാറ്റം ഉണ്ടാക്കുവാൻ പോന്ന, തെങ്ങു കൃഷി മേഖലയിൽ ശാസ്ത്രീയമായ പുനസംഘടന കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. അങ്ങിനെ വരുമ്പോൾ ഇവിടെ നാളികേരത്തിന്റെ ഉൽപാദന ക്ഷമത വർദ്ധിക്കും, നാളികേരത്തിന്റെ ഉൽപാദനം വർദ്ധിക്കും. നാളികേരകൃഷിക്കാർക്ക് സുസ്ഥിരമായ വില ഉറപ്പാക്കാൻ കഴിയുന്ന ചില സംവിധാനങ്ങൾ കൂടി ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ഈ കമ്പനിയുടെ പ്രവർത്തനങ്ങൾ കേരളത്തിന്റെ നാളികേരോൽപാദന രംഗത്ത് മാതൃകാപരമായ പ്രവർത്തനമായിട്ടാണ് മാറിക്കൊണ്ടിരിക്കുന്നത്. വൈഗ പരിപാടിയിൽ പങ്കെടുത്തപ്പോൾ നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന ഒരു വടക്കേ ഇന്ത്യൻ വ്യവസായിയെ കാണുകയുണ്ടായി. ചെറുപ്പക്കാരനാണ്. അദ്ദേഹം ആദ്യമായാണ് കേരളത്തിൽ വരുന്നത്. അദ്ദേഹം തെങ്ങിൻ തോട്ടങ്ങൾ ആദ്യമായിട്ടാണ് കാണുന്നത്. പക്ഷേ അദ്ദേഹത്തിന്റെ നേതൃത്വ

ത്തിൽ വെർജിൻ കോക്കനട്ട് ഓയിൽ, മറ്റ് സൗന്ദര്യ വർദ്ധക വസ്തുക്കൾ, സോപ്പ് തുടങ്ങി 29 ഇനം ഉൽപന്നങ്ങളാണ് നിർമ്മിച്ച് ലോക വിപണിയിൽ എത്തിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ വെർജിൻ കോക്കനട്ട് ഓയിൽ മാത്രമല്ല അമേരിക്ക അടക്കമുള്ള യൂറോപ്യൻ രാജ്യങ്ങളിൽ വെർജിൻ കോക്കനട്ട് ഓയിലിന്റെ ക്യാപ്സൂൾ വരെ ദിവസവും ഔഷധമായി ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. കോക്കനട്ട് സോപ്പ് എന്നു പറയുമ്പോൾ ലോകത്ത് ഏത് സോപ്പിനോടും കിടപിടിക്കാൻ കഴിയുന്ന സോപ്പ് നമുക്ക് ഇന്ന് ഉൽപാദിപ്പിക്കാൻ കഴിയും. ഏറ്റവും മികച്ച സൗന്ദര്യ വർദ്ധക വസ്തുക്കൾ അത്, ബോഡി ലോഷനാണെങ്കിലും ഫേസ് ക്രീമാണെങ്കിലും മനുഷ്യന്റെ ശരീരത്തിന് ഏറ്റവും ഉതകുന്ന പ്രകൃതിജന്യ ഉൽപന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന സാധ്യതയാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. മാത്രവുമല്ല തേജസ്വിനി എന്നു പറയുന്ന സ്ഥാപനം ഓർഗാനിക് മേഖലയിൽ കൂടി ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അവരുടെ കീഴിലുള്ള കർഷകരെയെല്ലാം അന്താരാഷ്ട്ര നിലവാരത്തിലുള്ള ജൈവ കർഷകരായി പരിശീലിപ്പിച്ച് അവരുടെ ഉൽപന്നങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് കമ്പനി ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നത്. നാളികേരത്തിൽ നിന്നു മാത്രമല്ല, സ്പൈസസും മറ്റു പല കാർഷികോൽപന്നങ്ങളേയും അടിസ്ഥാനപ്പെടുത്തിയുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കിക്കൊണ്ട് അവർ രംഗത്ത് വന്നിരിക്കുകയാണ്. തീർച്ചയായും കാർഷിക ഉൽപന്നങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ഇൻഡസ്ട്രി വികസിക്കുമ്പോൾ അവിടെ അവർ സംരംഭകരായി മാറുന്നു എന്നുള്ളതാണ്. സംസ്ഥാന സർക്കാർ ഇപ്പോൾ ആരംഭിക്കുന്ന അഗ്രോ പാർക്കുകൾ മികച്ച സൗകര്യത്തോടുകൂടിയ പാർക്കുകളാണ്. അതിന്റെ രൂപ ഘടന തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ ഇവിടെ അഗ്രോ പാർക്കുകളെല്ലാം സ്ഥാപിക്കപ്പെടും. ഇവിടെ മൂലധനം മുടക്കുന്ന എല്ലാ വ്യവസായികളുടെ താത്പര്യങ്ങൾക്ക് ഉപരിയായി കർഷകന്റെ താത്പര്യത്തിന് മുൻതൂക്കം കൊടുക്കുന്ന വ്യവസായമാണ് വളർന്നു വരേണ്ടത്. ഇവിടെ നാളികേരാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ വ്യവസായി ആദ്യം ആലോചിക്കുന്ന കാര്യം നാളികേരം എത്ര വില കുറച്ച് എവിടെ കിട്ടും എന്നുള്ളതാണ്. ഇതിനേക്കാൾ വില കുറച്ച് തമിഴ്നാട്ടിൽ നിന്നു കിട്ടുന്നുണ്ടെങ്കിൽ തമിഴ്നാട്ടിലെ കർഷകരിൽ നിന്ന് നാളികേരം വാങ്ങി പ്രോസ്സസ് ചെയ്തു വിൽപന നടത്തും. കേരളത്തിലെ കർഷകന് ഒന്നും കിട്ടില്ല. അതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. അതുകൊണ്ട് കേരളത്തിൽ ആരംഭിക്കുന്ന കാർഷികാധിഷ്ഠിത വ്യവസായങ്ങളെ, കൃഷി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ആരംഭിക്കുന്ന എല്ലാ വ്യവസായങ്ങളും അതിന്റെ ലാഭവിഹിതം അത് കൃഷിക്കാരനുകൂടി ലഭ്യമാകത്തക്ക വിധത്തിലുള്ള നയമാണ്



സംസ്ഥാന ഗവൺമെന്റ് കാർഷികാധിഷ്ഠിത വ്യവസായ രംഗത്ത് ഇപ്പോൾ നടപ്പാക്കാൻ വേണ്ടി ഉദ്ദേശിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലും അഗ്രോ പാർക്കുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണെന്ന കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ആ ദിശയിൽ നേരത്തേ തന്നെ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന തേജസ്വിനിക്ക് എല്ലാവിധ സഹായങ്ങളും പിൻതുണയും ഉണ്ടാകുമെന്ന് അറിയിച്ചുകൊണ്ട് ഇതിന്റെ ഔദ്യോഗികമായ ഉൽഘാടനം നിർവ്വഹിക്കുന്നു.

നാളികേര വികസന ബോർഡ് അംഗം പിആർ മുരളീധരൻ ഓയിൽ പ്ലാന്റിന്റെ ഉദ്ഘാടനം നിർവഹിക്കുകയും കമ്പനിയിലേയ്ക്കുള്ള യന്ത്രങ്ങളും മറ്റും നിർമ്മിച്ചു നല്കിയ അനന്ത് ഡ്രയേഴ്സ് പാർട്നർ അന്തകൃഷ്ണനെ ആദരിക്കുകയും ചെയ്തു. എന്തിനും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിന് തേജസ്വിനിയെ പോലെ ഏതാനും കമ്പനികൾ ഉണ്ടെങ്കിൽ എല്ലാ കാര്യത്തിലും സ്വയം പര്യാപ്തരാകാൻ സാധിക്കുമെന്ന് മുരളീധരൻ ചൂണ്ടിക്കാട്ടി. വെളിച്ചെണ്ണയുടെ സിദ്ധി മലയാളികളുടെ പുതിയ തലമുറ തിരിച്ചറിയേണ്ടിയിരിക്കുന്നു. ഈ സംസ്ഥാനത്ത് ഗുണമേന്മയുള്ള വെളിച്ചെണ്ണ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിൽ 34 കൊപ്ര ഡ്രയറുകൾക്ക് നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്. പക്ഷെ അതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു വെളിച്ചെണ്ണ ഉത്പാദനത്തിൽ നാം എവിടെ നില്ക്കുന്നു എന്ന് പരിശോധിക്കേണ്ടതാണ്. ലിക്വിഡ് പാരഫിനും ഫിൽറ്റർ ചെയ്ത എൻജിൻ ഓയിലും കലർത്തി മായം ചേർത്ത വെളിച്ചെണ്ണയാണ് ഇന്നു നമുക്കു വിപണികളിൽ ലഭിക്കുന്നത്. കൃഷിക്കാരുടെ കമ്പനികൾ വെളിച്ചെണ്ണ ഉത്പാദിപ്പിക്കണം. മലയാളികൾ അതു വാങ്ങി ഉപയോഗിക്കുന്ന ശീലം പ്രോത്സാഹിപ്പിക്കണം. അല്ലെങ്കിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ മലയാളികളെ പിടികൂടും – മുരളീധരൻ മുന്നറിയിപ്പു നല്കി.







# ദേശീയ സംരംഭകത്വ അവാർഡ് തേജസ്വിനി ഏറ്റുവാങ്ങി




നൈപുണ്യവികസന, സംരംഭകത്വ മന്ത്രാലയത്തിന്റെ ഈ വർഷത്തെ ദേശീയ സംരംഭകത്വ അവാർഡ് കണ്ണൂർ ജില്ലയിലുള്ള ചെറുപുഴയിലെ തേജസ്വിനി നാളികേര ഉത്പാദക കമ്പനി അധികൃതർ ഏറ്റുവാങ്ങി. കമ്പനി ചെയർമാൻ ശ്രീ. സണ്ണി ജോർജ്ജ്, സിഇഒ ശ്രീ. ഷൈബി സക്കറിയ എന്നിവർ ചേർന്ന് കേന്ദ്ര ധനമന്ത്രി ശ്രീ. അരുൺ ജെയ്റ്റ്ലിയിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി.

കാർഷിക മേഖലയിലെ അടിസ്ഥാന സംരംഭക വിഭാഗത്തിലാണ് 5 ലക്ഷം രൂപയും, പ്രശസ്തിപത്രവും, ഫലകവുമടങ്ങുന്ന ഈ പുരസ്ക്കാരം.ന്യൂഡൽഹിയിലെ എൻഡിഎംസി കൺവെൻഷൻ സെന്ററിൽ നവംബർ 9-ന് നടന്ന ചടങ്ങിൽ കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക വകുപ്പ് മന്ത്രി ശ്രീ. ധർമേന്ദ്ര പ്രധാൻ, ജപ്പാൻ അംബാസിഡർ ശ്രീ. കെഞ്ചി ഹിരമാറ്റ്സു, എംഎസ്ഡിഇ സെക്രട്ടറി ഡോ. കെ. പി. കൃഷ്ണൻ, ഐസിഐസിഐ എംഡി, സിഇഒ ശ്രീ. ചന്ദാ കൊച്ചാർ തുടങ്ങിയവർ പങ്കെടുത്തു. രാജ്യത്തെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 2016-ൽ ഏർപ്പെടുത്തിയതാണ് ദേശീയ സംരംഭകത്വ അവാർഡ്. 2880 അപേക്ഷകരിൽ നിന്നും 45 പേരുടെ ചുരുക്ക പട്ടിക തയ്യാറാക്കി അതിൽ നിന്നും വിവിധ വിഭാഗങ്ങളിലായി 15 പേരെയാണ് പുരസ്ക്കാരത്തിന് തെരഞ്ഞെടുത്തത്.

മൂന്ന് വർഷത്തിലധികം പ്രവർത്തന പരിചയമുള്ളതും, മൂലധനത്തിന്റെ 25 ശതമാനം വരെ സബ്സിഡി ആയി ലഭിച്ചിട്ടുള്ളതുമായ കമ്പനികളെയാണ് അവാർഡിനായി പരിഗണിച്ചത്. സാധാരണക്കാരായ കേര കർഷകരെ ഉത്പാദക സംഘങ്ങളിലൂടെ സംഘടിപ്പിച്ചും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പുതിയ വിപണികൾ കണ്ടെത്തിയും ആധുനിക ബിസിനസ്സ് രീതികളിലൂടെ ശാക്തീകരിച്ചിട്ടുള്ള വികസന മാതൃകയാണ് തേജസ്വിനിയുടേത്. നാളികേര മേഖലയിലെ നിസ്വാർത്ഥ പ്രവർത്തനങ്ങളും, തെങ്ങിന്റെ ചങ്ങാതിക്കൂട്ടം, നീര ടെക്നീഷ്യൻ ട്രെയിനിംഗ് തുടങ്ങിയ നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിലുള്ള പ്രാവിണ്യവുമാണ് കമ്പനിയെ ദേശീയ അവാർഡിന് അർഹമാക്കിയത്.

നാളികേര വികസന ബോർഡിനു കീഴിൽ 2013 ജൂൺ 3-ന് നിലവിൽ വന്ന തേജസ്വിനിക്കു കീഴിൽ ഗ്രാമീണ തലത്തിൽ 272 നാളികേര ഉത്പാദക സംഘങ്ങളും, 15 നാളികേര ഉത്പാദക ഫെഡറേഷനുകളും പ്രവർത്തിക്കുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുപ്പതിനായിരത്തിലധികം കേര കർഷകരാണ് അംഗങ്ങൾ.

നബാർഡ് ചീഫ് ജനറൽ മാനേജർ ആർ സുന്ദർ മുഖ്യാതിഥി ആയിരുന്നു. നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെഎസ് സെബാസ്റ്റ്യൻ പ്രഭാഷണം നടത്തി. തേജസ്വിനി കമ്പനിയുടെ അംഗീകൃത മൂലധനം 4.5 കോടിയാണ്. എന്നാൽ ഇനിയും 1.75 കോടി മാത്രമാണ് കമ്പനി സംഭരിച്ചിരിക്കുന്നത്. കമ്പനിയിൽ 3000 അംഗങ്ങളുണ്ട് അവർ ആനുപാതികമായി ഓഹരി എടുത്ത് മൂലധനം വർധിപ്പിക്കണം. സെബാസ്റ്റ്യൻ വ്യക്തമാക്കി. ഒരോ അംഗവും 10000 രൂപയുടെയെങ്കിലും ഓഹരി എടുക്കണം. വലിയ സ്വപ്നങ്ങൾ നമുക്കു മുന്നിലുണ്ട്. അതു യാഥാർത്ഥ്യമാക്കണമെങ്കിൽ അതിനുള്ള സംവിധാനം നമുക്കുണ്ടാവണം. ഭാവിയിൽ ഈ വികസന മാതൃകയെ ചൂണ്ടിക്കാട്ടി ലോകം തേജസ്വിനി മോഡൽ എന്ന് പറയണം. അങ്ങനെ പറയിപ്പിക്കണം. സെബാസ്റ്റ്യൻ ആശംസിച്ചു. ക്ഷീര മേഖലയിലെ ആനന്ദ് മാതൃക പോലെ. ഓർത്താൽ എത്രയും പെട്ടെന്നു കേടാകുന്ന വസ്തുവാണ് പാൽ. ഇന്നോളം പാലിന് വില കുറയുന്നില്ല. പക്ഷെ കാർഷിക മേഖലയിൽ എല്ലാ ഉത്പ്പന്നങ്ങൾക്കും വില ഇടിയുകയാണ്. ഈ സ്ഥിതി മാറണമെങ്കിൽ കർഷകന്റെ വികാരം ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന തേജസ്വിനി പോലുള്ള കമ്പനികൾ ഉണ്ടാകണം. അദ്ദേഹം തുടർന്നു. തൊഴിലുപകരണങ്ങളുടെ വിതരണോദ്ഘാടനം നിർവഹിച്ചുകൊണ്ട് നാളികേര വികസന ബോർഡ് പബ്ലിസിറ്റി ഓഫീസർ മിനി മാത്യു സംസാരിച്ചു. നബാർഡ് എ.ജി.എം എസ് എസ് നാഗേഷ് കൊപ്ര ഡ്രയറിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു, പിപി ദിവ്യ, സി സത്യപാലൻ, ടി ലത, പി നളിനി, ഓമന തുടങ്ങിയവർ പ്രസംഗിച്ചു. തജസ്വിനി കമ്പനി വൈസ് പ്രസിഡന്റ് ജോസ് പറയരുകുഴി സ്വാഗതവും മാനേജിംങ് ഡയറക്ടർ സിയു തോമസ് നന്ദിയും പറഞ്ഞു.




തേജസ്വിനിയുടെ വിവിധ മൂല്യ വർധിത ഉത്പ്പന്നങ്ങളുടെ വില്പന ശാലയും സമ്മേളന നഗരിക്കു സമീപം പ്രവർത്തിച്ചിരുന്നു. ■

# ആരോഗ്യ എക്സ്പോയിലും അന്താരാഷ്ട്ര സെമിനാറിലും നാളികേര വികസന ബോർഡ് പങ്കെടുത്തു

പാലാ സെന്റ് തോമസ് കോളേജിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ആരോഗ്യ എക്സ്പോയിലും രാജ്യാന്തര കോൺഫറൻസിലും നാളികേര വികസന ബോർഡ് പങ്കെടുത്തു. സെപ്റ്റംബർ 18,19 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിപാടി അവിനാശലിംഗം സർവ്വകലാശാല ചാൻസിലറും കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസി തലവനുമായ പത്മശ്രീ. ഡോ. പി.ആർ. കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. നിത്യജീവിതത്തിൽ വെളിച്ചെണ്ണയുടെ ഗുണങ്ങളും, വിവിധ രോഗങ്ങൾക്ക് വെളിച്ചെണ്ണ എപ്രകാരം ഗുണപ്രദമാകുമെന്നതിനെ കുറിച്ചും ഡോ. കൃഷ്ണകുമാർ വിവരിച്ചു.

വെർജിൻ വെളിച്ചെണ്ണയുടെ ഗുണങ്ങളും ഔഷധ സസ്യത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ ഗവേഷണ വിവരങ്ങളും പ്ലീനറി പ്രഭാഷകനായ ബംഗളൂരിലെ സമി ലാബിന്റെ മാനേജിംഗ് ഡയറക്ടർ ഡോ.മുഹമ്മദ് മജീദ് വിശദമായി പ്രതിപാദിച്ചു. 85% മുതൽ 90% വരെ പൂരിത കൊഴുപ്പടങ്ങിയിട്ടുള്ളതാണ് വെളിച്ചെണ്ണ. ഇതിൽ തന്നെ 62% മദ്ധ്യശൃംഖല പൂരിത കൊഴുപ്പമ്ലങ്ങളാണ്. ഈ പൂരിത കൊഴുപ്പ് ശരീരത്തിന് തീർത്തും ഗുണകരമാണ്. പാൽക്കട്ടിയിലും മാംസത്തിലും ദീർഘശൃഖല കൊഴുപ്പമ്ലങ്ങളാണ് അടങ്ങിയിരിക്കുന്നത് അതേസമയം വെളിച്ചെണ്ണയിലെ മദ്ധ്യശൃംഖല പൂരിത കൊഴുപ്പമ്ലങ്ങളിൽ അടങ്ങിയിരിക്കുന്ന നല്ല കൊളസ്ട്രോൾ രക്ത ചംക്രമണത്തിലേക്ക് കടക്കാതെ ദഹനേന്ദ്രീയത്തിൽ നിന്നും നേരിട്ട് കരളിലേയ്ക്ക് പോവുകയും കീറ്റോൺസ് ആയി മാറി ശരീരത്തിന് ഉർജ്ജം നൽകുകയും ചെയ്യുന്നു. മറവിരോഗം, അപസ്മാരം, ഹൃദയത്തിന്റെയും രക്തധമനികളുടേയും സംരംക്ഷണം, മൂത്രനാളിയിലുണ്ടാകുന്ന അണുബാധയെ ചെറുക്കുക, വൃക്ക, കരൾ സംരംക്ഷണം, പ്രതിരോധ ശേഷി വർധിപ്പിക്കുക, ദഹനപ്രക്രിയ എളുപ്പമാക്കുക, ചർമത്തെ സംരംക്ഷിക്കുക, ശരീരഭാരം ക്രമീകരിക്കുക തുടങ്ങിയ നിരവധി ഗുണങ്ങൾ വെളിച്ചെണ്ണയിലുണ്ട്. നാളികേരത്തിന്റെ കാമ്പിൽ നിന്നും രാസപ്രക്രിയ ഒഴിവാക്കി പിഴിഞ്ഞെടുക്കുന്ന അസംസ്കൃത എണ്ണയാണ് വെർജിൻ വെളിച്ചെണ്ണ. വർഷങ്ങളോളം കേടുകൂടാതെ വെർജിൻ വെളിച്ചെണ്ണ സൂക്ഷിക്കാൻ കഴിയും. പാചക എണ്ണ എന്നതിലുപരി വെളിച്ചെണ്ണയ്ക്ക് ഒട്ടേറെ





ഗുണങ്ങൾ ഉണ്ടെന്ന് അറിഞ്ഞതിനാൽ പാശ്ചാത്യ രാജ്യങ്ങളും വെളിച്ചെണ്ണയുടെ ഉപയോഗത്തെ കുറിച്ച് ഏറെ ബോധവാന്മാരാണെന്ന് അദ്ദേഹം പറഞ്ഞു. വെളിച്ചെണ്ണയെ ആധാരമക്കി നിരവധി ഔഷധങ്ങളും, സൗന്ദര്യവർധക വസ്തുക്കളും സമി ലാബ്സ് വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നുണ്ട്.

നാളികേരവും, വെളിച്ചെണ്ണയും ശരീരത്തിന് ബലം വർദ്ധിപ്പിക്കുന്നതിന് ഉത്തമമെന്നും, ത്വക്ക് രോഗവും ഉദര രോഗവും വെർജിൻ വെളിച്ചെണ്ണ തടയുമെന്നതിനെ കുറിച്ച് സിംബയോ ഫാർമയിലെ സീനിയർ സയന്റിസ്റ്റ് ഡോ.ഡി.സുരേഷ് കുമാർ പ്രബന്ധം അവതരിപ്പിച്ചു. നാളികേരത്തിന്റെയും നാളികേരാധിഷ്ഠിത ഉത്പ്പന്നങ്ങളുടേയും പോഷക ഗുണങ്ങളെ കുറിച്ച് നാളികേര വികസന ബോർഡ് പ്രോസസ്സിംഗ് എൻജിനിയർ ശ്രീ. ശ്രീകുമാർ പൊതുവാൾ വിശദീകരിച്ചു. നീരയുടെ ഉപയോഗത്തെ കുറിച്ചുള്ള വിവരങ്ങൾ ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ശാസ്ത്രജ്ഞ ഡോ.എസ്. സന്ധ്യ അവതരിപ്പിച്ചു. വൃക്ക, കരൾ സംരക്ഷണത്തിന് നീര ഉത്തമമെന്ന് അവതരണത്തിൽ പ്രതിപാദിച്ചു. ആന്റിബയോട്ടിക്കുകളുടെ അമിതമായ ഉപയോഗം വൃക്കയെ തകരാറിലാക്കുന്നു. എന്നാൽ ഈ പ്രശ്നത്തിന് ഒരു മറുമരുന്നായി മാറുകയാണ് നീര. പാലാ സെന്റ് തോമസ് കോളേജ് ബയോകെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. എം. രതീഷിന്റെയും ബാംഗ്ലൂർ ഇന്ത്യൻ ഇസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഗവേഷക ഡോ. എസ്. സന്ധ്യ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ വിളർച്ച, ക്ഷയം, മൂലക്കുരു, ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ, വൃക്ക രോഗങ്ങൾ എന്നിവയെ നീര ചെറുക്കുന്നതായി കണ്ടെത്തി. ■

*തയ്യാറാക്കിയത് : മിനി മാത്യൂ,*
*പബ്ലിസിറ്റി ഓഫീസർ, നാളികേര വികസന ബോർഡ്.*

# സംയോജിത കേര വികസന പദ്ധതി – കർഷകർ ഇനി എന്തു ചെയ്യണം

● വിൻസി വർഗ്ഗീസ്
ടെക്നിക്കൽ ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി -11

നാളികേര മേഖലയിൽ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനും നാളികേര ഉത്പാദനവും ഉത്പാദന ക്ഷമതയും ഉയർത്തുന്നതിനുമായി നാളികേര വികസന ബോർഡ് സംയോജിത കേര വികസനം എന്ന ബൃഹത് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടിയാണ് പ്രദർശന തോട്ടനിർമ്മാണം അഥവാ എൽ.ഒ.ഡി.പി. പദ്ധതി. ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട നാളികേര ഉത്പാദക ഫെഡറേഷനുകൾ, സിപിഎസുകൾ വഴി കൃഷിക്കാരുടെ പൂർണ്ണ സഹകരണത്തോടെയാണ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുന്നത്. നിലവിലുള്ള തോട്ടങ്ങൾ പ്രദർശന തോട്ടങ്ങളാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഇതിന് ആവശ്യമായ വളം, കീടനാശിനികൾ, നടീൽ വസ്തുക്കൾ തുടങ്ങിയവ നാളികേര വികസന ബോർഡിൽ നിന്ന് ലഭ്യമാക്കുന്നുണ്ട്. ഇതു സംബന്ധിച്ച് കൃഷിക്കാരെ ബോധവത്ക്കരിക്കാനുള്ള ശില്പശാലകൾ എല്ലാ ജില്ലകളിലും നടത്തി കഴിഞ്ഞു.

പ്രദർശന തോട്ടം നിർമ്മാണം (എൽഒഡിപി – ലെയിംങ് ഔട്ട് ഓഫ് ഡമോൺസ്ട്രേഷൻ പ്ലോട്ട്) പദ്ധതിയിൽ തെങ്ങ് ഒന്നിന് 200 രൂപയുടെ ആനുകൂല്യങ്ങൾ അഥവാ ഒരു ഹെക്ടർ തെങ്ങിൻ തോട്ടത്തിന് ( പരമാവധി 175 തെങ്ങ്) 35000 രൂപയുടെ ആനുകൂല്യങ്ങൾ രണ്ടു വർഷം കൊണ്ട് ലഭിക്കും. ഈ തുക ഫലപ്രദമായി വിനിയോഗിച്ചാൽ ഏതു കൃഷിക്കാരനും ഒരു മാതൃകാ തെങ്ങിൻ തോട്ടം നിർമ്മിക്കാം.

> **പ്രദർശന തോട്ടം നിർമ്മാണം പദ്ധതയിൽ തെങ്ങ് ഒന്നിന് 200 രൂപയുടെ ആനുകൂല്യങ്ങൾ അഥവാ ഒരു ഹെക്ടർ തെങ്ങിൻ തോട്ടത്തിന് 35000 രൂപയുടെ ആനുകൂല്യങ്ങൾ രണ്ടു വർഷം കൊണ്ട് ലഭിക്കും.**

പ്രധാനമായും 5 ഘടകങ്ങളായാണ് എൽഒഡിപി സ്കീം നടപ്പിലാക്കുന്നത്. ഓരോ ഘടകങ്ങളും എന്തിന് എങ്ങനെ എന്നു പരിശോധിക്കാം.

### ഘടകം 1 – സംയോജിത വളപ്രയോഗം

ശാസ്ത്രീയമായ വളപ്രയോഗത്തിലൂടെ മണ്ണിന്റെ ആരോഗ്യം വർദ്ധിപ്പിക്കുക എന്നതാണ് ഇതുവഴി ലക്ഷ്യമാക്കുക. കേരളത്തിലെ നാളികേര മേഖലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ പ്രശ്നങ്ങളിൽ ഒന്നാണ് ആരോഗ്യം നഷ്ടപ്പെട്ട മണ്ണ്. ഇതു പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കണം.

***കുമ്മായം ചേർക്കൽ:*** അമിത പുളിരസമുള്ള മണ്ണിൽ വളരുന്ന തെങ്ങുകൾക്ക് വളം നല്കുന്നതിന് രണ്ടാഴ്ച മുമ്പേ തെങ്ങ് ഒന്നിന് ഒരു കിലോ കുമ്മായം എന്ന തോതിൽ തടങ്ങളിൽ വിതറി കൊടുക്കണം. മണ്ണിന്റെ അമ്ലത ലഘൂകരിക്കുന്നതിനും ക്ഷാര – അമ്ല അനുപാതം (പിഎച്ച്) സമതുലിതമാക്കാനുമാണ് ഇതു ചെയ്യുന്നത്. മണ്ണിന്റെ ക്ഷാര അമ്ല അനുപാതം തുല്യമായാൽ മാത്രമെ നല്കുന്ന പോഷക മൂലകങ്ങൾ തെങ്ങിന് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

***മഗ്നീഷ്യം സൾഫേറ്റ്:*** മഗ്നീഷ്യത്തിന്റെ അഭാവം മൂലം തെങ്ങുകളുടെ അടിയോലകൾ മഞ്ഞളിക്കുകയും, ഓലകളുടെ അഗ്രം കരിയുകയും ചെയ്യുന്നു. മഞ്ഞളിപ്പ് ആരംഭിക്കുന്നത് ഓലകളുടെ അഗ്രത്തു നിന്നാണ്. ഇങ്ങനെയുള്ള തെങ്ങുകൾക്ക് തെങ്ങൊന്നിന് 500 ഗ്രാം എന്ന കണക്കിൽ മഗ്നീഷ്യം സൾഫേറ്റ് മണ്ണിൽ ചേർത്ത് കൊടുക്കണം.



***ജൈവവളപ്രയോഗം:*** ഈ പദ്ധതിയിൽ മീൻ വളമാണ് (Nutrifish) ജൈവവളമായി നൽകുന്നത്. ന്യൂട്രിഫിഷിൽ അഴുകി പൊടിഞ്ഞ മത്സ്യ അവശിഷ്ടങ്ങൾ, വേപ്പിൻ പിണ്ണാക്ക്, കോഴിവളം, സൂപ്പർ ആഷ് എന്നിവ അടങ്ങിയിരിക്കുന്നു. ഇതു

മണ്ണിൽ ചേർത്തു കൊടുക്കുന്നതു വഴി മണ്ണിന്റെ ആരോഗ്യം വളരെയധികം മെച്ചപ്പെടുന്നു.

***രാസവളം പ്രയോഗം:*** ഫലം നല്കി തുടങ്ങിയ തെങ്ങൊന്നിന് വർഷത്തിൽ 500 ഗ്രാം പാകൃജനകം (N) 320 ഗ്രാം ഭാവഹം ($P_2O_5$) 1200 ഗ്രാം ക്ഷാരം ($K_2O$) എന്ന അളവിൽ പോഷക മൂല്യം ലഭിക്കത്തക്ക വിധം വളങ്ങൾ നൽകേണ്ടതുണ്ട്. ഈ അളവിൽ പോഷകം ലഭിക്കുന്നതിനായി തെങ്ങ് ഒന്നിന് ഒരു കിലോഗ്രാം യൂറിയ, 1.5 കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ്, 2 കിലോ മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവയാണ് നൽകുന്നത്. രാസവളത്തിൽ അടങ്ങിയിരിക്കുന്ന പോഷകത്തിന്റെ തോത് യൂറിയ - 46% N; റോക്ക് ഫോസ്ഫേറ്റ് - 18% $P_2O_5$; മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് - 60% $K_2O$ എന്നീ പ്രകാരമാണ്.










***വളം നല്കുന്ന രീതി:*** വളം നല്കുന്നതിനു മുമ്പായി തെങ്ങിന്റെ ചുവട്ടിൽ രണ്ടു മീറ്റർ വീതിയും 25 സെ.മീ ആഴവുമുള്ള വൃത്താകാരത്തിലുള്ള തടങ്ങൾ എടുക്കണം. ഒരു കിലോ കുമ്മായം വീതം തടത്തിൽ വിതറി രണ്ടാഴ്ച കഴിഞ്ഞ ശേഷം വളപ്രയോഗം നടത്തുന്നതാണ് ഉത്തമം.



ഈ വളം രണ്ട് തവണകളായിട്ടാണ് നൽകേണ്ടത്. കാലവർഷത്തിന് മുൻപുള്ള പുതുമഴ ലഭിച്ച ശേഷം മെയ് - ജൂൺ മാസങ്ങളിൽ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള മൊത്തം രാസവളത്തിന്റെ മൂന്നിലൊരു ഭാഗം തെങ്ങിന് ചുറ്റും ചുവട്ടിൽ നിന്ന് 1.8 മീറ്റർ വീതിയിൽ വിതറി മണ്ണുമായി കൂട്ടി ചേർക്കണം. അവശേഷിക്കുന്ന മൂന്നിൽ രണ്ടു ഭാഗം ആഗസ്റ്റ്, സെപ്തംബർ മാസത്തിൽ തുലാവർഷത്തിനു മുമ്പായും തെങ്ങിൻ തടത്തിൽ മേൽ പറഞ്ഞതുപോലെ നല്കണം. ഇതു കൂടാതെ തെങ്ങൊന്നിന് 50 കിലോഗ്രാം വീതം പച്ചിലവളമോ കമ്പോസ്റ്റോ തടത്തിനുള്ളിൽ വിതറണം.

## ഘടകം 2 : പച്ചിലവളപ്രയോഗം

കാലവർഷാരംഭത്തോടെ 100 ഗ്രാം പയർ വിത്ത് വീതം ഓരോ തെങ്ങിൻ തടങ്ങളിലും വിതയ്ക്കുക. ഏതാണ്ട് നാലര മാസങ്ങൾക്കുശേഷം പയർ ചെടികൾ പുഷ്പിക്കാനാരംഭിക്കുന്നതോടെ അവയെ പിഴുതെടുത്ത് തടത്തിൽ തന്നെ ചേർത്ത് തടം വെട്ടി മൂടുക. ഒരു തടത്തിൽ ഇപ്രകാരം പയർ ചെടികൾ വളർത്തി പിഴുതിടുക വഴി ഏതാണ്ട് 15 - 25 കി.ഗ്രാം വരെ പച്ചില വളവും അതിലൂടെ സസ്യ പോഷകമൂലകമായ 100 - 200 ഗ്രാം പാകൃജനകവും തെങ്ങിനു ലഭിക്കുന്നു.

## ഘടകം 3 : ഇടവിള കൃഷി വ്യാപനം

കർഷകരുടെ ആവശ്യാനുസരണം ഓരോ നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും സംഘങ്ങൾക്കും അതതു പ്രദേശത്തിനു യോജിച്ച വാഴ, ചേന, ഇഞ്ചി, മഞ്ഞൾ എന്നീ ഹ്രസ്വ കാല ഇടവിളകളാണ് ഈ പദ്ധതിയിൽ നൽകുന്നത്. ഇടവിള കൃഷിക്ക് സാദ്ധ്യത ഇല്ലാത്ത പ്രദേശങ്ങളിൽ അടിത്തൈ വയ്ക്കുന്നതിനായി ഗുണമേന്മയുള്ള തെങ്ങിൻ തൈ വാങ്ങുന്നതിനുള്ള വ്യവസ്ഥയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തെങ്ങുകൾ നടുമ്പോൾ അവ തമ്മിൽ 7.5 മീറ്ററാണ് ശുപാർശ ചെയ്തിട്ടുള്ള അകലം. അതായത് ഒരു ഹെക്ടറിൽ 175 തെങ്ങുകൾ. തെങ്ങുകളുടെ ഇടയിലുള്ള സ്ഥലം ഇടവിളകൃഷിക്കായി ഉപയോഗിക്കാം. ഇടവിള കൃഷി ചെയ്യുമ്പോൾ ജല ലഭ്യത ഉറപ്പു വരുത്തണം. തെങ്ങിൻ തോപ്പിൽ ഇടവിളകൃഷി ചെയ്യുന്നതുവഴി കർഷകന്റെ വരുമാനം ഇരട്ടിപ്പിക്കാവുന്നതാണ്.

### *ഇടവിളകൾ നടുന്ന വിധം*

***ചേന :*** 1 കിലോഗ്രാം ഭാരമുള്ള വിത്തു ചേനയുടെ കഷ്ണമാണ് നടുന്നതിനായി ഉപയോഗിക്കേണ്ടത്. വിത്തു ചേന ചാണക വെള്ളത്തിൽ മുക്കി തണലിൽ ഉണക്കിയതിനു ശേഷം നടുക. 60 സെ.മീ x 60 സെമീ x 45 സെമീ. അളവിലുള്ള കുഴി എടുത്ത്, 2-2.5 കി.ഗ്രാം ചാണകം, മേൽ മണ്ണ് എന്നിവ ചേർത്താണ് ചേന നടേണ്ടത്. രണ്ടു കുഴികൾ തമ്മിൽ 90 സെ.മീ അകലം വേണം.

***മഞ്ഞൾ :*** 3 മീ x 1.2 മീ അളവിൽ തടം എടുത്തു വേണം മഞ്ഞൾ നടുവാൻ, രണ്ടു തടങ്ങൾ തമ്മിൽ 40 സെ.മീ അകലം വേണം, തടത്തിൽ ചെറിയ കുഴികൾ എടുത്ത് 25സെമീ. x 25സെ.മീ അകലത്തിൽ വേണം മഞ്ഞൾ വിത്തുകൾ നടുവാൻ. നടുന്നതിനു മുമ്പേ കോപ്പർ ഓക്സി ക്ലോറൈഡ് അടങ്ങിയ കുമിൾ നാശിനിയിൽ വിത്തുകൾ മുക്കി ഉണക്കേണ്ടതാണ്. ചാണക പൊടിയും മേൽമണ്ണും ഇട്ട് കുഴി മൂടുക. ചാരവും നല്ലതാണ്.

***ഇഞ്ചി :*** 15 ഗ്രാം ഭാരമുള്ള ഇഞ്ചിവിത്താണ് നടേണ്ടത്. 1 മീ. വീതിയും, 25 സെ.മീ ഉയരവും ഉചിതമായ നീളത്തിലും തടമെടുക്കുക. തടങ്ങൾ തമ്മിൽ 40 സെമീ. അകലം വേണം. തടത്തിൽ 20 സെ.മീ. x 20 സെ.മീ അകലത്തിൽ ചെറിയ കുഴിയിൽ 4.5 സെ.മീ ആഴത്തിൽ വേണം വിത്തിഞ്ചി നടുവാൻ. മുള മുകളിലേക്ക് വച്ച് വേണം കുഴികളിൽ ഇഞ്ചി നടുവാൻ.

***വാഴ :*** തെങ്ങു തോട്ടത്തിൽ ഇടവിളയായി എൽ.ഒ,.ഡി.പി. പ്രോത്സാഹിപ്പിക്കുന്ന പ്രധാന വിളയാണ് വാഴ. 3 - 4 മാസം പ്രായമുള്ളതും മാണഭാഗം 25 - 45 സെ.മീ. ചുറ്റളവുള്ളതും





രോഗ കീടബാധ ഇല്ലാത്തതുമായ ഇടത്തരം കന്നുകൾ വേണം നടാൻ. കന്നുകൾ ചാണകം, ചാരം ലായനിയിൽ മുക്കി 3 ദിവസം വെയിലത്തു വച്ച് ഉണക്കി 15 ദിവസം തണലത്തുവെച്ചതിനു ശേഷമാണ് നടേണ്ടത്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് ചുരുങ്ങിയ 3 മീറ്റർ വിട്ട് 50സെ.മീ. വീതം നീളം വീതി ആഴമുള്ള കുഴികളെടുത്ത് വേണം കന്നുകൾ നടാൻ. നടുന്ന സമയത്ത് പച്ചില വളമോ, കമ്പോസ്റ്റോ, കാലിവളമോ വാഴയൊന്നിന് 10 കി.ഗ്രാം എന്ന തോതിൽ ചേർക്കാം. കൂടാതെ അമ്ലത്വം കുറക്കാനായി അരകിലോ ഗ്രാം കുമ്മായം കുഴിയിൽ ഇടുന്നതും നല്ലതാണ്.

### ഘടകം 4 : രോഗ കീട നിയന്ത്രണം.

രോഗ കീട നിയന്ത്രണത്തിനായി ഇമിഡാക്ലോപിഡ് കീടനാശിനി, ഹെക്സാകോണാസോൾ കുമിൾ നാശിനി, ട്രൈക്കോഡർമ്മ, സ്യുഡോമോണാസ് എന്നിവയാണ് ഈ പദ്ധതിയിൽ നൽകുന്നത്.

***ഇമിഡാക്ലോപിഡ്:*** ചെമ്പൻ ചെല്ലികളെ നശിപ്പിക്കുന്നതിനാണ് ഈ കീടനാശിനി ഉപയോഗിക്കുന്നത്. കീടബാധ ഉള്ള തെങ്ങുകളിൽ കീടബാധയുള്ള ഭാഗത്ത് കാണുന്ന ദ്വാരങ്ങൾ ചെളിയോ സിമന്റോ വെച്ച് അടച്ചതിനുശേഷം അൽപം മുകളിലായി താഴേക്ക് ചരിഞ്ഞ ഒരു ദ്വാരം ഉണ്ടാക്കി അതിൽ ചോർപ്പ് വച്ച് 0.02% വീര്യമുള്ള ഇമിഡാ ക്ലോപിഡ് കീടനാശിനി ഒരു മില്ലി ലിറ്റർ, ഒരു ലിറ്റർ വെള്ളത്തിൽ കലക്കി, ഒഴിച്ചു കൊടുക്കണം. കീടനാശിനി തെങ്ങിൻ തടിയിൽ ഇറങ്ങിക്കഴിഞ്ഞാൽ ചോർപ്പ് മാറ്റി ദ്വാരം അടയ്ക്കണം. ഒരാഴ്ചയ്ക്കു ശേഷം തെങ്ങു പരിശോധിച്ച് ആവശ്യമെന്നു കണ്ടാൽ വീണ്ടും കീടനാശിനി പ്രയോഗിക്കണം.







***ഹെക്സാകോണാസോൾ:*** ഇതൊരു കുമിൾ നാശിനിയാണ്. ഇതു പ്രധാനമായും ചീയൽ രോഗങ്ങൾക്കാണ് ഉപയോഗിക്കുന്നത്. 2 മില്ലി ലിറ്റർ ഹെക്സാകോണാസോൾ 300 മില്ലി ലീറ്റർ വെള്ളത്തിൽ കലർത്തി രോഗ ബാധിത ഭാഗങ്ങളിൽ ഒഴിച്ചു കൊടുക്കുക.

***ട്രൈക്കോഡർമ:*** മണ്ണിലൂടെ പകരുന്ന കുമിൾ രോഗങ്ങളെ നിയന്ത്രിക്കാൻ കഴിവുള്ള ഒരു മിത്ര കുമിളാണ് ട്രൈക്കോഡർമ്മ. ചാണകപ്പൊടിയും വേപ്പിൻ പിണ്ണാക്കും (9:1 അനുപാതം) യോജിപ്പിച്ച് ട്രൈക്കോഡർമ്മയും ചേർത്ത് വെള്ളം തളിച്ച് ഇളക്കി ചേർക്കുക. വെള്ളം അധികമാകാൻ പാടില്ല. ഒരു കിലോ ഗ്രാം ട്രൈക്കോഡർമ്മയ്ക്ക് 100 കിലോ ഗ്രാം ചാണകപ്പൊടി, 10 കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക് എന്ന തോതിൽ വേണം മിശ്രിതം ഉണ്ടാക്കാൻ.




ഈ മിശ്രിതം തണലിൽ ഒരടി ഉയരത്തിൽ കൂനകൂട്ടി നനഞ്ഞ ചാക്കോ പോളിത്തീൻ ഷീറ്റോ കൊണ്ട് മൂടിയിടണം. ഒരാഴ്ച കഴിയുമ്പോൾ മിശ്രിതത്തിന് പുറത്തു പച്ച നിറത്തിൽ ട്രൈക്കോഡർമ്മ വളരുന്നത് കാണാം. ഒരു തവണ കൂടി വെള്ളം തളിച്ച് ഇളക്കി കൂനകൂട്ടുക. ഇനി ഇത് മണ്ണിൽ ചേർക്കാം. കുമിൾ നാശിനികൾ, രാസവളങ്ങൾ എന്നിവയോടൊപ്പം ട്രൈക്കോഡർമ്മ ഉപയോഗിക്കരുത്. മണ്ണിൽ ഈർപ്പമുള്ളപ്പോൾ മാത്രം ഇവ ഉപയോഗിക്കുക. നേരിട്ടു സൂര്യപ്രകാശം ഏൽക്കാത്ത സ്ഥലങ്ങളിൽ മാത്രമെ ഇവ സൂക്ഷിക്കാവൂ.




***സ്യൂഡോമോണാസ് :*** ചെടികളുടെ വേരിനോട് ചേർന്നു ജീവിക്കുന്ന മിത്ര ബാക്ടീരിയയാണിത്. ഇത് ചെടിയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനോടൊപ്പം രോഗ പ്രതിരോധ ശേഷി വർധിപ്പിക്കുകയും ചെയ്യുന്നു. കുമിൾ, ബാക്ടീരിയ എന്നിവ മൂലമുണ്ടാകുന്ന രോഗങ്ങൾക്കെതിരെ തെങ്ങുകളിൽ ഇത് ഫലപ്രദമാണ്. ഒരേക്കറിന് ഒരു കിലോ ഗ്രാം എന്ന തോതിൽ സ്യൂഡോമോണാസ് ചാണകപ്പൊടിയുമായോ മണലുമായോ കലർത്തി മണ്ണിൽ ചേർത്തു കൊടുക്കാവുന്നതാണ്. അല്ലെങ്കിൽ 10 ഗ്രാം പൊടി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി രോഗ ബാധിത സ്ഥലങ്ങളിൽ തളിച്ചു കൊടുക്കാവുന്നതുമാണ്.

### ഘടകം 5 : കാർഷിക ഉപകരണങ്ങൾ സാമൂഹികാടിസ്ഥാനത്തിൽ

ഈ പദ്ധതിയിൽ കർഷക കൂട്ടായ്മയ്ക്ക് തെങ്ങു കൃഷിക്കാവശ്യമായ ഉപകരണങ്ങൾ റെയ്ഡ്കോ, കെയ്ഡ്കോ, കാംകോയിൽ നിന്ന് വാങ്ങുന്നതിനായി തുകയുടെ ഒരു പങ്ക് മാറ്റി വെച്ചിരിക്കുന്നു. കർഷകർക്ക് ആവശ്യമായ ഉപകരണങ്ങൾ സി.പി.എസിന്റെ ഉടമസ്ഥതയിൽ വെക്കുകയും അതാതു സി.പി.എസിന്റെ കീഴിലുള്ള കർഷകർക്കും ഉപയോഗപ്രദമാക്കുകയും വേണം. ഇതു വഴി ഒരു പരിധി വരെ തൊഴിലാളികൾക്കു ക്ഷാമം പരിഹരിക്കാൻ കർഷക കൂട്ടായ്മയിലൂടെ സാധിക്കും.



മേൽ പറഞ്ഞ ഘടകങ്ങൾ അതിന്റെ ഉദ്ദേശ്യ ശുദ്ധിയോടു കൂടി തിരഞ്ഞെടുത്തിട്ടുള്ള എല്ലാ നാളികേര ഉത്പാദക സംഘങ്ങളിലെ കർഷകർ വഴി നടപ്പാക്കി കൊണ്ട് തെങ്ങിന്റെ സ്വന്തം നാടായ കേരളത്തിൽ അനേകം മാതൃക തെങ്ങിൻ തോട്ടങ്ങൾ നിർമ്മിക്കാം. ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിക്കുന്നതിന്, ഈ പ്രദർശന തെങ്ങിൻ തോട്ടങ്ങൾ മറ്റുള്ളവർക്ക് മാതൃകയുമാക്കാം.

വളം ചെയ്തുകഴിഞ്ഞ് 3 വർഷം കഴിഞ്ഞു മാത്രമേ അതിന്റെ ഫലം നാളികേര ഉൽപാദനത്തിൽ പ്രതിഫലിക്കുകയുള്ളു. അതിനാൽ ഇപ്പോൾ ആരംഭിക്കുന്ന എൽ.ഒ.ഡി.പി. സ്കീം 2 വർഷം കഴിഞ്ഞും കർഷകർ സ്വന്തം നിലയ്ക്ക് തുടർന്നാൽ മാത്രമേ ഉദ്ദേശിച്ച ഫലം കാണുവാൻ സാധിക്കൂ. മേൽ പറഞ്ഞ കൃഷി മുറകൾ അവലംബിക്കുക വഴി നാളികേര ഉത്പാദനം ഇരട്ടിയാക്കാൻ കഴിയുമെന്ന് മാതൃക തോട്ടങ്ങളിലൂടെ കർഷക കൂട്ടായ്മകൾക്കു തെളിയിക്കാം. ■

# കൽപവൃക്ഷത്തിന്റെ കാരുണ്യം, പ്രകൃതിയുടെ മിശ്രണം, അമ്മൂമ്മയുടെ കൈപ്പുണ്യം

**മുരളീധരൻ തഴക്കര**

ഓർമ്മയിലെ സുഗന്ധമായി ഇന്നും മനസ്സിൽ ബാക്കി നിൽക്കുന്നത് ആഹാരവും ഔഷധവുമായ നാളികേര നന്മകളെക്കുറിച്ചുള്ള ഗൃഹാതുരമായ ഓർമ്മകളാണ്. അമ്മൂമ്മയുടെ കൈപ്പുണ്യത്തിന്റേയും പ്രായോഗികതയുടേയും നാട്ടറിവിന്റേയും ചേരുംപടിയുള്ള ചേരുവകളാണ് ഈ കേര രുചിയുടെ നിർമ്മിതി രഹസ്യം.

ഇടയ്ക്കിടെ അമ്മൂമ്മ ഒന്നാന്തരം വെന്ത വെളിച്ചെണ്ണ അഥവാ ഉരുക്കു വെളിച്ചെണ്ണ തയ്യാറാക്കും. മൂത്തു പാകമായ തേങ്ങ ചിരകി പിഴിഞ്ഞ് ആ പാൽ ഓട്ടുരുളിയിൽ വിറകടുപ്പിൽ വച്ച് വെളിച്ചെണ്ണ തയ്യാറാക്കുമ്പോൾ തന്നെ അതിന്റെ ഹൃദ്യമായ ഗന്ധം വീടാകെ പരക്കും. ഇങ്ങനെ കാച്ചിയെടുത്ത വെളിച്ചെണ്ണ സ്ഫടിക കുപ്പികളിൽ നിറച്ച് വച്ച് മരുന്നു പോലെയാണ് ഉപയോഗിക്കുക. കൊച്ചു കുഞ്ഞുങ്ങളെ അടിമുടി ഈ വെളിച്ചെണ്ണ തേയ്പിച്ച് കമുകിൻ പാളയിൽ കിടത്തുകയാണ് പതിവ്. അതിരാവിലെ വെന്ത വെളിച്ചെണ്ണ ചൂണ്ടുവിരൽ കൊണ്ട് തൊട്ട് കുഞ്ഞുങ്ങളുടെ നാവിൽ തേച്ചു കൊടുക്കുകയും ചെയ്യുമായിരുന്നു. കുഞ്ഞുങ്ങളുടെ ഇളം മേനിക്ക് മാർദ്ദവമുണ്ടാകാനും നിറവും പുഷ്ടിയും ആരോഗ്യവും കൈവരുവാനും മികച്ച ഔഷധമായിട്ടാണ് വെന്ത വെളിച്ചെണ്ണ പ്രയോഗം. കൽപവൃക്ഷത്തിന്റെ കാരുണ്യം, പ്രകൃതിയുടെ മിശ്രണം, അമ്മൂമ്മയുടെ കൈപ്പുണ്യം സമം വെന്ത വെളിച്ചെണ്ണ. അതായിരുന്നു ആ സമവാക്യം.

കുഞ്ഞുങ്ങൾക്ക് മാത്രമല്ല മുതിർന്നവർക്കും ഇത് നൽകിയിരുന്നു. ചൂടു ചോറിൽ നെയ് ഒഴിയ്ക്കും പോലെ ലേശം വെന്ത വെളിച്ചെണ്ണ താളിയ്ക്കുമായിരുന്നു. അതിനൊരു പ്രത്യേക സ്വാദായിരുന്നു. ഓട്ടുരുളിയിലായിരുന്നു വെന്ത വെളിച്ചെണ്ണ തയാറാക്കിയിരുന്നത്. നന്നായി വിളഞ്ഞ് പാകമായ നാളികേരം ആവശ്യത്തിനെടുത്ത് ചിരകിയെടുക്കും. ഈ തേങ്ങാപ്പീര ആട്ടു കല്ലിലിട്ട് തേങ്ങാപ്പാൽ പിഴിഞ്ഞെടുക്കാൻ പാകത്തിൽ ചതയ്ക്കും. കൈകൊണ്ട് ഞെക്കിപിഴിഞ്ഞ് തേങ്ങാപ്പാൽ മുഴുവൻ പിഴിഞ്ഞെടുത്ത് അരിച്ച് അടുപ്പിൽ വെച്ചിരിക്കുന്ന ഉരുളിയിൽ ഒഴിയ്ക്കുന്നു. അടുപ്പ് വിറക് കത്തിച്ച് ചൂടാക്കുന്നു. ഈ സമയത്ത് തേങ്ങാപ്പാൽ നന്നായി ഇളക്കി കൊടുക്കും. എണ്ണ തിളയ്ക്കാൻ തുടങ്ങിയാൽ വിറകിനേക്കാൾ നന്ന് തെങ്ങിന്റെ ചൂട്ടും കൊതുമ്പുമാണെന്നാണ് സാക്ഷ്യപ്പെടുത്തൽ. ചൂടാക്കി ചൂടാക്കി തേങ്ങാപ്പാൽ വറ്റി വെളിച്ചെണ്ണ പാകമാകുമ്പോൾ അത് ചട്ടുകത്തേലറിയാമെന്നാണ് അമ്മൂമ്മയുടെ ഭാഷ്യം. വെളിച്ചെണ്ണ മുറുകി കഴിഞ്ഞാൽ പിന്നെ ഞങ്ങൾ കുട്ടികൾക്ക് സന്തോഷമാണ്. ഉരുളിയിൽ ശേഷിക്കുന്ന കക്കൻ കിട്ടും. ഇതിന് നല്ല സ്വാദാണ്. അമ്മൂമ്മ അതു പ്ലാവിലകൊണ്ട് കോരി കുറേശ്ശെ ഞങ്ങൾ കുട്ടികൾക്ക് തരും.

കപ്പ വേവിച്ചത് ചൂടോടെ പാത്രത്തിലെടുത്ത് ഞങ്ങൾക്ക് തരുമ്പോഴും ഒരൽപം വെന്ത വെളിച്ചെണ്ണ അതിന് മേലെ താളിക്കും. മറ്റൊരു തൊട്ടു കൂട്ടാനുമില്ലെങ്കിലും കപ്പ സ്വാദോടെ കഴിക്കാൻ അത് മാത്രം മതിയായിരുന്നു. അക്കാലത്ത് വർഷം മുഴുവൻ എല്ലാ വീടുകളിലും തന്നെ വെന്ത വെളിച്ചെണ്ണ ഇപ്രകാരം തയ്യാറാക്കി സൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നത് രീതിയും ശീലവുമായിരുന്നു. വെർജിൻ കോക്കനട്ട് ഓയിൽ, ഉരുക്കു വെളിച്ചെണ്ണ എന്നിങ്ങനെ വിവിധ പേരു



# നാളികേര വില ഉയരുന്നു.. കർഷകന് ആഹ്ലാദിക്കാം

ജോസഫ് ആലപ്പാട്ട്
(നാളികേര വികസന ബോർഡ് മുൻ വൈസ് ചെയർമാൻ) കാരാഞ്ചിറ, തൃശൂർ

കേരള വിപണിയിൽ എക്കാലത്തെക്കാളും നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയും വില ഉയർന്നിരിക്കുന്നു. വില ഉയർന്നിട്ടും പക്ഷെ ഇവിടുത്തെ നാളികേര കൃഷിക്കാർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്നത് സങ്കടകരമാണ്. കാരണം ഡിമാന്റനുസരിച്ച് നല്കാൻ കൃഷിക്കാരന് നാളികേരമോ, കൊപ്രയോ ഇല്ല. ഇത് നാളികേര വികസന ബോർഡിന്റെ മാർക്കറ്റിംങ് വിഭാഗം നേരത്തെ പ്രവചിച്ചതാണ്. അയൽ സംസ്ഥാനങ്ങളായ തമിഴ് നാട്ടിലും കർണാടകത്തിലും പോലും നാളികേരം ഇല്ല. കഴിഞ്ഞ വേനൽ അത്രയ്ക്ക് ആഘാതമാണ് നാളികേര മേഖലയിൽ ഏല്പിച്ചത്. കുറെയെല്ലാം കൃഷിക്കാരുടെ അവഗണനയും. ഈ പാഠം ഉൾക്കൊണ്ട് നാളികേര ഉത്പാദനം വർധിപ്പിക്കാനുള്ള ത്വരിത നടപടികൾ കർഷകർ ഇനിയെങ്കിലും സ്വീകരിക്കണം.



തെങ്ങുകളുടെ പരിചരണം ശക്തമാക്കണം. വളപ്രയോഗം ശാസ്ത്രീയമാക്കണം. അപ്പോൾ ഉത്പാദനം വർധിക്കും. ഇടവിള കൃഷികൾ ഊർജ്ജിതമാക്കി തെങ്ങിൻ തോപ്പിൽ നിന്ന് അധികം ആദായം കൂടി നേടണം. തെങ്ങിനിടയിൽ വാഴയും ജാതിയും ഇടവിളയായി കൃഷി ചെയ്താണ് നാളികേരത്തിന്റെ കഴിഞ്ഞ കാല വിലയിടിവ് ഞാൻ തരണം ചെയ്തത്. നേന്ത്രൻ, റോബസ്റ്റ, മറ്റ് നാടൻ വാഴകൾ എന്നിവയായിരുന്നു ഇടവിളകൾ. എല്ലാ ചെലവും കഴിഞ്ഞ് നേന്ത്രനിൽ നിന്ന 150 രൂപയും റോബസ്റ്റയിൽ നിന്ന് 100 രൂപയും വീതം ലഭിച്ചു.

വിലയിടിവ് കാര്യമായി ബാധിക്കാത്ത ജാതിയും തെങ്ങിന് അനുയോജ്യമായ ഇടവിള തന്നെ. ഇവയ്ക്കൊപ്പം നാളികേരത്തിനുള്ള ജലസേചനവും ശാസ്ത്രീയ പരിചരണവും കൂടിയായാൽ ഇപ്പോഴത്തെ അവസ്ഥയിൽ നാളികേര കർഷകന് രക്ഷപ്പെടാം. വലിയ ചെലവില്ലാതെ തെങ്ങിൻ തോട്ടത്തിൽ വളം ലഭ്യമാക്കാൻ ഒരു കുറുക്കുവഴിയുണ്ട് - ശീമക്കൊന്ന. അതിരുകളിലും കയ്യാലകളിലും ശീമക്കൊന്ന വളർത്തി യഥാകാലം വെട്ടി പച്ചില വളം തെങ്ങിൻ തടങ്ങളിലും വാഴത്തടങ്ങളിലും നിക്ഷേപിച്ചാൽ മതി. പോഷകസമൃദ്ധമായ പച്ചിലവളമാണ് ഇത്.

ഇത്തരത്തിലുള്ള നടപടികളിലൂടെ നാളികേര ഉത്പാദന ക്ഷമത വർധിപ്പിക്കാം. വില അല്പം കുറഞ്ഞാലും സ്ഥിര വരുമാനം ഉറപ്പാക്കാം. കൃഷിക്കാർക്ക് ജീവിതം അല്ലലില്ലാതെ മുമ്പോട്ടു കൊണ്ടു പോകാം. അനുഭവമാണല്ലോ ഗുരു.

---

കളിൽ വിവിധ ബ്രാൻഡുകളിൽ ഇന്ന് ഈ ഗുണമേന്മയുള്ള വെളിച്ചെണ്ണ വിപണിയിൽ ലഭ്യമാണ്. ഒരു കിലോഗ്രാം വെന്ത വെളിച്ചെണ്ണക്കിപ്പോൾ അഞ്ഞൂറ് രൂപയാണ് വില. കേരളത്തിൽ നിന്നും വിദേശ നാടുകളിലേക്കുംഈ വെളിച്ചെണ്ണ കടൽ കടന്നു പോകുന്നുണ്ട്. മറവി രോഗത്തിന് മറു മരുന്നായി, ദിവ്യ ഔഷധമായി ദിവസവും ചെറിയ ടീസ്പൂൺ വെന്ത വെളിച്ചെണ്ണ കഴിക്കുന്നത് ഫലവത്താണത്രെ.

അമേരിക്കയിലും മറ്റ് പല രാജ്യങ്ങളിലും ഇതൊരു ചികിത്സാ രീതിയായി അനുവർത്തിച്ചു പോരുന്നു.

ഈ വെളിച്ചെണ്ണ ഒന്നാം തരം ആഫ്റ്റർ ഷേവായും ഉപയോഗിച്ചിരുന്നു. മുടി വെട്ടാനും, മുഖം ഷേവ് ചെയ്യാനുമായി ലേശം പ്രായാധിക്യമുള്ള അയ്യപ്പൻ എന്നൊരാൾ വീട്ടിൽ വരുമായിരുന്നു. താടി വടിച്ചു കഴിഞ്ഞാൽ വെന്ത വെളിച്ചെണ്ണയാണ് മുഖത്ത് തേക്കുന്നത്. ഇതിനെ വെല്ലാൻ കഴിയുന്ന മറ്റൊരു ആഫ്റ്റർ ഷേവ് ലോഷനുമില്ലെന്ന് പുരുഷായുസ്സ് നീണ്ടു നിന്ന ഈ വെന്ത വെളിച്ചെണ്ണ പ്രയോഗം സാക്ഷ്യപ്പെടുത്തുന്നു.

പ്രകൃതിദത്തമായ ലാറിക് ആസിഡിന്റെ ഏറ്റവും സമൃദ്ധമായ സ്രോതസ്സാണ് വെന്ത വെളിച്ചെണ്ണ. കഴിക്കാൻ പാകത്തിൽ ക്യാപ്സൂൾ രൂപത്തിലും ഇത് ഇന്നു വിപണിയിൽ ലഭ്യമാണ്. അമേരിക്ക, കാനഡ, നെതർലൻഡ് ഗൾഫ് തുടങ്ങിയ രാജ്യങ്ങളിലേക്ക് ഇന്ത്യയിൽ നിന്നും വെന്ത വെളിച്ചെണ്ണ കയറ്റി അയക്കുന്നുണ്ട്. ഹൃദ്രോഗികൾക്ക് ഉത്തമമായ ആഹാരവും ഔഷധവുമാണ് വെന്ത വെളിച്ചെണ്ണ. രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുവാനും ശരീരത്തിന് ഉന്മേഷവും ഊർജ്ജവും പ്രദാനം ചെയ്യുവാനും ഇത് സഹായകമാകുന്നു. ത്വക്കിലെ ജലാംശം അഥവാ ഈർപ്പാംശം നഷ്ടമാകാതെ സംരക്ഷിക്കുന്നതിനാൽ ഏത് മുന്തിയ ക്രീമുകളേക്കാളും മെച്ചപ്പെട്ട പ്രകൃതി കനിഞ്ഞു നൽകുന്ന ക്രീമാണ് വെന്ത വെളിച്ചെണ്ണ. മുറിവ് കരിയുന്നതിനും മുടിയഴകിനും അപാരമായ സിദ്ധിയാണ് ഇതിനുള്ളത്. ഇങ്ങനെ എണ്ണിയെണ്ണപ്പറയുവാൻ പ്രാമാണികതകൾ ഏറെയുള്ള പ്രകൃതിയുടെ അമൃതാണ് കൽപവൃക്ഷം കനിഞ്ഞു നൽകുന്ന ഈ സിദ്ധൗഷധം. ■

# നീര ടെക്നീഷ്യൻ പരിശീലന പരിപാടി ഇടുക്കിയിലെ ഉടുമ്പന്നൂരിൽ



നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ ഉടുമ്പന്നൂർ നവജ്യോതി നാളികേര ഉത്പാദക ഫെഡറേഷൻ നീര ടെക്നീഷ്യൻ പരിശീലന പരിപാടി ആരംഭിച്ചു. ഉടുമ്പന്നൂരിലെ കേരള ഓർഗാനിക്ക് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഹാളിൽ നടന്ന ചടങ്ങിൽ നാളികേര വികസന ബോർഡ് പബ്ലിസിറ്റി ഓഫീസർ ശ്രീമതി. മിനി മാത്യു പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. നീരയുടെ ഉത്പാദനത്തേയും സാധ്യതകളേയും കുറിച്ച് മുൻ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. ശശികുമാർ, മുൻ കൃഷി ഡെപ്യൂട്ടി ഡയറക്ടർ വി. ജെ. ജോർജ്ജ്, ഫെഡറേഷൻ പ്രസിഡന്റ് ഡെയിംസ് ജോൺ പുത്തൻപുര എന്നിവർ സംസാരിച്ചു. ബോർഡിന്റെ ധനസഹായത്തോടെ 20 പേരടങ്ങുന്ന ബാച്ചിനാണ് പരിശീലനം നൽകുന്നത്. 56 ദിവസമാണ് പരിശീലന കാലയളവ്. വൃത്തിയും വെടിപ്പുമുള്ള സാഹചര്യത്തിൽ നീര ടാപ്പ് ചെയ്തെടുക്കുന്നതിന് മാസ്റ്റർ ടെക്നീഷ്യന്മാരുടെ സഹായത്താൽ 42 ദിവസത്തെ തീവ്രപരിശീലനവും തുടർന്ന് 2 ആഴ്ച്ച ഫലപ്രദമായ രീതിയിൽ ജോലി ചെയ്യുന്നതിനുള്ള പരിശീലനവുമാണ് നൽകുന്നത്. പരിശീലനത്തിന് ശേഷം കുറഞ്ഞത് രണ്ട് വർഷമെങ്കിലും ഈ രംഗത്ത് ഉറച്ച് നിൽക്കുമെന്ന് ഓരോ പരിശീലനാർത്ഥിയും ഫെഡറേഷനുമായി കരാറായിട്ടുണ്ട്. തെങ്ങ് കൃഷി രീതികളും, വളപ്രയോഗവും, തെങ്ങുകളിൽ ഉണ്ടാകുന്ന രോഗ കീട ബാധകൾ തിരിച്ചറിയുന്നതിനുമുള്ള പരിശീലനവും ഉടുമ്പന്നൂർ കൃഷി ഓഫീസർ ശ്രീമതി. ജെയ്സിയുടെ നേതൃത്വത്തിൽ നൽകുന്നുണ്ട്. നീര ടെക്നീഷ്യൻ പരിപാടി പൂർത്തിയാക്കിയ നവജ്യോതി നാളികേര ഉത്പാദക ഫെഡറേഷൻ ഇവരുടെ നേതൃത്വത്തിൽ ചീനിക്കുഴിയിൽ സ്ഥാപിക്കുന്ന നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിൽക്കുന്ന കോക്കനട്ട് പോയിന്റ് വഴിയും നീര വിപണനം ചെയ്യാനാണ് ഉദ്ദേശം. 2014-15 മുതൽ ഇതുവരെ നടത്തിയ 130 ബാച്ചുകളിലായി 2601 പേർക്ക് ബോർഡ് ഇതുവരെ പരിശീലനം നൽകി. 131ാമത്തെ ബാച്ചാണ് ഉടുമ്പന്നൂരിൽ ആരംഭിച്ചിട്ടുള്ളത്. കേരളത്തിൽ 7 കമ്പനികളുടെ കീഴിലുള്ള ഫെഡറേഷനുകൾ വഴി നീര ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്. വിദേശത്തു നിന്നും വൻ തോതിൽ ഓർഡറുകൾ ലഭിക്കുന്നുവെങ്കില്ലും ഡിമാന്റിനനുസരിച്ച് നീര ഉത്പാദനം നടക്കാത്തതിനാൽ കയറ്റുമതിക്കു വേണ്ട അളവിൽ നീര ലഭ്യമാക്കാൻ കേരളത്തിന് കഴിയുന്നില്ല. ടെട്രാ പാക്ക്, അലൂമിനിയം പാക്കുകളിലുള്ള നീരയ്ക്കാണ് കൂടുതൽ ഡിമാന്റ്. ■







## മുഖമൊഴി

പ്രകൃതിയെന്ന മഹാപാഠപുസ്തകത്തെ പഠിക്കാൻ കഴിഞ്ഞവരാണ് സാഹിത്യ രംഗത്തും ശാസ്ത്ര രംഗത്തും ചിത്ര കലയിലും മറ്റും പ്രതിഭാശാലികളായവർ. ജീവിതപരീക്ഷകളിൽ വിജയിക്കുവാനും അനുഭവ സമ്പന്നത നേടുവാനും പ്രകൃതി പഠനം അനിവാര്യമാണ്. പ്രപഞ്ചമെന്ന ഈ മഹാ കാവ്യത്തെ വായിക്കാനും പഠിക്കാനും നിങ്ങൾക്ക് അവസരം ഉണ്ടാകട്ടെ എന്നാണ് ആശംസ.

പായിപ്രരാധാകൃഷ്ണൻ

## തെങ്ങുകളുടെ വിഡ്ഢിത്തം

കേരളം സന്ദർശിക്കുന്നവരെയെല്ലാം പ്രലോഭിപ്പിക്കുന്ന പ്രകൃതി ലാവണ്യമാണ് ഈ നാടിന്റേത്. കേരളത്തിന്റെ ഹരിത സൗന്ദര്യത്തിന്റെ മയൂര പിഞ്ഛരമാണ് കേര നിരകൾ. കേരളത്തിന്റെ കടൽക്കരകളെ മനോഹരമാക്കുന്ന ഈ കേര സൗന്ദര്യം നമ്മുടെ കവികളെയും ആകർഷിച്ചിട്ടുണ്ട്. വാസ്കോഡിഗാമായുൾപ്പെടെയുള്ള വിനോദ സഞ്ചാരികളെ മാടിവിളിച്ച് കേരളത്തോട് അടുപ്പിച്ചത് തെങ്ങുകളാണെന്നും അത് തെങ്ങുകൾ ചെയ്തു പോയ വിഡ്ഢിത്തമായെന്നും മലയാളത്തിന്റെ പ്രിയ കവി ചങ്ങമ്പുഴ പാടുന്നു.

പായിപ്ര രാധാകൃഷ്ണൻ

മാടി വിളിച്ചീവിധം മധുരമായ് ക്ഷണിച്ചാൽ
മാറിയൊഴിഞ്ഞാരുപോകും മറ്റു ദിക്കിൽപ്പിന്നെ?
ആഴിയലമാലകളിൽ തത്തിയുലഞ്ഞാടി
കോഴിക്കോട് വന്നടുത്തിതന്നൊരു പായ്ക്കപ്പൽ
ഗാമയുമനുചരരും കാലുകുത്തീ മണ്ണിൽ
ക്ഷേമ ലക്ഷ്മിക്കക്ഷണം കരടുപോയി കണ്ണിൽ!
കേര കൽപകച്ഛായകളിൽ ചെന്നവരിരുന്നു
ദൂര യാത്രാ ക്ലേശമവർ സർവ്വവും മറന്നു
പറ്റി! തെല്ലു മോർത്തതില്ലന്നീയബദ്ധം ഞങ്ങൾ!
പട്ടകളുലച്ചുരയ്പൂ കേര കൽപങ്ങൾ !
(ചങ്ങമ്പുഴ)



വായന

# തെങ്ങിനെപ്പറ്റി അടിമുടി എല്ലാം


എം.ലീലാവതി



ചേരളം കേരളമായതോ? കേരളം ചേരളമായതോ? ഭാഷാശാസ്ത്രജ്ഞന്മാർ പറയും, ചകാരം കകാരമായി പരിണയിച്ചതാണെന്ന്. ചേരനാട് ചേര രാജാക്കന്മാർ, ചേരമാൻ പെരുമാൾ ചേരം, ചോളം, പാണ്ഡ്യം എന്ന തെന്നിന്ത്യയിലെ പഴയ ഭൂഭാഗങ്ങളുടെ പേരുകൾ എന്നിവയോർക്കുമ്പോൾ ചകാരത്തിന് തന്നെയാണ് പഴക്കം. ക്രിയാധാതുവിൽ നിന്നാണ് നാമരൂപമുണ്ടാകുന്നതെന്ന പ്രമാണമനുസരിച്ച് ചെയ്യുകയിൽ നിന്നാണ് കയ്യ് ഉണ്ടായതെന്നു പറയപ്പെടുന്നു. അപ്പോൾ കേൾക്കുകയിൽ നിന്ന് ഉണ്ടാവേണ്ടുന്നത് കെവിയാണ്. കെവി ചെവിയായി പരിണമിച്ചെതാണെങ്കിൽ കകാരം ചകാരമായി പരിണമിച്ചെന്നു നിഗമിക്കേണ്ടിവരും.

വർണ പരിണാമങ്ങൾ എങ്ങനെയുമിരിക്കട്ടെ. കേരത്തിന്റെ നാടാണ് കേരളം ആയിത്തീർന്നെതെന്ന് സ്ഥാപിക്കത്തക്കവണ്ണം കേര മരം കേരളത്തിന്റെ മുദ്രയായിരിക്കുന്നു. അങ്ങനെയായത് ആ മരം അത്രയേറെ സമൃദ്ധമായതുകൊണ്ടാണ്. ഈ മണ്ണിൽ ഏറ്റവും വേരോട്ടമുണ്ടായ മരം. മണ്ണിലെന്ന പോലെ ഇന്നാട്ടിലെ മാനവരുടെ മനത്തിലും ഏറ്റവും വേരോട്ടമുള്ള മരം. മനത്തിൽ മാത്രമല്ല നിത്യജീവിതത്തിലെ എല്ലാ വ്യാപാരങ്ങളിലും പങ്കുള്ള മരം. എണീറ്റാൽ ആദ്യം ചെയ്യുന്ന കർമ






**നന്മ മരം**

പായിപ്ര രാധാകൃഷ്ണൻ
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
Rs. 85.00


ത്തിൽ നാവുവടിക്കാൻ ഈർക്കിലായിരുന്ന ഉപകരണം. സ്ത്രീകൾ ചെയ്തിരുന്ന ആദ്യത്തെ കർമം വീടു വൃത്തിയാക്കലാണ്. മുറ്റവും നടുമുറ്റവും അടിക്കാൻ ഉള്ള ചൂല് ഈർക്കിൽക്കെട്ടാണ്. അതിഥികൾക്ക് ഇരിക്കാൻ കൊടുത്തിരുന്ന തടുക്ക് ഓല കൊണ്ട് മെനഞ്ഞെടുത്തതായിരുന്നു. വലിയവരുടെ നാലുകെട്ടായാലും എളിയവരുടെ കുടിലായാലും വെയിലും മഴയും തടുക്കാനുള്ള മേല്പുര മേഞ്ഞിരുന്നത് മെടഞ്ഞ ഓല കൊണ്ടായിരുന്നു. ഇരിപ്പിടം പോലെ കിടപ്പാടവും രൂപപ്പെട്ടത് തെങ്ങിലയായ ഓല കൊണ്ട്. ഊണിന്റെ വിഭവങ്ങളിൽ തേങ്ങയ്ക്കുള്ള വ്യാപ്തി മറ്റൊന്നിനുമില്ല. ചമ്മന്തിയും കാളനും അവിയലും തോരനും എരിശ്ശേരിയും കേരളത്തിന്റെ സ്വന്തം വിഭവങ്ങൾ. തേങ്ങയാണ് ആ വിഭവങ്ങളുടെ പ്രാണൻ. വെളിച്ചെണ്ണയില്ലാത്ത ഒരു വിഭവവുമില്ല. തേങ്ങപ്പാലൊഴിച്ച ഓലനും കേരളത്തിന്റെ സ്വന്തം.

ഇപ്രകാരം കേരളത്തിന്റെ ജീവിതത്തിൽ തെങ്ങ് സർവവ്യാപിയായിട്ടും, കല്പകവൃക്ഷം എന്നു ഭക്തിപൂർവ്വം വിളിച്ചുകൊണ്ടിരുന്നിട്ടും, ഈ മരത്തിന്റെ നന്മകൾക്ക് വാഴ്ത്തായി ഒരു ഗ്രന്ഥം സചിത്രമായി ഉണ്ടാവുന്നത്, ഇതാ ഇപ്പോഴാണ്. ഗ്രന്ഥം അക്ഷരങ്ങളിലെഴുതിയ പായിപ്ര രാധാകൃഷ്ണനും നിറങ്ങളിലെഴുതിയ ചിത്രകാരനായ ബാബു രാജനും വാഴ്ത്തപ്പെടട്ടെ. രണ്ടർത്ഥത്തിലുമുള്ള വർണങ്ങൾ കൊണ്ട് രണ്ടുപേരും ചേർന്ന് നന്മമരത്തിനെ കടലാസ്സുകൊണ്ടുള്ള താളുകളിൽ വേരോടിച്ച് പ്രതിഷ്ഠിച്ചിരിക്കുന്നു. തെങ്ങിന്റെ ചരിത്രം, ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള അതിന്റെ വ്യാപ്തി, ഓരോ പ്രദേശത്തും ഈ അത്ഭുതമരത്തെക്കുറിച്ച് പ്രചരിച്ചുപോരുന്ന പുരാണങ്ങൾ. കെന്നഡിയും തേങ്ങയും പോലുള്ള വിചിത്ര സംഭവങ്ങൾ, ചെരട്ട കൊണ്ട് വീടു കെട്ടുന്ന നീരാളിയെപ്പോലുള്ള അത്ഭുതകഥകൾ, തേങ്ങകൊണ്ടും ഇളനീരുകൊണ്ടും തെങ്ങിന്റെ ശിരസ്സിലെ മധുരനീരുകൊണ്ടും പലനാടുകളിൽ പലരീതികളിൽ, ഉണ്ടാക്കുന്ന ഭോജ്യപാനീയങ്ങൾ, തെങ്ങിനെ ചുറ്റിപ്പറ്റിയുള്ള കഥകൾ, കവിതകൾ, പാട്ടുകൾ, പഴഞ്ചൊല്ലുകൾ, കേരപദങ്ങൾ, ശൈലികൾ, കടംകഥകൾ, അനുഷ്ഠാനങ്ങളിൽ കുരുത്തോലയ്ക്കും തേങ്ങയ്ക്കും, ഇളനീരിനും പൂക്കുലയ്ക്കുമുള്ള സ്ഥാനങ്ങൾ (ഇവയിൽ കടംകഥകളുടെ ശേഖരം വിശേഷിച്ചും ശ്രദ്ധേയം.) ഇത്യാദി തെങ്ങിനെക്കുറിച്ച് അറിയേണ്ടതൊന്നും ബാക്കിവയ്ക്കാതെ സംഭരിച്ച് ഒരു ചെപ്പിലാക്കിത്തരികയെന്ന അത്ഭുതകൃത്യമാണ് രാധാകൃഷ്ണൻ നിർവ്വഹിച്ചിരിക്കുന്നത്.

വേട്ടയ്ക്കൊരുമകന് തേങ്ങയേറ് എന്നതിനെപ്പറ്റി പരമാർശിക്കുമ്പോൾ, ഒരൊറ്റയിരുപ്പിൽ പന്തിരായിരം തേങ്ങയെറിയുകയെന്ന അത്ഭുതകരമായ അഭ്യാസം അനായാസമായി ചെയ്യുന്ന അനുഷ്ഠാനം നടത്തിപ്പോന്നിരുന്നതിനെപ്പറ്റിയും സ്മരിക്കേണ്ടതായിരുന്നെന്നു തോന്നി. അതുപോലെ അടുക്കളയിലെ തേങ്ങാപ്പൊലിമയിൽ ചിരട്ടപുട്ട് എട്ടങ്ങാടി (എട്ടംഗമായിരിക്കണം അത്) യും, കഞ്ഞി സദ്യയിൽ തേങ്ങാപ്പൂളിനുള്ള പ്രാധാന്യവും കൂടി ഉൾപ്പെടുത്താമായിരുന്നു. കുട്ടിക്കളിയിൽ കണ്ണൻചിരട്ടയ്ക്കുള്ള പങ്കും ഓർക്കാവുന്നതാണ്. കേര കേരളമെന്ന അധ്യായത്തിൽപ്പെടുത്താമായിരുന്ന ഒരിനമാണ് നീന്തൽ പഠിക്കാൻ കേരളത്തിൽ സാർവത്രികമായി ഉപയോഗിച്ചുപോന്ന, രണ്ടുപേട്ടുതേങ്ങകൾ കൂട്ടിക്കെട്ടിയുണ്ടാക്കിയിരുന്ന ഉപകരണം (പൊന്ത്). തെങ്ങ് അതിന്റെ പേട്ടുകായകൾ കൊണ്ടും കൂടി മനുഷ്യനെ സംരക്ഷിക്കാനുള്ള ഉപകരണം ഉണ്ടാക്കാൻ സഹായിക്കുന്നു! അതുപോലെ തെങ്ങ് അതിനെ വെട്ടിയിടുന്ന മനുഷ്യർക്കും മധുരം നല്കുന്നു. വീടുകളുടെ മേൽപുരയ്ക്കുള്ള കഴിക്കോലുകൾ പണിയാനും മറ്റും വൃദ്ധരായിക്കഴിഞ്ഞ തെങ്ങുകൾ വെട്ടുക പതിവായിരുന്നു. അവയുടെ ശിരസ്സിലെ കാമ്പ് കരിമ്പു എന്നാണ് അറിയപ്പെട്ടിരുന്നത്. തെങ്ങുവെട്ടുമ്പോൾ കരിമ്പു തിന്നാൽ കുട്ടികൾ കാത്തിരിക്കുമായിരുന്നു. ശർക്കര ചേർക്കാതെ ചുട്ടെടുക്കുന്ന അടയുടെ ഓട്ടട എന്ന പേരും, ശർക്കരയോടു ചേർന്നാൽ അമൃതവിഭവമാകുന്ന കൊട്ടത്തേങ്ങയും ഓർമിക്കേണ്ടവ തന്നെ. തേങ്ങാപ്പവിഴമെന്ന അത്ഭുതകഥയ്ക്കുള്ള ശോഭാപരിവേഷവും ഞണ്ടുവീടുകഥയും മറ്റും ഈ രചനയ്ക്ക് ഒരു ഗവേഷണ പ്രബന്ധത്തിനുവേണ്ട ഗൗരവം നല്കുന്നു.

അത്യുദാരമായ ആതിഥ്യമര്യാദ കൊണ്ട് വിദേശികളെ ആകർഷിച്ചടുപ്പിച്ച തെങ്ങുകളുടെ വിഡ്ഢിത്തവും ചുവട്ടിൽ ചൂടേറിയ വിമർശനം കത്തിച്ചിട്ടും പുകയേറ്റ് പരിപക്വതയുടെ അമൃതഫലം തിരികെക്കൊടുക്കുന്ന തെങ്ങുകളുടെ ഉദാത്ത മഹത്വവും (യഥാക്രമം ചങ്ങമ്പുഴയും വൈലോപ്പിള്ളിയും) കവികൾ ഗേയവിഷയങ്ങളാക്കിയിട്ടുണ്ട്. അവയെല്ലാം വിഭാവനങ്ങൾ. ഈ വസ്തുതാന്വേഷണകൃതിയിലുള്ളതെല്ലാം തന്നെ കറയറ്റ സത്യങ്ങൾ. അതുകൊണ്ടാണ് ഗവേഷണപ്രബന്ധം പോലെയെന്നു വിശേഷിപ്പിക്കുന്നത്.

വരും തലമുറകൾക്കുവേണ്ടി കേരളത്തിലുടനീളം തെങ്ങിൻ തൈകൾ നട്ടുവളർത്താൻ പ്രായഭേദം കൂടാതെ എല്ലാ കേരളമക്കൾക്കും ഈ കൃതി പ്രചോദനമരുളട്ടെ. കേരകർഷകരെ കടക്കെണിയിൽപ്പെടുത്താതെ സംരക്ഷിക്കാൻ വേണ്ടതെന്തോ അതെല്ലാം വിളംബം കൂടാതെ ചെയ്യാൻ ഭരണയന്ത്രത്തിരിപ്പിനു ചുമതലപ്പെട്ടവർക്കെല്ലാം ഉണർവുണ്ടാക്കാനും ഈ കൃതി ഉതകട്ടെ. വളർന്നു വരുന്ന ബാലകർക്കെല്ലാം ഈ കൃതിയുടെ ഓരോ പ്രതി കിട്ടാനിടയായാൽ തീർച്ചയായും ഹരിതകേളനിർമ്മാണത്തിൽ തങ്ങൾക്കു നിർവ്വഹിക്കാവുന്ന പങ്കെന്തെന്ന് അവർ തിരിച്ചറിയും. ഇളംമനസ്സുകളിലാണല്ലോ നന്മകൾ എളുപ്പത്തിൽ വേരോടുക. നനഞ്ഞ നൻ മണ്ണിൽ നന്മമരത്തിന്റെ വേരോടിക്കണമെന്ന നന്മമരം നൻമനങ്ങളുടെ സ്പന്ദതാളമായി, ആർദ്രമായ ഒഴുക്കായി, നിലനിൽക്കാൻ ഈ കൃതി ഒരു വലിയ ഉറവയായിത്തീരട്ടെ.. ■



# ചാത്തമ്പിള്ളി വിഷകണ്ഠൻ

ബിനോജ് കാലായിൽ

**കണ്ണൂർ ജില്ലയിലെ ചാത്തമ്പിള്ളി ഗ്രാമത്തിൽ തലമുറകളായി നിലനിന്നു പോരുന്ന ഐതിഹ്യ മാണ് കവിതയ്ക്ക് ആധാരം. കണ്ണൂരും പരിസരങ്ങളിലും ഇന്നും ചാത്തമ്പിള്ളി വിഷകണ്ഠന്റെ വേഷം തെയ്യം കെട്ടി ആടാറുണ്ട്**

കണ്ടോ കണ്ടോ പൊന്തി നിൽക്കും
തുഞ്ചാണിയൊന്നു ദൂരെ
പണ്ടുനാളിൽ തീയൻകണ്ഠൻ
മേലെയേറി മന്ത്രമോതിയ തെങ്ങ്

കൊളച്ചേരി ദേശമുടയോൻ
കരുമാരത്തെ നമ്പൂതിരി
രാജ്യമെങ്ങും കീർത്തികേട്ട
വിഷവൈദ്യപ്രമാണിയാൾ

ഒരുനാളിൽ ദേശജന്മിക്കേക
പുത്രിയെ, ഘോരസർപ്പ-
ദംശനത്താൽ വിഷം തീണ്ടി
പൂമേനി നീലിച്ചു, ബോധമറ്റു.

മഞ്ചലേറ്റി കൊണ്ടുവന്ന കന്യകതൻ
നാഡിനോക്കി വിഷവൈദ്യൻ,
അവരോട് ചൊന്നാൾ ...ഇല്ല
തെല്ലുരക്ഷയില്ല, പരമപദം പൂകി.

അലമുറയിട്ടസംഘം ജഡവുമായ്
മടങ്ങവേ തെങ്ങുചാരി
നിൽപ്പവൻ, കണ്ടു കണ്ഠൻ
തീയ്യവൈദ്യൻ വിഷഹാരി.

കാര്യമെല്ലാം കേട്ടശേഷം
അവൻ ചൊന്നാൽ അവരോട്
കന്യകയെ കുളത്തിലെറിയുക
കുമിളവന്നാലുടനെടുത്തിടേണം.

കണ്ഠവൈദ്യർ ചൊന്നപോലെ
കന്യകെ എറിഞ്ഞവർ
ഞൊടിയിട കളയാതെ
തെങ്ങിലേറി തീയ്യവൈദ്യർ.

കവിൾ മടൽ മുകളിലായ്
കാൽവിരിച്ചിരുന്നിട്ട്
കൊലക്കരുത്തെന്നൊരു
തീഷ്ണമന്ത്രമുരുവിട്ടു.

ഭൂമിയാകെ കിടുകിടുത്തു
മിന്നൽ വന്നു തെങ്ങുലഞ്ഞു
കുളത്തിന്റെയടിയിൽ
നിന്നും കുമിളകളുതിർന്നു.

കുളത്തിൽ നിന്നും കന്യക-
പൊന്തി, കണ്ടുനിന്നവർ ഞെട്ടി
മരണദേവൻ മാഞ്ഞുപോയി
ജീവനോടവൾ തിരികെയെത്തി.

പണം വേണ്ട, പദവി വേണ്ട
ഞാൻ എന്നുടെ, കടമ ചെയ്തു
തുണനിന്നതുടയവൻ ഞാനല്ല
വിനയമോടോതി കണ്ഠൻ.

തൊഴുകയ്യാൽ ജന്മിചൊല്ലി
വെറുംകയ്യാൽ വിടുവതിന്
മനസെനിക്കില്ല വൈദ്യാ, നിനക്ക്
ഞാൻ പണിതേകാം ഭവനമൊന്ന്

വിവരങ്ങൾ അറിഞ്ഞയാൾ
കരുമാരത്തച്ഛനയ്യോ
പകജ്വലിച്ച മനസ്സോടെ
തക്കം നോക്കി കാത്തു

മേടപൊന്തി നാടുണർന്നു
ഗൃഹപ്രവേശ നാൾകുറിച്ചു
ഗൂഢപദ്ധതി നടപ്പിലാക്കാൻ
കുടിലവൈദ്യപ്രമാണിയും

ആളെവിട്ടു വിളിപ്പിച്ച
തീയ്യവൈദ്യ യുവാവിനെ
ആളെവിട്ടു ചതിയാലെ
കൊല്ലിച്ചാ കുടിലവൈദ്യൻ

അറവിലപ്പറമ്പിലെ തെങ്ങിൻ
ചോട്ടിൽ ശിരസറ്റതാ
നാടിന്റെ വിളക്കായോൻ
തീയ്യൻ, കണ്ഠവൈദ്യർ.

അറുകൊലയായ് ഉയിർത്തു
ആപത്തെങ്ങും വിതച്ചു
കരുമാരത്തറകളിൽ
ഭയാശങ്കകൾ നിറഞ്ഞു

പ്രേതമായ് അലഞ്ഞവൻ
പേക്കിനാവായ് നിറഞ്ഞു
വൈദ്യപ്രമാണി ഭയത്താലെ
അറയിലേറി ഒളിച്ചു

ജ്യോതിഷികൾ വന്നു
പരിഹാരം ചൊന്നാൾ
സേവചെയ്തുപാസിച്ച്
കാവിൽ കുടിയിരുത്തുക

തെങ്ങുപൂക്കുല,യിളനീർ
കുരുത്തോല,പന്തലുയർന്നു
കോലങ്ങൾ നിരന്നു
മന്ത്രക്കളമുണർന്നു

മന്ത്രത്തിൽ പ്രസാദിച്ചവൻ
കളത്തിങ്കൽ എഴുന്നള്ളി
ഇളനീർ ഭുജിച്ചവൻ
മൂർത്തിയായി പരിണമിച്ചു

ആണ്ടുതോറും തുലാമാസം
പത്തുനാൾ ചെല്ലുമ്പോൾ
ആടിത്തുള്ളിയെഴുന്നള്ളും
ചാത്തമ്പള്ളി വിഷകണ്ഠൻ

നമിക്കുന്നേ ഞങ്ങളിന്ന്
ദേശത്തിൻ കാവലാളാം
ചാത്തമ്പള്ളി കാവിലമരും
വിഷകണ്ഠൻ ഉടയതേ



# പാലാഴിയിൽ നിന്ന് കിട്ടിയ മരം

● പ്രശാന്തി ചൊവ്വര

പണ്ട് ഋഷീശ്വരൻമാർ വനാന്തരങ്ങളിൽ കൊടും തപസ് അനുഷ്ഠിച്ചിരുന്നു. അവർ കണ്ടെത്തിയ അനശ്വര സത്യങ്ങൾ ഋഷീമാരിൽ നിന്ന് ഋഷിമാരിലേക്ക് കൈമാറിക്കൊണ്ടിരിക്കുന്നു. അവരുടെ ഉൾക്കാഴ്ചയിലൂടെ സ്ഫുടം ചെയ്ത് വിവരിക്കുന്ന വിശിഷ്ട വാക്കുകളുടെ അന്തർധാരയാണ് വേദങ്ങൾ. അവയിൽ നിന്നാണ് പുരാണങ്ങൾ രൂപം കൊണ്ടത്. പുരാണങ്ങൾ ലോകത്തിലെ അറിവിന്റെ മഹാരത്നങ്ങളാണ്. ഉൽകൃഷ്ടമായ ധർമ്മ മാർഗ്ഗങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്.

പുരാണങ്ങൾ എന്ന താമരച്ചെപ്പിൽ എള്ളോളം തുള്ളി തേൻ മുത്ത് എന്നപോലെയാണ് പാലാഴി മഥനത്തെ നോക്കിക്കാണുന്നത്. പാലാഴിയിൽ ദിവ്യ ശക്തിയുള്ള അമൃത് ഉണ്ടെന്ന് മനസ്സിലാക്കി ബ്രഹ്മ ദേവാദികൾ പാലാഴി നാഥനായ മഹാവിഷ്ണുവിനെ സ്തുതിച്ചു. തൊഴുതു നിന്ന അവർക്കു മുന്നിൽ മഹാവിഷ്ണു പ്രത്യക്ഷപ്പെട്ടു.

പാലാഴി കടഞ്ഞ് അമൃത് എടുക്കാനുള്ള അവരുടെ അഭീഷ്ടം സാധിപ്പിച്ചു തരാം എന്ന് വിഷ്ണു അരുളി ചെയ്തു. അതിൻപ്രകാരം ബ്രഹ്മദേവാദികൾ അസുര ചക്രവർത്തിയായ മഹാബലിയെ ചെന്നു കണ്ടു. പാലാഴി കടഞ്ഞെടുക്കുന്ന അമൃത് പാനം ചെയ്താലുള്ള ഗുണഗണങ്ങൾ പറഞ്ഞു മനസ്സിലാക്കി അതിനാൽ ഇരുവരും ചേർന്ന് സന്ധിയിൽ ഏർപ്പെടുകയും ചെയ്തു.

ദേവൻമാരും അസുരൻമാരും കൂടി മന്ധര പർവ്വതം കുത്തിപ്പുഴക്കിയെടുത്തു പൊക്കി പാലാഴി തീരത്തേക്ക് നടന്നു. ഇടയ്ക്ക് പർവ്വതം അവരുടെ കൈയ്യിൽ നിന്ന് വഴുതി വീണു. കുറെ ദേവൻമാരും അസുരൻമാരും അതിനടിയിൽ പെട്ടു മരിച്ചു. അങ്ങിനെ നിരാശരായവരെ രക്ഷിക്കുവാൻ വിഷ്ണു ഗരുഢ പുറത്തേറി വന്നു. മന്ധര പർവ്വതത്തെ ഗരുഢൻ പാലാഴി തീരത്ത് എത്തിച്ചു.

പാലാഴി കടയുന്നതിന് പർവ്വതത്തെ ചുറ്റി വരിയാൻ കയറായി വാസുകിയെ നിശ്ചയിച്ചു. അതിൻപ്രകാരം ദേവൻമാരും അസുരന്മാരും വാസുകി എന്ന നാഗരാജാവിനെ ചെന്നു കണ്ടു. അമൃതിന്റെ ഒരംശം കൊടുക്കാം എന്ന് ഏറ്റു. ദേവാസുരന്മാർ മന്ധര പർവ്വതത്തിൽ വാസുകിയെ കെട്ടി പാലാഴി കടയാൻ ആരംഭിച്ചു. വാസുകിയുടെ തലഭാഗത്ത് ദേവകളും വാൽ ഭാഗത്ത് അസുരന്മാരും നിരന്നു. അങ്ങിനെ പാലാഴി കടഞ്ഞു തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ തളർന്നു തുടങ്ങിയ ദേവൻമാർക്കും അസുരന്മാർക്കും മഹാവിഷ്ണു പ്രത്യേക വീര്യം നൽകി. അതോടെ പാലാഴി കടയാൻ പുനരാരംഭിച്ചു. സമുദ്രം ഇളകി മറിഞ്ഞു. അതിൽ നിന്നു പല വിധ വസ്തുക്കൾ പൊങ്ങി വരാൻ തുടങ്ങി. ആദ്യം കാളകൂട വിഷം വന്നതോടെ സമുദ്ര ജീവികളും ഭൂമിയിലുള്ള ജീവികളും അസ്വസ്ഥരായി. പരമശിവൻ അത് ഭക്ഷിച്ചു. ശ്രീ പാർവ്വതി തൽ സമയം ശിവന്റെ കഴുത്തിൽ (കണ്ഠത്തിൽ) പിടിക്കുകയും വിഷം ആമാശയത്തിലേയ്ക്കു പോകുന്നത് തടയുകയും ചെയ്തു. അങ്ങനെ കാളകൂടവിഷം ശിവന്റെ കഴുത്തിൽ പറ്റിച്ചേരുകയും നീലകണ്ഠൻ എന്ന പേര് സിദ്ധിക്കുകയും ചെയ്തു. വീണ്ടും പാലാഴി മഥനം തുടർന്നു. പാലാഴിയിൽ നിന്ന് വിശിഷ്ടമായതും അല്ലാത്തതുമായ പലതും ഉയർന്നു വന്നു. അവസാനമായണ് അമൃത കുംഭം ഉയർന്നു വന്നത്.

പാലാഴിയിൽ നിന്ന് ഉയർന്നു വന്ന വസ്തുക്കൾ ദേവന്മാരും അസുരന്മാരും വീതിച്ചെടുത്തു. പാലാഴി കടഞ്ഞപ്പോൾ ലഭിച്ച പല വിശിഷ്ട വസ്തുക്കളിൽ ഒന്നാണ് കല്പ വൃക്ഷം. ഇത് ദേവൻമാർ കൈക്കലാക്കി.

ദേവന്മാർ അതു കൊണ്ടു പോയി ദേവലോകത്തിൽ നന്ദന വനത്തിൽ നട്ടു നനച്ചു. കൽപവൃക്ഷത്തിൽ നിന്ന് അഭീഷ്ട വസ്തുക്കൾ ലഭിച്ചുകൊണ്ടിരുന്നു. കാലങ്ങൾ കഴിഞ്ഞപ്പോൾ രാവണൻ കൽപവൃക്ഷത്തിന്റെ പ്രത്യേകതകളെക്കുറിച്ച് അറിഞ്ഞു. അതിന്റെ ശ്രേഷ്ഠത മനസ്സിലാക്കിയ രാവണൻ കൽപവൃക്ഷത്തിൽ മോഹിതനായി. അങ്ങനെ ഒരു നാൾ രാവണൻ മായാരൂപം പ്രാപിച്ച് എത്തി കൽപവൃക്ഷത്തെ നന്ദന വനത്തിൽ നിന്ന് കടത്തിക്കൊണ്ടു പോയി. അദ്ദേഹം അത് സ്വന്തം രാജ്യമായ ലങ്കയിൽ സ്ഥാപിച്ചു. കൽപ വൃക്ഷം നഷ്ടപ്പെട്ടതറിഞ്ഞ് ഇന്ദ്രൻ വളരെ ദുഃഖിതനായി. ശിവഭക്തനും ശക്തിശാലിയുമായ രാവണനോട് യുദ്ധം ചെയ്യാനാവില്ലെങ്കിലും കൽപവൃക്ഷത്തിന്റെ കാര്യം ഉപേക്ഷിക്കാൻ പറ്റില്ലാത്തതുകൊണ്ട് രാവണനോട് യുദ്ധത്തിന് തയ്യാറായി. ഇന്ദ്രൻ ദേവൻമാരെയും കൂട്ടി രാവണനോട് ഏറ്റുമുട്ടി. എന്നാൽ വീര ശൂര പരാക്രമിയായ രാവണൻ ഇന്ദ്രാദികളെ തുരത്തിയോടിച്ചു.

ഗത്യന്തരമില്ലാതെ ഇന്ദ്രൻ വിഷ്ണുവിനെ ശരണം പ്രാപിച്ചു. വിഷ്ണു കൽപ വൃക്ഷത്തെ വീണ്ടെടുത്തു. ലങ്കയിൽ നിന്ന് കൊണ്ടുവന്ന് തീരദേശത്ത് നട്ടു. അങ്ങിനെ ലങ്കയിൽ നിന്ന് കൽപ വൃക്ഷം അറബിക്കടലിന്റെ തീരത്തെത്തി. കേര വൃക്ഷം തഴച്ചു വളർന്നു. കേരള നാട്ടിലെ കൽപ വൃക്ഷം അതിന്റെ സമൂലം നമുക്കായി നൽകി. കേര വൃക്ഷത്തിന്റെ പത്തായമായി മാറി കേരളം. കേരവൃക്ഷത്തിന്റെ മാറിൽ മഞ്ഞിന്റെ കളഭം ചാർത്തി ശ്രുതി ഉണർത്തുന്ന പ്രഭാതങ്ങളെ വരവേൽക്കാൻ നമുക്ക് ഭാഗ്യമുണ്ടായി. നാളികേരത്തിൽ നിറയുന്ന തീർത്ഥം നെഞ്ചിലേറ്റുമ്പോൾ പുണ്യമായ് നമുക്ക് കേരം മാത്രം. കേര വൃക്ഷം പൂർമ കുംഭങ്ങൾ ചൂടി നിൽക്കുന്ന കാഴ്ച വരും കാലങ്ങളിലേയ്ക്കും നമുക്ക് കാണാൻ ഭാഗ്യം സിദ്ധിക്കട്ടെ. ■



# നാളികേര വികസന ബോർഡിന്റെ 131–ാമത് ബോർഡ് മീറ്റിംങ്



നാളികേര വികസന ബോർഡിന്റെ 131-ാമത് ബോർഡ് മീറ്റിംങ് 2017 ഒക്ടോബർ 6ന് ന്യൂഡൽഹിയിൽ ചേർന്നു. ചെയർമാൻ ഡോ. ബിഎൻഎസ് മൂർത്തി യോഗത്തിൽ അധ്യക്ഷനായിരുന്നു. നാളികേര വികസന ബോർഡിന്റെ ചെയർമാനായി ചാർജെടുത്ത ശേഷമുള്ള ആദ്യ ബോർഡ് മീറ്റിംങ്ങിലേയ്ക്ക് ഡോ. മൂർത്തിയെ ബോർഡ് അംഗങ്ങൾ ഹാർദ്ദമായി സ്വാഗതം ചെയ്തു. നടപ്പു മലയാള വർഷം നാളികേരവർഷമായി ആചരിക്കാനുള്ള കേരള സംസ്ഥാന കൃഷിവകുപ്പിന്റെ തീരുമാനത്തെ യോഗം സ്വാഗതം ചെയ്തു. കൂടാതെ നാളികേര വികസന ബോർഡിന്റെ പ്രദർശന തോട്ട പദ്ധതിയിൽ, അടിത്തൈ വയ്ക്കുന്നതിന് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ആവശ്യമനുസരിച്ച് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള സാമ്പത്തിക സഹായം പ്രയോജനപ്പെടുത്തി കർഷകർക്ക് വിതരണം ചെയ്യാനും യോഗത്തിൽ തീരുമാനമായി.

വൈസ് ചെയർമാൻ ശ്രീ. പിസി മോഹനൻ മാസ്റ്റർ, അംഗങ്ങളായ ഡോ. പി ചൗഡപ്പ( സിപിസിആർഐ) ശ്രീ പി.ആർ മുരളീധരൻ(കേരളം), ശ്രീ എസ് മോഹൻരാജ്( തമിഴ്നാട്), ശ്രീ എം ആർ ശങ്കരനാരായൺ റെഡ്ഡി( കർമാടക) ശ്രീ സഞ്ജീവ് കുമാർ സിംങ് (ബിഹാർ) ശ്രീ ആർ ജനാർദ്ദനൻ (കേരള ഗവൺമെന്റ് അഡീഷണൽ ഡയറക്ടർ), ഡോ. ജിഎസ് പാണ്ഡെ( ജോയിന്റ് ഡയറക്ടർ, അഗ്രിക്കൾച്ചർ എൻജിനിയറിംങ്) ആൻഡമാൻസ് നിക്കോബാർ ഉദ്യോഗസ്ഥർ, നാളികേര വികസന ബോർഡിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരും മീറ്റിംങ്ങിൽ പങ്കെടുത്തു.

# നാളികേര വികസന ബോർഡിൽ വിജിലൻസ് വാരം ആചരിച്ചു






നാളികേര വികസന ബോർഡിൽ 2017 ഒക്ടോബർ 30 മുതൽ നവംബർ 4 വരെ വിജിലൻസ് വാരം ആചരിച്ചു. 'അഴിമതി രഹിത ഇന്ത്യ എന്റെ ദർശനം' എന്നതായിരുന്നു ഈ വർഷത്തെ വിജിലൻസ് വാരാചരണ പ്രമേയം.

നാളികേര വികസന ബോർഡിന്റെ കൊച്ചിയിലുള്ള ആസ്ഥാനത്ത് 2017 ഒക്ടോബർ 30 ന് വാരാചരണത്തിന്റെ ഉദ്ഘാടനം നടന്നു. ബോർഡിന്റെ വിജിലൻസ് ഓഫീസർ കൂടിയായ ഡെപ്യൂട്ടി ഡയറക്ടർ ആർ ജ്ഞാനദേവൻ അഴിമതി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അത് ഏറ്റു ചൊല്ലി ബോർഡിലെ മുഴുവൻ ജീവനക്കാരും പ്രതിജ്ഞ പുതുക്കി. വിജിലൻസ് വാരാചരണത്തിന്റെ പ്രസക്തിയും പ്രാധാന്യവും ശ്രീ ജ്ഞാനദേവൻ പിന്നീട് വിവരിച്ചു. വാരാചരണത്തിന്റെ ഭാഗമായി ഒക്ടോബർ 31 ന് കൊച്ചിൻ ഷിപ്പ് യാർഡിലെ വിജിലൻസ് ഓഫീസർ എ ഡി ബാലസുബ്രഹ്മണ്യം ബോർഡിലെ ജീവനക്കാരെ അഭിസംബോധന ചെയ്തു. കൃത്യനിർവഹണത്തിൽ സുതാര്യതയും ഉത്തരവാദിത്വവും പുലർത്തുകയാണ് സമൂഹത്തിൽ നിന്ന് അഴിമതി നിർമ്മാർജ്ജനം ചെയ്യാനുള്ള ഫലപ്രദമായ നടപടി എന്ന് അദ്ദേഹം വിശദീകരിച്ചു.

വാരാചരണത്തിന്റെ സമാപനം 2017 നവംബർ 3 ന് കൊച്ചിയിൽ ബോർഡ് ആസ്ഥാനത്ത് നടന്നു. മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ സരദിന്ദുദാസ് ചടങ്ങിൽ അധ്യക്ഷനായിരുന്നു. ബോർഡിൽ വിജിലൻസ് വാരാഘോഷത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ബോർഡ് സെക്രട്ടറി ഡോ. എകെ നന്തി വിശദീകരിച്ചു. വിജിലൻസ് ഓഫീസർ ശ്രീ ആർ ജ്ഞാനദേവനും പ്രസംഗിച്ചു. ഡവലപ്മെന്റ് ഓഫീസർ കുമാരവേൽ നന്ദി പറഞ്ഞു.

# നാളികേര വികസന ബോർഡ് ഹോട്ടൽ ടെക് കേരള 2017 – ൽ പങ്കെടുത്തു




കേരളത്തിലെ ആതിഥേയ മേഖലയിലെ പ്രദർശനമായ ഹോട്ടൽടെക് കേരള സെപ്റ്റംബർ 22 മുതൽ 24 വരെ കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച എക്സിബിഷനിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. നാളികേര വികസന ബോർഡ്, കേരള ചാപ്റ്റർ ഓഫ് സൗത്ത് ഇന്ത്യൻ പാചക അസോസിയേഷൻ, കേരള പ്രൊഫഷണൽ ഹൗസ് കീപ്പേർസ് അസോസിയേഷൻ എന്നിവരുടെ പങ്കാളിത്തത്തോടു കൂടി ആഗോള സംഘടനയായ സൗത്ത് ഏഷ്യ എക്സിബിഷൻ നെറ്റ്‌വർക്കിൽ അംഗമായ ക്രൂസ് എക്സ്പോയാണ് പ്രദർശനം സംഘടിപ്പിച്ചത്. പ്രദർശനത്തിൽ കേരളത്തിലെ പ്രമുഖ ഹോട്ടലുകളിലെ 100 ഓളം പാചക വിദഗ്ധർ പങ്കെടുത്തു. കേരാടെക്ക് കമ്പനി സ്പോൺസർ ചെയ്ത ശുദ്ധമായ വെളിച്ചെണ്ണ ഉപയോഗിച്ചുള്ള ലൈവ് പാചക മത്സരത്തിൽ 30 ഷെഫുമാർ പങ്കെടുത്തു. മികച്ച ഷെഫിനുള്ള പുരസ്കാരം കൊച്ചിയിലെ ഹോട്ടൽ റാഡിക്കൽ ബ്ലൂവിലെ ഷെഫ് അനൂപ് ജോസഫ് കരസ്ഥമാക്കി.

കേരളത്തിലെ ഹോട്ടൽ മേഖലയ്ക്ക് കേരോത്പന്ന നിർമ്മാതാക്കളുമായും വിതരണക്കാരുമായും ബന്ധപ്പെടുവാൻ മൂന്നു ദിവസം നീണ്ടു നിന്ന പ്രദർശനത്തിലൂടെ സാധിച്ചു. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഹോട്ടലുകളും റിസോർട്ടുകളും പ്രദർശനത്തിൽ പങ്കെടുത്തു. കോക്കനട്ട് ഷെൽ ചാർക്കോൾ ബ്രിക്കറ്റുകൾ ഹോട്ടൽ ബിസിനസ്സ് മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് മേളയിൽ പങ്കെടുത്ത ഫ്ളയറോൺ കമ്പനി സന്ദർശകരെ ബോധ്യപ്പെടുത്തി. ഫ്ളയറോൺ കോക്കനട്ട് ഷെൽ ചാർക്കോൾ പുക കുറഞ്ഞതും തുലനാവസ്ഥയിൽ ജ്വലിക്കുന്നതും രാസവസ്തുക്കൾ അടങ്ങിയിട്ടില്ലാത്തതിനാൽ ജൈവീകമായി വളരെ കുറഞ്ഞ കലോറി മൂല്യത്തിൽ രുചികരമായ ഭക്ഷണം തയ്യാറാക്കാവുന്നതുമാണ്. വിവിധ ഇനം ഭക്ഷ്യോത്പന്നങ്ങൾ ബാർബിക്യൂവിൽ തയ്യാറാക്കികൊണ്ട് ഷെൽ ചാർക്കോൾ ബ്രിക്കറ്റിന്റെ ഗുണമേന്മ സന്ദർശകർക്ക് പരിചയപ്പെടുത്തി. ഷെൽ ചാർക്കോളും സ്റ്റാർച്ചും സംസ്കരണ പ്രക്രിയയിലൂടെ സംയോജിപ്പിച്ച് പ്രത്യേകം അച്ചിൽ തയ്യാറാക്കി ഡയമണ്ട് രൂപം നൽകിയിട്ടുള്ള ഈ മികച്ച ചാർക്കോൾ ഇന്ധനം ബാർബിക്യൂ കുക്കിംഗിന് തികച്ചും മുതൽക്കൂട്ടാണ്. നാളികേര വികസന ബോർഡിന്റെ ടെക്നോളജി മിഷൻ പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ തമിഴ്നാട് പല്ലടത്തുള്ള യൂണിവേഴ്സൽ ട്രേഡിംഗ് കമ്പനിയാണ് ഫ്ളേയർ ഓൺ ചാർക്കോളിന്റെ നിർമ്മാതാക്കൾ. യുവ സംരംഭകനായ ശ്രീ. സത്യപ്രകാശിന്റെ നേതൃത്വത്തിൽ ഫ്ളേയർ ഓൺ ചാർക്കോൾ യുഎസ്, ഗ്വാട്ടിമാല, ന്യൂജെഴ്സി, ചൈന, സ്പെയ്ൻ, ടർക്കി, തായ്‌വാൻ, ഗൾഫ് രാജ്യങ്ങൾ തുടങ്ങിയ 17 രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നു. കേരളം, കർണ്ണാടക, മഹാരാഷ്ട്രാ തുടങ്ങിയ ഹോട്ടൽ ഇൻഡസ്ട്രീസിൽ ഈ ഉത്പ്പന്നം വിതരണം ചെയ്യുന്നു. ■




*തയ്യാറാക്കിയത് : മിനി മാത്യൂ,*
*പബ്ലിസിറ്റി ഓഫീസർ, നാളികേര വികസന ബോർഡ്.*





# എട്ട് ജില്ലകളിൽ സംയോജിത നാളികേര കൃഷി ബോധവത്ക്കരണവും ശില്പശാലകളും

സംയോജിത നാളികേര കൃഷിയിലൂടെ നാളികേര മേഖലയിൽ നിന്നുള്ള ഉത്പാദനവും ഉത്പാദനക്ഷമതയും ഉയർത്തുന്നതിന് നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് എട്ട് ജില്ലകളിൽ ബോധവത്ക്കരണവും ശില്പശാലകളും നടത്തി. ഈ നാളികേര മേഖലകളിൽ കൃഷിക്കാരുടെ കൂട്ടായ്മകൾ വഴി സംയോജിത നാളികേര കൃഷിയുടെ പ്രദർശന തോട്ടങ്ങൾ ഒരുക്കാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. ഈ തോട്ടങ്ങളിൽ, ഇടവിളകളുടെ കൃഷി, സംയജിത വളപ്രയോഗം, മരുന്നു തളി, യന്ത്രവത്ക്കരണം എന്നിവ നടപ്പാക്കും. പദ്ധതികൾ വിശദീകരിക്കുന്നതിനായി തെരഞ്ഞെടുത്ത നാളികേര ഉത്പാദക ഫെഡറേഷനുകളിൽ കഴിഞ്ഞ മാസം ശില്പശാലകൾ നടന്നു. വിവിധ കേന്ദ്രങ്ങളിൽ നടന്ന ശില്പശാലകളുടെ

**റിപ്പോർട്ടുകൾ തയ്യാറാക്കിയത് :**

കെ. എസ്. സെബാസ്റ്റ്യൻ, വി. സി. വസന്തകുമാർ, കെ.കെ സുഭാഷ്, എസ്. കുമാരവേൽ,
എ ജയശ്രീ , വിൻസി വർഗ്ഗീസ്, എം. എ. ലീനാമോൾ, പി. വി. പ്രീതാകുമാരി

## മാനന്തവാടി

മാനന്തവാടി നാളികേര ഉത്പാദക ഫെഡറേഷനിലെ തെരഞ്ഞെടുക്കപ്പെട്ട കേരകർഷകർക്കായി നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ സംയോജിത കേരവികസനം എന്ന വിഷയത്തെ സംബന്ധിച്ച് ശില്പ ശാല നടത്തി. പയ്യമ്പള്ളി സെന്റ് കാതറൈൻസ് പള്ളി ഓഡിറ്റോറിയത്തിൽ 2017 ഒക്ടോബർ 26 ന് രാവിലെ 9.30 ന് ആരംഭിച്ച ശില്പ ശാല മാനന്തവാടി നഗരസഭാ അധ്യക്ഷൻ വി ആർ പ്രവീജ് ഉദ്ഘാടനം ചെയ്തു. മാനന്തവാടി നാളികേര ഉത്പാദക ഫെഡറേഷനൻ പ്രസിഡന്റ് എ ദേവസ്യ അധ്യക്ഷനായിരുന്നു. ഫെഡറേഷനു കീഴിലുള്ള ഉത്പാദക സംഘങ്ങളിലെ മികച്ച കർഷകരെ നാളികേര വികസന ബോർഡ് വൈസ് ചെയർമാൻ സിപി മോഹനൻ മാസ്റ്റർ പൊന്നാട അണിയിച്ച് ആദരിച്ചു.



*ശില്പശാലയുടെ ഉദ്ഘാടനം നാളികേര വികസന ബോർഡ് വൈസ് ചെയർമാൻ പി.സി മോഹനൻ മാസ്റ്റർ നിർവ്വഹിക്കുന്നു*

നാളികേര വികസന ബോർഡ് ടെക്നിക്കൽ ഓഫീസർ വിൻസി വർഗീസ് പദ്ധതി വിശദീകരണം നടത്തി. വയനാട് നാളികേര ഉത്പാദക കമ്പനി ചെയർമാൻ സെബാസ്റ്റ്യൻ വെള്ളാക്കുഴി മുഖ്യ പ്രഭാഷണം നടത്തി. വയനാട് നാളികേര ഉത്പാദക കമ്പനി ഡയറക്ടർ എം ജെ വർക്കി, പയ്യമ്പിള്ളി വാർഡ് കൗൺസിലർ വർഗീസ് ജോർജ് എന്നിവർ ആശംസകൾ നേർന്നു.

തുടർന്ന് ശാസ്ത്രീയ തെങ്ങുകൃഷിയും പരിപാലനവും എന്ന വിഷയത്തെ കുറിച്ച് എടവക കൃഷി ഓഫീസർ കെ മമ്മുട്ടി ക്ലാസ് എടുത്തു. മാനന്തവാടി ഫെഡറേഷൻ കെ ജെ ഏബ്രഹാം സ്വാഗതവും കൂടൽക്കടവ് ഫെഡറേഷൻ പ്രസിഡന്റ് ബാല കൃഷ്ണൻ നന്ദിയും പറഞ്ഞു.

## കാളികാവ്

കാളികാവ് നാളികേര ഉത്പാദക ഫെഡറേഷന്റെയും നാളികേര വികസന ബോർഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 2017 നവംബർ 1 – ന് അഞ്ചച്ചവിടി സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ സംയോജിത നാളികേര വികസന പദ്ധതിയെ കുറിച്ച് ശില്പശാല നടത്തി. മലപ്പുറം നാളികേര ഉത്പാദക കമ്പനി ചെയർമാൻ ഡോ. വി കുഞ്ഞാലി അധ്യക്ഷനായിരുന്നു. നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെഎസ് സെബാസ്റ്റ്യൻ പദ്ധതി വിശദീകരിച്ചു. കാളികാവ് ഫെഡറേഷന് രണ്ടു വർഷത്തേയ്ക്ക് ഒരു കോടി രൂപയുടെ ധനസഹായമാണ് പദ്ധതി വഴി ലഭിക്കുക എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കൃഷി ഓഫീസർ മുരളീധരൻ, റിട്ടയേഡ് കൃഷി ഡപ്യൂട്ടി ഡയറക്ടർ ശാരങ്കൻ എന്നിവർ ക്ലാസുകൾ നയിച്ചു. ഫെഡറേഷൻ പ്രസിഡന്റ് സി പി മുഹമ്മദാലി സ്വാഗതവും സെക്രട്ടറി അബ്ദുൾ ബഷീർ നന്ദിയും പറഞ്ഞു.

## ചങ്ങനാശേരി




നാളികേര വികസന ബോർഡിന്റെയും ചങ്ങനാശേരി റീജണൽ ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ സംയോജിത നാളികേര വികസന പദ്ധതിയെ കുറിച്ച് ഏകദിന ശില്പശാല നടത്തി. കൂത്രപ്പള്ളി സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ 2017 ഒക്ടോബർ 27 നു നടത്തിയ ശില്പശാല ഡോ.എൻ ജയരാജ് എം എൽ എ ഉദ്ഘാടനം ചെയ്തു. തെങ്ങ് കേരളീയന് സമൃദ്ധിയുടെ പ്രതീകമാണ്. കേരളത്തിലെ കാർഷിക വിളകളിൽ പ്രഥമ സ്ഥാനം ഇപ്പോഴും തെങ്ങിനു തന്നെ. കേരളത്തിലെ കാർഷിക വരുമാനത്തിന്റെ മൂന്നിലൊന്ന് തെങ്ങിന്റെ സംഭാവനയാണ് - എം എൽ എ വ്യക്തമാക്കി. തെങ്ങുകൃഷിയിൽ കൂടുതൽ ശാസ്ത്രീയ സമീപനം ആവശ്യമാണ്. അതിനുള്ള പരിശീലനം നല്കുന്ന ഇത്തരം ശില്പശാലകൾ മാതൃകാപരമായ സേവനമാണ് നടത്തുന്നത് എന്നു അദ്ദേഹം തുടർന്നു.

ശില്പശാലയ്ക്കു മുന്നോടിയായി നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ഫെഡറേഷൻ രക്ഷാധികാരി വിഒ ഔതക്കുട്ടി അധ്യക്ഷനായിരുന്നു. കൂത്രപ്പള്ളി വികാരി ഫാ.ഫിലിപ് വൈക്കത്തുകാരൻ ആശംസകൾ നേർന്നു. നാളികേര വികസന ബോർഡ് മാർക്കറ്റ് പ്രമോഷൻ ഓഫീസർ എംഎ ലീനമോൾ സിപിഎസുകൾ അനുവർത്തിക്കേണ്ട ഭാവി പ്രവർത്തനങ്ങൾ വിശദീകരിച്ചു. കോട്ടയം കോക്കനട്ട് കമ്പനി ചെയർമാൻ അഡ്വ. പിസി മാത്യു, ജില്ലാ പഞ്ചായത്ത് അംഗം അജിത് മുതിരമല, വിവിധ സിപിഎസ് പ്രസിഡന്റുമാരായ ജോയിച്ചൻ നാരോലി (പനയമ്പാല) പിഎം കുര്യൻ( പാമ്പാടി) ഫാ.ഏബ്രഹാം കോർഎപ്പിസ്കോപ്പ( തൃക്കോതമംഗലം) തോമസ് ( പാലയ്ക്കൽ) എന്നിവർ വിശദീകരണ പ്രസംഗങ്ങൾ നടത്തി.ഫെഡറേഷൻ പ്രസിഡന്റ് വർഗീസ് തട്ടാരടി സ്വാഗതവും സെക്രട്ടറി ഒ.ജെ വർഗീസ് നന്ദിയും പറഞ്ഞു.

ഉച്ചകഴിഞ്ഞു നടന്ന ശില്പശാലയിൽ മാടപ്പള്ളി ബ്ലോക്ക് കൃഷി ടെക്നിക്കൽ ഓഫീസർ വിന്നി മാത്യു തെങ്ങിന്റെ നവീന കൃഷി രീതികളെ കുറിച്ചും ശാസ്ത്രീയ വളപ്രയോഗത്തെ കുറിച്ചും ക്ലാസ് നയിച്ചു. വിഒ ഔതക്കുട്ടി തെങ്ങിന്റെ രോഗകീട ബാധ, പ്രതിരോധ മാർഗ്ഗങ്ങൾ എന്ന വിഷയത്തെ കുറിച്ചും സംസാരിച്ചു. പനയമ്പാല, തൃക്കോതമംഗലം, പാലയ്ക്കൽ, പാമ്പാടി എന്നീ നാളികേര ഉത്പാദക സംഘങ്ങളിൽ നിന്നും കൂത്രപ്പള്ളി ഫെഡറേഷനിൽ നിന്നും അനേകം നാളികേര കൃഷിക്കാർ ശില്പശാലയിൽ പങ്കെടുത്തു.

## അങ്ങാടിപ്പുറം




നാളികേരത്തിന്റെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ വിപണിയിൽ വ്യാപകമാവുകയും ആവശ്യക്കാർ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നാളികേരത്തിന്റെ ഉൽപാദനം വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന് ടി. എ. അഹമ്മദ് കബീർ എം.എൽ.എ വ്യക്തമാക്കി. നാളികേരത്തിന് കൂടുതൽ വിലയും ഉൽപാദനവർദ്ധനവിലൂടെ കൂടുതൽ വരുമാനവും ലഭ്യമാക്കി നാളികേര കർഷകന്റെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ നമുക്ക് കഴിയണം. അതിന് സഹായകമാകുന്ന വിധത്തിൽ നാളികേര വികസന ബോർഡിന്റെ എൽ.ഒ.ഡി.പി. പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ നാളികേര കർഷകർ തയ്യാറാവണമെന്നും എം.എൽ.എ ആഹ്വാനം ചെയ്തു. ഫെഡറേഷനിൽ അംഗങ്ങളായിട്ടുള്ള 11 സംഘങ്ങളിലായി 780 കർഷകരുണ്ട്. ഇവരുടെ 55,639 ഓളം തെങ്ങുകൾക്ക് എൽ.ഒ.ഡി.പി. പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തിയാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയും. വള്ളുവനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി വേഗത്തിൽ പ്രവർത്തനം തുടങ്ങാൻ ആവശ്യമായ മൂലധന സമാഹരണത്തിനും, കേര കർഷകർ മുന്നോട്ടുവരണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒ. കേശവൻ അദ്ധ്യക്ഷത വഹിച്ചു. നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെ.എസ്. സെബാസ്റ്റ്യൻ പദ്ധതി വിശദീകരിച്ചു. അങ്ങാടിപ്പുറം സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് പി. രാധാകൃഷ്ണൻ വള്ളുവനാട് കോക്കനട്ട പ്രൊഡ്യൂസർ കമ്പനി ചെയർമാൻ യു. കുഞ്ഞി മുഹമ്മദ്, അങ്ങാടിപ്പുറം കൃഷി ഓഫീസർ റെജീന വാസുദേവൻ, ഫെഡറേഷൻ വൈസ് പ്രസിഡന്റ് എ. പി. വർഗ്ഗീസ് ജോയിന്റ് സെക്രട്ടറി പി. കുഞ്ഞി മുഹമ്മദ്, ട്രഷറർ കുന്നത്ത് ആലി ഹാജി, കളത്തിൽ ഹംസ ഹാജി, പി. ടി. റഷീദ്, എം. ഹംസത്തലി, ടി. ഉമ്മർ, സി. മുഹമ്മദ്, ടി. അബ്ദു റഹിമാൻ, എം. സി. അബ്ദുള്ള, വി. ടോമി, പി. ടി. വീരാൻ കുട്ടി, പി. ഹംസപ്പ, സി. അബ്ദുള്ള, ടി. അബൂട്ടി, കെ. കെ.സി.എം. അബു താഹിർ തങ്ങൾ, പി. പി. റെജി എന്ന ആന്റണി പോൾസൺ, കെ. ടി. നിഷാദ് ബാബു, എ. പി. സുലൈമാൻ, എ. അബ്ദുസ്സലാം എന്നിവർ ആശംസകൾ നേർന്നു ഫെഡറേഷൻ പ്രസിഡന്റ് ബാപ്പുട്ടി തിരൂർക്കാട് സ്വാഗതവും സെക്രട്ടറി മുഹമ്മദ് കബീർ പതാരി നന്ദിയും പറഞ്ഞു.

## കയ്പമംഗലം



നാളികേര ഫെഡറേഷന്റെ നേതൃത്വത്തിൽ 2017 ഒക്ടോബർ 24 ന് തൃശ്ശൂരിലെ കയ്പമംഗലം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സംയോജിത നാളികേര വികസന പദ്ധതിയെക്കുറിച്ച് സെമിനാർ നടത്തി. ഇതോടനുബന്ധിച്ചു നടന്ന ചടങ്ങിൽ ഫെഡറേഷൻ സെക്രട്ടറി ഫാത്തിമ സന്തോഷ് സ്വാഗതം പറഞ്ഞു. ഫെഡറേഷന്റെ പ്രസിഡണ്ട് കെ.ബി. അനിൽ അദ്ധ്യക്ഷത വഹിച്ചു. കയ്പമംഗലം എം.എൽ.എ ഇ.ടി. ടൈറസ് സെമിനാർ ഉദ്ഘാടനം ചെയ്തു. ഫെഡറേഷന്റെ പ്രവർത്തനങ്ങളിലൂടെ, നാളികേര വികസന ബോർഡിന്റെ ആനുകൂല്യങ്ങൾ കർഷകരിലേക്ക് എത്തുതിൽ എം.എൽ.എ സന്തോഷം പ്രകടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി.വി. സുരേഷ് ബാബു മുഖ്യാതിഥിയായിരുന്നു. ഫെഡറേഷന്റെ മുൻ സെക്രട്ടറി എം.ഡി. സുരേഷ്, പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പ്രണവ്. എൻ.എസ്, ക്ഷേമകാര്യ വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ . അഖില വേണി, പഞ്ചായത്ത് മെമ്പർമാരായ സുരേഷ് കൊച്ചുവീട്ടിൽ, പി.എ. സജീർ എന്നിവർ ആശംസകൾ നേർന്നു.

പഞ്ചായത്തിലെയും, സി.ഡി.ബിയിലെയും വളം വിതരണങ്ങൾ പരസ്പര സഹകരണത്തോടെ നടത്തണമെന്ന് കൃഷി ഓഫീസർ അനില മാത്യു അഭിപ്രായപ്പെട്ടു. എൽഒഡിപി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെയും, സംഘങ്ങളുടെ ഉത്തരവാദിത്വങ്ങളെയും കുറിച്ച് നാളികേര വികസന ബോർഡ് ചാർജ് ഓഫീസർ കെ.കെ. സുഭാഷ് വിശദീകരിച്ചു. ഉച്ചകഴിഞ്ഞ് നാളികേര കൃഷി, ഇടവിള, രോഗകീട നിവാരണം എന്ന വിഷയത്തെ കുറിച്ച് നടന്ന സെമിനാർ യു. ദിവാകർ നയിച്ചു. നൂറിലധികം കർഷകർ പങ്കെടുത്ത പരിപാടി വളരെജനശ്രദ്ധ നേടി. നാളികേര ഫെഡറേഷന്റെ ട്രഷറർ അശോകൻ നന്ദി പറഞ്ഞു.



## വെള്ളാങ്കല്ലൂർ

നാളികേര വികസന ബോർഡിന്റെയും വെള്ളാങ്കല്ലൂർ നാളികേര ഉത്പാദക ഫെഡറേഷന്റെയും ആഭിമുഖ്യത്തിൽ സംയോജിത നാളികേര വികസന പദ്ധതിയെ കുറിച്ച് ഏകദിന ശില്പ ശാല നടത്തി. വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ 2017 ഒക്ടോബർ 25 ന് നടന്ന ശില്പശാല വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാജി നക്കര ഉദ്ഘാടനം ചെയ്തു. വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പ്രസന്ന മുഖ്യാതിഥി ആയിരുന്നു. നാളികേര വികസന ബോർഡ് തൃശൂർ ജില്ലാ ചാർജ് ഓഫീസർ കെ.കെ സുഭാഷ് പദ്ധതിയെക്കുറിച്ച് വിശദീകരണം നടത്തി.

ശില്പശാലയിൽ 135 കൃഷിക്കാർ പങ്കെടുത്തു. പഞ്ചായത്ത് ജൈവകൃഷി മാത്രം പിന്തുടരുന്നതിനാൽ എല്ലാ കൃഷിക്കാരും ജൈവവളം മാത്രം ഉപയോഗിക്കാൻ തീരുമാനിച്ചു. രോഗകീട നിയന്ത്രണത്തിനായി ട്രൈക്കോഡർമയും സ്യൂഡോമോണസും പോലുള്ള ജൈവ നിയന്ത്രമ മാർഗ്ഗങ്ങൾ അവലംബിക്കാനും കൃഷിക്കാർ തീരുമാനിച്ചു.

## പെരുമ്പടപ്പ്

നാളികേര വികസന ബോർഡ് വഴി നടപ്പാക്കുന്ന സംയോജിത കേര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പെരുമ്പടപ്പ് മഹാത്മ ഫെഡറേഷനിലെ ഉത്പാദക സംഘങ്ങൾക്ക് വേണ്ടി 2017 ഒക്ടോബർ 25 ന് ഏകദിന ശിൽപശാല നടത്തി. പാലപ്പെട്ടി, കോടത്തൂർ, സൗത്ത് തവളക്കുന്ന്, പെരുമ്പടപ്പ് എന്നീ സംഘങ്ങളിൽ നിന്ന് നൂറിലധികം കർഷകരും ഫെഡറേഷൻ ഭരണ സമിതി അംഗങ്ങളും ശിൽപശാലയിൽ പങ്കെടുത്തു.

ശിൽപശാലയുടെ ഔപചാരിക ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. എം. എ തങ്ങൾ നിർവ്വഹിച്ചു. മഹാത്മ ഫെഡറേഷൻ പ്രസിഡന്റ് പി. എ. അഹമ്മദ് ആദ്ധ്യക്ഷ്യം വഹിച്ചു. പെരുമ്പടപ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ കെ. ചന്ദ്രൻ, പഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞുമോൻ പൊനാടൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജമീലമുഹമ്മദ് പഞ്ചായത്ത് മെമ്പർ സുഹ്റ, കൈതക്കാട്ടിൽ മൊയ്തു, കെ. ടി. റസാഖ് തുടങ്ങിയവർ ആശംസകൾ നേർന്നു.

തുടർന്ന് നടന്ന ടെക്നിക്കൽ സെഷനിൽ നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെ. എസ്. സെബാസ്റ്റ്യൻ മുഖ്യ പ്രഭാഷണം നടത്തി. നാളികേര വികസന ബോർഡ് ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികളെപ്പറ്റി അദ്ദേഹം വിശദീകരിച്ചു.






## ചേളന്നൂർ

നാളികേര വികസന ബോർഡിന്റെയും ചേളന്നൂർ ബ്ലോക്ക് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴസ് സൊസൈറ്റിയിലെ ഗ്രാമശ്രീ നാളികേര ഉത്പാദന സംഘവും ചേർന്നു നടപ്പാക്കുന്ന സംയോജിത നാളികേര വികസന പദ്ധതിയുട ഉദ്ഘാടനം നന്മണ്ട ബാലബോധിനി ഹാളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുണ്ടൂർ ബിജു നിർവഹിച്ചു. ഇതോടനുബന്ധിച്ചു നടന്ന ശില്പശാലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസ് റിസേർച്ചിലെ ചീഫ് ടെക്നിക്കൽ ഓഫീസർ ഡോ. ഹംസ തെങ്ങുകൃഷിയും ശാസ്ത്രീയ വളപ്രയോഗവും എന്ന വിഷയത്തെ കുറിച്ച് ക്ലാസ് നയിച്ചു. കീട രോഗ ബാധകളും പ്രതിവിധികളും എന്ന വിഷയത്തെ കുറിച്ച് പെരുവണ്ണാം മൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഡോ. ഐശ്വര്യ സംസാരിക്കുകയും കൃഷിക്കാരുടെ സംശയങ്ങൾക്കു മറുപടി നല്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് സംയോജിത കേര വികസന പദ്ധതിയെ കുറിച്ച് നാളികേര വികസന ബോർഡ് ഡവലപ്മെന്റ് ഓഫീസർ ജയശ്രീ വിശദീകരിച്ചു.

ചടങ്ങിൽ ചേളന്നൂർ ബ്ലോക്ക് നാളികേര ഉത്പാദക ഫെഡറേഷൻ പ്രസിഡന്റ് പി മുഹമ്മദ് മാസ്റ്റർ അധ്യക്ഷനായിരുന്നു. ഗ്രാമശ്രീ ഉത്പാദക സംഘം വൈസ് പ്രസിഡന്റ് സി.ഭാസ്കരൻ സ്വാഗതവും പ്രസിഡന്റ് കെ ഭാസ്കരൻ നായർ നന്ദിയും പറഞ്ഞു.

## മാറഞ്ചേരി




മാറഞ്ചേരി കേര സുരക്ഷാ നാളികേര ഉത്പാദക ഫെഡറേഷന്റെ കീഴിലുള്ള ഇല്ലം നഗർ, അവിണിത്തറ, പ്രിയദർശിനി, കേരശ്രീ സംഘങ്ങൾക്ക് നാളികേര വികസന ബോർഡ് അനുവദിച്ച് എൽ.ഒ.ഡിപിയുമായി ബന്ധപ്പെട്ട് ഏകദിന കർഷക ശിൽപശാല സംഘടിപ്പിച്ചു. 2017 ഒക്ടോബർ 28 ശനിയാഴ്ച മാറഞ്ചേരി തണൽ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ശിൽപ്പശാല മാറഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഇ. സിന്ധു ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ പ്രസിഡന്റ് ടി. വി. അബ്ബാസ് അധ്യക്ഷനായിരുന്നു. നാളികേര വികസന ബോർഡ് അസി. ഡയറക്ടർ കെ. എസ്. സെബാസ്റ്റ്യൻ പദ്ധതി വിശദീകരിച്ചു. തെങ്ങു കൃഷി ഉത്പാദനക്ഷമതയും വളപ്രയോഗവും എന്ന വിഷയത്തിൽ മലപ്പുറം കെ.വി.കെ. അസി. പ്രൊഫ. സുനിൽ വി. ജി. ക്ലാസ്സെടുത്തു. കെ. സി. അബൂബക്കർ ഹാജി, കെ. അബ്ദുൾ റഷീദ്, ടി. അബ്ദു എന്നിവർ ആശംസകൾ അർപ്പിച്ചു. കെ. യൂസഫ് സ്വാഗതവും എം. കെ. അശോകൻ നന്ദിയും പറഞ്ഞു.

## ബാലുശേരി




ബാലുശേരി പോപ്പുലർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്ന സംയോജിത നാളികേര കൃഷി ശില്പശാല പുരുഷൻ കടലുണ്ടി എം എൽ എ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ നാളികേര വികസന ബോർഡ് വൈസ് ചെയർമാൻ പിസി മോഹനൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. സംയോജിത നാളികേര വികസന പദ്ധതിയെ കുറിച്ച് നാളികേര വികസന ബോർഡ് ഡവലപ്മെന്റ് ഓഫീസർ എ ജയശ്രീ വിശദീകരിച്ചു. തെങ്ങുകൃഷി വളപ്രയോഗവും രോഗപ്രപതിരോധവും എന്ന വിഷയത്തെ കുറിച്ച് കൃഷി ഓഫീസർ വിജയൻ ക്ലാസ് ടെുത്തു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രൂപലേഖ കൊമ്പിലാട്, ഗഫൂർ, അബു, ശ്രീദേവി, ദിലീപ് എന്നിവർ ആശംസകൾ നേർന്നു. പ്രസിഡന്റ് പികെ ഗോപാലൻ സ്വാഗതവും സെക്രട്ടറി പിപി ചന്ദ്രൻ നന്ദിയും പറഞ്ഞു.

# കാസർഗോഡ്



ശാസ്ത്രീയ കൃഷി രീതിയിലൂടെ തെങ്ങുകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുവാനും ഇടവിളയിലൂടെ വരുമാനംവർദ്ധിപ്പിച്ച് നിലവിലെ തോട്ടങ്ങളെ മാതൃകാ കൃഷിതോട്ടങ്ങളായി ഉദ്ദേശിച്ചിട്ടുള്ള എൽ.ഒഡി.പി. പദ്ധതിയിൻ കീഴിൽ മാറ്റാനും കാസർഗോഡ് ജില്ലയിലെ തുളുനാട്നാളികേര ഉൽപാദനക കമ്പനിയുടെ കീഴിലുള്ള ചന്ദ്രഗിരി ഫെഡറേഷനിലെ 10 സിപി.എസ്.ലെ ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഏകദിന ശിൽപശാല 28.10.2017 ൽ കോളിയടുക്കത്തുള്ള സ്വരാജ് ഓഡിറ്റോറിയത്തിൽ നടന്നു. എൽ.ഒഡിപി പദ്ധതിയുടെ നടത്തിപ്പു സംബന്ധിച്ച വിശദ വിവരങ്ങൾ ചർച്ച ചെയ്യുവാനും ഇതിനു കീഴിൽ കർഷകർക്ക് അർഹമായ ജൈവവളം പച്ചില വളം കീട കുമിൾ നാശിനികൾ ഇടവിളകൾ നടീൽ വസ്തു തുടങ്ങിയവ യഥാസമയം ലഭ്യമാക്കുന്നതിനും അത് തെങ്ങുകൾക്ക് നൽകേണ്ടതിന്റെ ആവശ്യകത കർഷകരെ ബോധവാന്മാരാക്കുന്നതിനും ഉദ്ദേശിച്ചായിരുന്നു ഈ ശിൽപശാല. കൂടാതെ തെങ്ങിന്റെ ശാസ്ത്രീയമായ പരിപാലന മുറകളെക്കുറിച്ച് സി.പി.സി.ആർ.ഐയിൽ നിന്നും സംസ്ഥാന കൃഷി വകുപ്പിൽ നിന്നും വന്ന വിദഗ്ധരുമായി സംവദിച്ച് സംശയ ദൂരീകരണത്തിനുതകുന്ന വിധത്തിലായിരുന്നു ശിൽപശാലയിലെ കാര്യപരിപാടികൾ വിഭാവനം ചെയ്തത്. ഏകദേശം 400 കർഷകർ വിവിധ കർഷക കൂട്ടായ്മകളിൽ നിന്നായി ശിൽപശാലയിൽ സംബന്ധിച്ചു.

രാവിലെ മുതൽ 10 മണിക്ക് ഈശ്വരപ്രാർത്ഥനയോടുകൂടി ആരംഭിച്ച ശിൽപശാലയിൽ ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. എസ്. വി. പ്രകാശൻ സ്വാഗതം ആശംസിച്ചു. ചെമ്മനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കല്ലട അബ്ദുൾ ഖാദറാണ് യോഗ നടപടികൾ നിയന്ത്രിച്ചത്. ശിൽശാല ഉദ്ഘാടനം ചെയ്തു സംസാരിച്ച മുൻ എം.എൽ.എ. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, ചുരുങ്ങിയ കാലയളവിനുള്ളിൽ കമ്പനിയും, ഫെഡറേഷനും കർഷകർക്ക് വേണ്ടി നടത്തിയ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചു കേര വികസന പദ്ധതികൾ കർഷക കൂട്ടായ്മകൾ വഴി നടപ്പിലാക്കുന്നതിൽ നാളികേര വികസന ബോർഡിനേയും അദ്ദേഹവും അഭിനന്ദിച്ചു. നാളികേര ബോർഡിലെ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ശ്രീ. വി. സി. വസന്തകുമാർ എൽ.ഒ.ഡി.പി. പദ്ധതിയുടെ ഉദ്ദേശത്തേയും നടപ്പിലാക്കുന്ന രീതിയേയും അതിൽ കൃഷിക്കാരുടേയും കർഷക കൂട്ടായ്മകളുടേയും ഭാഗത്തുനിന്ന് ഉണ്ടാകേണ്ട സഹകരണത്തിന്റേയും ആവശ്യകതയെപ്പറ്റി സംസാരിച്ചു. എല്ലാ വിഭാഗങ്ങളുടേയും ഏകോപനത്തിൽ കൂടി മാത്രമേ എൽ.ഒ.ഡി.പി. പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ എന്നും അദ്ദേഹം പറഞ്ഞു.

ഉച്ചയ്ക്കു ശേഷം നടന്ന ടെക്നിക്കൽ ക്ലാസുകൾ സിപിസിആർ.ഐയിൽ നിന്നും വന്ന ശ്രീമതി. ജെസ്മി വിജയനും ചെമ്മനാട് കൃഷി ഓഫീസർ ശ്രീ. ചവന നരസിംഹവും നയിച്ചു. ശാസ്ത്രീയ തെങ്ങുകൃഷിയെ സംബന്ധിച്ചും ഭൂമിയിൽ നിന്നും വിളവ് വർദ്ധിപ്പിക്കേണ്ട ആവശ്യകതയെപ്പറ്റിയും അവർ വിശദമായി കർഷകരുമായി ആശയ വിനിമയം നടത്തി. തുളുനാട് സി.പി.സി ചെയർമാൻ ശ്രീ. സി. ബാലകൃഷ്ണൻ കമ്പനി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് ശിൽപശാലയിൽ സംസാരിച്ചു. വൈകീട്ട് 4 മണിയോടെ ഫെഡറേഷൻ ട്രഷറർ ശ്രീ. ഇ. കുഞ്ഞിക്കണ്ണന്റെ നന്ദി പ്രകടനത്തോടുകൂടി ശിൽപശാല സമാപിച്ചു. കാസർഗോഡ് ജില്ലയിൽ ചന്ദ്രഗിരി ഫെഡറേഷനു കീഴിലുള്ള 10 സി.പി.എസുകളിലെ 541 കർഷകർക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുക. പ്രസ്തുത കർഷകരുടെ 165.01 ഹെക്ടറിലുള്ള 28652 തെങ്ങുകൾക്ക് പദ്ധതിക്കു കീഴിൽ പ്രയോജനം ലഭിക്കും.

# കരുവട്ടൂർ




പായമ്പ്ര നാളികേര ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സംയോജിത കേരവികസന പദ്ധതിയെക്കുറിച്ച് ശില്പശാല നടത്തി. 2017 ഒക്ടോബർ 26 നു കരുവട്ടൂർ പഞ്ചായത്ത് ഹാളിൽ നടന്ന ശില്പശാല കരുവട്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി അപ്പുക്കുട്ടൻ ഉദ്ഘാടനം ചെയ്തു. പായമ്പ്ര നാളികേര പെഡറേഷൻ പ്രസിഡന്റ് കുമാരൻ അധ്യക്ഷതവഹിച്ചു. തുടർന്ന് തെങ്ങു പരിപാലനവും ശാസ്ത്രീയ വള പ്രയോഗവും കീട നിയന്ത്രണവും എന്ന വിഷയം സംബന്ധിച്ച് ഡോ. സുബ്രഹ്മണ്യം ക്ലാസ് എടുത്തു. ഉച്ചകഴിഞ്ഞ് നാളികേര വികസന ബോർഡ് ഡവലപ്മെന്റ് ഓഫീസർ ജയശ്രീ പദ്ധതി വിശദീകരിച്ചു. പായമ്പ്ര ഫെഡറേഷൻ സെക്രട്ടറി എം കെ കുട്ടികൃഷ്ണൻ സ്വാഗതവും വൈസ് പ്രസിഡന്റ് സി കുമാർ നന്ദിയും പറഞ്ഞു.






# കണ്ണൂർ

സംയോജിത നാളികേര വികസന പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ പേരാവൂർ, ഇരിട്ടി ഫെഡറേഷനുകളിൽ എൽഒഡിപി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ശില്പശാലകൾ നടത്തി. കീഴ്പ്പള്ളിയിൽ ഒക്ടോബർ 27 നു നടന്ന ശില്പശാല പേരാവൂർ എംഎൽഎ സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. ആറളം പഞ്ചായത്ത് പ്രസിഡന്റ് ഷിജി നടുപറമ്പിൽ, കൽപ വൃക്ഷ ഫെഡറേഷൻ പ്രസിഡന്റ് സ്കറിയ തുടങ്ങിയവർ സന്നിഹിതരായിരുന്നു. നാളികേര വികസന ബോർഡ് ഡെവലപ് മെന്റ് ഓഫീസർ എസ് കുമാരവേൽ ബോർഡിന്റെ പദ്ധതി വിശദീകരിച്ചു. നാളികേര കൃഷി സംബന്ധിച്ച കൃഷിക്കാരുടെ സം ശയങ്ങൾക്ക് കാർഷിക സർവകലാശാല റിട്ടയേഡ് ഫാംസൂപ്രണ്ട് ലക്ഷ്മണൻ മറുപടി നല്കി.

പേരാവൂർ ഫെഡറേഷന്റെ കീഴിലുള്ള തൊണ്ടിയിൽ ഒക്ടോബർ 27 നു നടന്ന ശില്പശാല പോരാവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജിജി ജോയി ഉദ്ഘാടനം ചെയ്തു.ഇരിട്ടി നാളികേര ഉത്പാദക കമ്പനി ചെയർമാൻ ശ്രീ ജോസഫ് നമ്പുടാകം പേരാവൂർ ഫെഡറേഷൻ പ്രസിഡന്റ് വിപി ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

ഒക്ടോബർ 28 നു തോളമ്പ്രയിൽ നടന്ന ശില്പശാല മാലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി അശോകൻ ഉദ്ഘാടനം ചെയ്തു. മാലൂർ കൃഷി ഓഫീസർ പിഎസ് ശ്രീനിവാസൻ, ഇരിട്ടി നാളികേര ഉത്പാദക കമ്പനി ചെയർമാൻ ശ്രീ ജോസഫ് നമ്പുടാകം ഗ്രാമപഞ്ചായത്ത് അംഗങ്ങൾ എന്നിവർ പ്രസംഗിച്ചു.

എടൂരിൽ ഒക്ടോബർ 28 നു നടന്ന ശില്പശാല ആറളം പഞ്ചായത്ത് പ്രസിഡന്റ് ഷിജി നടുപറമ്പിൽ, ഉദ്ഘാടനം ചെയ്തു.

പേരാവൂരിൽ ഒക്ടോബർ 30 നു നടന്ന ശില്പശാല പേരാവൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബാബു മാസ്റ്റർ ഉദ് ഘാടനം ചെയ്തു. മാലൂർ കൃഷി ഓഫീസർ പിഎസ് ശ്രീനിവാസൻ ക്ലാസ് നയിച്ചു.

## ആദരാഞ്ജലികൾ



തിരുക്കൊച്ചി നാളികേര ഉത്പാദക കമ്പനിയുടെ സ്ഥാപക ചെയർമാനും കൂത്താട്ടുകുളം നാളികേര ഉത്പാദക ഫെഡറേഷൻ പ്രസിഡന്റുമായിരുന്ന, 2017 നവംബർ 19 ന് നിര്യതനായ തിരുമാറാടി ചിറക്കുഴിയിൽ ജോസഫ് ബാബുവിന് നാളികേര വികസന ബോർഡിന്റെ ആദരാഞ്ജലികൾ

# എറണാകുളം





എറണാകുളം ജില്ലയിലെ എൽ.ഒ.ഡി.പി. പദ്ധതി ബോധവൽക്കരണ പരിപാടി ഒക് ടോബർ 26–ാം തീയതി കൽപ്പക ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ എടത്തല രാജീവ് ഗാന്ധി ഓഡിറ്റോറിയത്തിൽ നടത്തി. ഫെഡറേഷന്റെ കീഴിലുള്ള പദ്ധതിയിലുൾപ്പെട്ട 3 സിപി.എസുകളിലെ കർഷകർ പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് സിപി.സി.ആർ.ഐ കായങ്കുളം കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ചന്ദ്രികാ മോഹൻ തെങ്ങിന്റെ ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ചും കീടരോഗ നിയന്ത്രണങ്ങളെപ്പറ്റിയും വിശദമായ ക്ലാസ്സ് എടുത്തു. തുടർന്ന് കർഷകരുടെ തോട്ടങ്ങൾ സന്ദർശിച്ച് തൈകളിൽ കണ്ട കൊമ്പൻ ചെല്ലി ആക്രമണം, കർഷകർക്കു മനസ്സിലാക്കി കൊടുക്കുകയും നിയന്ത്രണ മാർഗ്ഗങ്ങൾ വിശദീകരിക്കുകയും ചെയ്തു. കൂടാതെ ഈ കീടബാധയ്ക്കെതിരെ (FIPRONIL) പ്രയോഗിക്കേണ്ട വിധം കർഷകർക്കു കാണിച്ചു കൊടുക്കുകയും കർഷകരെ കൊണ്ടു തന്നെ അത് ചെയ്യിപ്പിക്കുകയും ചെയ്തു.

ബോർഡിന്റെ ചാർജ്ജ് ഓഫീസർ ലീനാമോൾ എംഎ, പദ്ധതി വിശദീകരണം നടത്തുകയും തുടർന്ന് എല്ലാ സി.പി.എസുകളുടേയും ഈ വർഷത്തെ പദ്ധതിയുടെ കർമ്മ പരിപാടി കർഷക പങ്കാളിത്തത്തോടെ തീരുമാനിക്കുകയും ചെയ്തു.

# ഡിസംബറിലെ കൃഷിപ്പണികൾ

ആർ ജ്ഞാനദേവൻ
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി - 11



**കേരളം / ലക്ഷദ്വീപ്**

### വിത്തുതേങ്ങ തിരഞ്ഞെടുക്കുന്നതിന് മാതൃവൃക്ഷം തിരഞ്ഞെടുക്കാം.

വിത്തുതേങ്ങ ശേഖരണത്തിന് ഉത്തമ മാതൃവൃക്ഷം തെരഞ്ഞെടുക്കുക. ഇരുപത് വർഷത്തിലധികം പ്രായമുള്ള തെങ്ങുകൾവേണം മാതൃവൃക്ഷങ്ങളായി തെരഞ്ഞെടുക്കേണ്ടത്. പതിവായി കായ്ക്കുന്നതും വർഷത്തിൽ എൺപതിലധികം തേങ്ങ ലഭിയ്ക്കുന്നതും രോഗബാധയൊന്നുമില്ലാത്തതുമായ തെങ്ങുകളായിരിയ്ക്കണം. പൊതിച്ച തേങ്ങയ്ക്ക് ശരാശരി 500 ഗ്രാമും കൊപ്രയ്ക്ക് 150 ഗ്രാമും തൂക്കമുണ്ടായിരിക്കണം. മുപ്പതിലധികം നന്നായി വിടർന്ന ഓലകളും ഓലകൾ എല്ലാവശങ്ങളിലേയ്ക്കും വിരിഞ്ഞുനിൽക്കുന്നതും കുടപോലെയുള്ള മണ്ടയുള്ളതുമായ തെങ്ങായിരിയ്ക്കണം. നീളം കുറഞ്ഞതും കരുത്തുറ്റതുമായ ഓലമടൽ തെങ്ങിൻതടിയുമായി നന്നായി ചേർന്നിരിയ്ക്കണം. കുലയുടെ തണ്ട് നീളം കുറഞ്ഞതും ദൃഢവും കരുത്തുറ്റതുമായിരിയ്ക്കണമെന്നുമാത്രമല്ല, കുലയിടിയുന്നതിനുള്ള സാദ്ധ്യത ഉണ്ടായിരിയ്ക്കയുമരുത്. മുകളിൽ പറഞ്ഞ സ്വഭാവ സവിശേഷതകളോട് കൂടിയ മാതൃവൃക്ഷത്തിൽ നിന്നും ജനുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ വിത്തു തേങ്ങ ശേഖരിക്കാം.

ജലസേചന സൗകര്യമുള്ള തോട്ടങ്ങളിൽ മൂന്നാം ഗഡു വളപ്രയോഗം നടത്താം. തെങ്ങിൻ തോട്ടങ്ങളിൽ നേരത്തെ എടുത്ത കണ്ണി (കൂന) തട്ടി നിരത്തുക. മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിനായി തോട്ടത്തിലെ മണ്ണ് മണൽ മണ്ണാണെങ്കിൽ ചെള്ളയും കളിമണ്ണാണെങ്കിൽ മണലും തെങ്ങിനു ചുറ്റും ഇടുക. ജലസേചനത്തിനുള്ള ചാലുകൾ വൃത്തിയാക്കുക. തെങ്ങിന് തടം എടുക്കുക. തടത്തിൽ ഉണങ്ങിയ ഓലയോ മറ്റോകൊണ്ട് പുതയിടുക. നന തുടങ്ങുക. ജലസേചനമുള്ള തെങ്ങിന് മൂന്നാംഗഡു വളം ചേർക്കാം. യൂറിയ, സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ യഥാക്രമം 270 ഗ്രാം, 500 ഗ്രാം, 500 ഗ്രാം വീതം നൽകാവുന്നതാണ്. തെങ്ങിൻ മണ്ട വൃത്തിയാക്കുക. പുതുതായി നട്ട തൈകൾക്ക് തണൽ നാട്ടുക.

ചെങ്കൽ പ്രദേശങ്ങളിൽ മണ്ണിലെ ഈർപ്പം മാറുന്നതിനു മുൻപ് തൈകൾ നടാനുള്ള കുഴികളെടുത്ത് അതിൽ 2 കി. ഗ്രാം വീതം കറിയുപ്പിട്ടാൽ മണ്ണിന്റെ കടുപ്പം ക്രമേണ കുറയും. ആറുമാസം കഴിഞ്ഞ് ഇത്തരം കുഴികൾ തൈ നടാൻ പാകപ്പെട്ടുകിടക്കും.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽകൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10-15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക. മഴക്കാലത്ത് മെറ്റാറൈ

സിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യൂബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

ചെമ്പൻചെല്ലിയെ നശിപ്പിക്കുന്നതിന് ഒരു ശതമാനം വീര്യമുള്ള കാർബറിൽ (ഇമിഡാക്ലോപിഡ് എന്ന കീടനാശിനി 1 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) തെങ്ങിൻ തടിയിൽ കീടം ഉണ്ടാക്കിയ ദ്വാരങ്ങൾ അടച്ചതിനുശേഷം അല്പം മുകളിലായി താഴേക്ക് ചരിഞ്ഞ ഒരു ദ്വാരം ഉണ്ടാക്കി അതിൽ ചോർപ്പ് വെച്ച് ഒഴിച്ചു കൊടുത്തശേഷം ആ ദ്വാരം അടയ്ക്കുക. ചെമ്പൻചെല്ലിക്കെതിരെ ഒരു പ്രദേശത്തൊട്ടാകെയുള്ള കർഷകർക്ക് ഒരുമിച്ച് ഫിറമോൺ കെണി ഉപയോഗിക്കാവുന്നതാണ്.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിച്ച് മണ്ഡരി ബാധയെ നിയന്ത്രിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി. വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളി, 5 ഗ്രാം അലക്കു സോപ്പ് എന്നിവ കലർത്തി മിശ്രിതം തയ്യാറാക്കാം. ആദ്യമായി 5 ഗ്രാം സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അതിൽ 20 മി. ലി. വേപ്പെണ്ണ ഒഴിച്ച് നന്നായി യോജിപ്പിക്കുക. 20 ഗ്രാം വെളുത്തുള്ളി നന്നായി അരച്ച് ബാക്കി അര ലിറ്റർ വെള്ളത്തിൽ കലർത്തുക. ഇത് ഒരു തുണിയിലൂടെ അരിച്ചെടുത്ത്, ആദ്യം തയ്യാറാക്കിയ സോപ്പ്-വേപ്പെണ്ണ മിശ്രിതവുമായി ചേർത്ത് നന്നായി ഇളക്കുക. ഈ മിശ്രിതം അതാതു ദിവസം തന്നെ ഉണ്ടാക്കി ഉപയോഗിക്കേണ്ടതാണ്. വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതത്തിനുപകരം അസാഡിറാക്ടിൻ (0.04 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കാനായി ഉപയോഗിയ്ക്കാം. വേനൽമഴ തുടങ്ങുന്ന ഏപ്രിൽ-മെയ് മാസങ്ങളിൽ, മഴക്കാലം കഴിഞ്ഞ് ഒക്ടോബർ-നവംബർ മാസങ്ങളിൽ, പിന്നീട് ജനുവരി-ഫെബ്രുവരി മാസങ്ങളിൽ എന്നിങ്ങനെ മൂന്നു തവണകളിലായി തളിക്കേണ്ടതാണ്. മണ്ഡരികൾ മോടത്തിനുള്ളിൽ വസിക്കുന്നതിനാൽ കീടനാശിനി പ്രധാനമായും മോടത്തിന് പുറമെയും മോടത്തിന്റെ ഇതളുകൾക്ക് ചുറ്റും പ്രത്യേകിച്ച് മച്ചിങ്ങകളുടേയും 4-5 മാസം പ്രായമുള്ള ഇളം തേങ്ങകളുടേയും പുറത്തു തളിക്കാൻ ശ്രദ്ധിക്കണം. അഞ്ച് ശതമാനം അസാഡിറാക്ടിൻ അടങ്ങിയിട്ടുള്ള ഏഴര മി.ലി. ജൈവിക കീടനാശിനി ഏഴര മി.ലി. വെള്ളത്തിൽ ലയിപ്പിച്ച് വേരിൽകൂടി നൽകുന്നതും ഫലപ്രദമാണ്.

പൂങ്കുലച്ചാഴി വെള്ളയ്ക്കയും മച്ചിങ്ങയും കുത്തി വീഴ്ത്തും. കുത്തേറ്റ ഭാഗത്തെ വിള്ളലുകളിൽ നിന്ന് പശപോലെ കട്ടിയായ ഒരു ദ്രാവകം പുറത്തുവരുന്നത് കാണാം. 0.1 ശതമാനം വീര്യമുള്ള കാർബാറിൽ എന്ന കീടനാശിനി വിടരാത്ത കൊതുമ്പിലും കുലകളിലും തളിയ്ക്കണം. ആവശ്യമെങ്കിൽ ഒന്നര മാസം കഴിഞ്ഞ് മരുന്നുതളി ആവർത്തിയ്ക്കണം.

തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക.  ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പു നിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ, അതായത് ഏപ്രിൽ-മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

**ആൻഡമാൻ /നിക്കോബാർ ദ്വീപുകൾ**

മണൽ പ്രദേശങ്ങളിലും പശിമരാശി മണ്ണുള്ള പ്രദേശങ്ങളിലും കണ്ണികൾ കൂട്ടുക. മറ്റു പ്രദേശങ്ങളിൽ കിളയ്ക്കുകയോ, ഉഴുകയോ ചെയ്യുക.

**തമിഴ്നാട് / പോണ്ടിച്ചേരി**

എല്ലാ വളക്കുഴികളിലും കാർബറിൽ തളിച്ച് കൊമ്പൻ ചെല്ലിയുടെ പുഴുക്കളെ നശിപ്പിക്കുക.

തെങ്ങിൻ തൈകൾക്ക് നന ആരംഭിക്കുക. നഴ്സറി കള വിമുക്തമാക്കുക. വളർച്ച മുരടിച്ച തൈകൾ നീക്കം ചെയ്യുക. വിത്തു തേങ്ങ ശേഖരണത്തിന് ഉത്തമ മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുക്കുക.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിച്ച് മണ്ഡരി ബാധയെ നിയന്ത്രിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി. വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളി, 5 ഗ്രാം അലക്കു സോപ്പ് എന്നിവ കലർത്തി മിശ്രിതം തയ്യാറാക്കാം. ആദ്യമായി 5 ഗ്രാം സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അതിൽ 20 മി. ലി. വേപ്പെണ്ണ ഒഴിച്ച് നന്നായി യോജിപ്പിക്കുക. 20 ഗ്രാം വെളുത്തുള്ളി നന്നായി അരച്ച് ബാക്കി അര ലിറ്റർ വെള്ളത്തിൽ കലർത്തുക. ഇത് ഒരു തുണിയിലൂടെ അരിച്ചെടുത്ത്, ആദ്യം തയ്യാറാക്കിയ സോപ്പ്-വേപ്പെണ്ണ മിശ്രിതവുമായി ചേർത്ത് നന്നായി ഇളക്കുക. ഈ മിശ്രിതം അതാതു ദിവസം തന്നെ ഉണ്ടാക്കി ഉപയോഗിക്കേണ്ടതാണ്. വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതത്തിനുപകരം അസാഡിറാക്ടിൻ (0.04 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കാനായി ഉപയോഗിയ്ക്കാം.

തഞ്ചാവൂർ വാട്ടം രോഗം ബാധിച്ചിട്ടുണ്ടെങ്കിൽ താഴെ പറയുന്ന നടപടികൾ കൈക്കൊള്ളുക. മണ്ണിൽ കൂടി രോഗം പടരാതിരിക്കാൻ രോഗബാധയുള്ള തെങ്ങിനു ചുറ്റും ഒരു മീറ്റർ ആഴത്തിലും 30 സെ.മീ. വീതിയിലുമുള്ള കുഴിയെടുക്കുക. രോഗം രൂക്ഷമായി ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി കത്തിച്ചുകളയുക. തടിയിൽ കേടായ ഭാഗങ്ങൾ ചെത്തി മാറ്റി ചൂടാക്കിയ ടാർ പുരട്ടുക. സാധാരണ രീതിയിലുള്ള വളപ്രയോഗത്തിനു പുറമെ തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്കും മറ്റു ജൈവവളങ്ങളും ചേർക്കുക. തടത്തിൽ ഈർപ്പ സംരക്ഷണത്തിനായി പുതയിടുക.

തെങ്ങോലപ്പുഴുവിന്റെ ആക്രമണമുള്ള പക്ഷം കീടത്തിന്റെ അവസ്ഥയ്ക്കനുസരിച്ച് എതിർപ്രാണികളായ ഗോണിയോസിസ് നെഫാന്റഡീസ്, എലാസ്മസ് നെഫാന്റിഡീസ്, ബ്രാക്കിമേറിയ നോസറ്റോയി എന്നിവയെ നിർദ്ദിഷ്ട തോതിൽ തുറന്നു വിടുക. തീവ്രമായി കീടബാധയേറ്റ തെങ്ങുകളുടെ ഒന്നോ രണ്ടോ പുറം ഓലകൾ വെട്ടിമാറ്റി തീയിട്ടു നശിപ്പിച്ച ശേഷം ബാക്കിയുള്ള ഓലകളിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ചു കൊടുക്കുക. ■

# കമ്പോള അവലോകനം - ഒക്ടോബർ 2017

## ആഭ്യന്തര വില നിലവാരം

### വെളിച്ചെണ്ണ

വെളിച്ചെണ്ണ വിലയിൽ മിക്ക വിപണികളിലും കഴിഞ്ഞ മാസം ഉണർവാണ് കാണാൻ സാധിച്ചത്. കൊച്ചി, കോഴിക്കോട്, ആലപ്പുഴ വിപണികളിൽ ഒക്ടോബർ മാസാദ്യം വെളിച്ചെണ്ണയുടെ വിലയിൽ മാന്ദ്യമായിരുന്നു രേഖപ്പെടുത്തിയത്. കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 16800 രൂപയിലും കോഴിക്കോട്ട് 18500 രൂപയിലുമാണ് വ്യാപാരം ആരംഭിച്ചത്. ആദ്യ രണ്ട് ആഴ്ച്ചകളിൽ മാന്ദ്യം രേഖപ്പെടുത്തിയ മൂന്നു വിപണികളിലും തുടർന്ന് ഉണരുകയായിരുന്നു. കൊച്ചിയിൽ 17900 രൂപയിലും , ആലപ്പുഴയിൽ 17700 രൂപയിലും കോഴിക്കോട് മാർക്കറ്റിൽ 19300 രൂപയ്ക്കുമാണ് വ്യാപാരം അവസാനിച്ചത്. കോഴിക്കേട് വിപണിയിൽ 1100 രൂപയുടെയും കൊച്ചിയിൽ 900 രൂപയുടെയും ആലപ്പുഴയിൽ 800 രൂപയുടെ വീതം നേട്ടത്തിൽ വിപണി ക്ലോസ് ചെയ്തു.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിലും കേരള വിപണിയ്ക്കു സമാനമായ പ്രവണതയാണ് ദൃശ്യമായത്. ക്വിന്റലിന് 15200 രൂപയിൽ ആരംഭിച്ച വെളിച്ചെണ്ണ വ്യാപാരം ക്വിന്റലിന് 800 രൂപ നേട്ടത്തിൽ 16000 രൂപയിൽ ക്ലോസ് ചെയ്തു. ഒക്ടോബർ മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:

പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.10.2017 | 16800 | 16800 | 18500 | 15200 |
| 08.10.2017 | 16700 | 16700 | 18400 | 14800 |
| 15.10.2017 | 16600 | 16600 | 18400 | NR |
| 22.10.2017 | 16705 | 16600 | 18400 | 14867 |
| 31.10.2017 | 17900 | 17700 | 19300 | 16000 |

### ആട്ടു കൊപ്ര

ആട്ടു കൊപ്രയുടെ വില കഴിഞ്ഞ മാസം കൊച്ചി, കോഴിക്കോട്, വിപണികളിൽ വെളിച്ചെണ്ണയുടെ വിലയുമായി ചേർന്നു പോവുകയായിരുന്നു. വ്യാപാരം ആരഭിച്ചപ്പോൾ കൊച്ചിയിൽ ക്വിന്റലിന് 11600 രൂപയും ആലപ്പുഴയിൽ 11300 രൂപയും കോഴിക്കോട് 12100 രൂപയായിരുന്നു വില. എല്ലാ വിപണികളിലും കഴിഞ്ഞ മാസം ആദ്യ മൂന്ന് ആഴ്ച്ചകളിൽ വിലയിൽ മാന്ദ്യമായിരുന്നു അനുഭവപ്പെട്ടത്. നാലാം വാരത്തിൽ ആട്ടു കൊപ്രയുടെ വില ഉയർന്നു. കൊച്ചിയിൽ 12700 രൂപയിലും, ആലപ്പുഴയിൽ 11800 രൂപയിലും, കോഴിക്കോട്ട് 12600 രൂപയിലുമാണ് വ്യാപാരം അവസാനിച്ചത്. കച്ചവടം അവസാനിക്കുമ്പോൾ കൊച്ചിയിൽ 1100 രൂപയും ആലപ്പുഴയിലും കോഴിക്കോട്ടും ക്വിന്റലിന് 500 രൂപ വീതവും നേട്ടമുണ്ടായി.

തമിഴ് നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ വിലയിൽ ഉണർവാണ് അനുഭവപ്പെട്ടത്. ക്വിന്റലിന് 10600 രൂപയിൽ ആരംഭിച്ച വ്യാപാരം ക്വിന്റലിനു 900 രൂപ നേട്ടത്തിൽ 11500 രൂപയിൽ അവസാനിച്ചു. കേരളത്തിലെ വിവിധ കമ്പോളങ്ങളിൽ ആട്ടു കൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.10.2017 | 11600 | 11300 | 12100 | 10600 |
| 08.10.2017 | 11500 | 11200 | 11900 | 10500 |
| 15.10.2017 | 11400 | 11200 | 11900 | NR |
| 22.10.2017 | 11500 | 11200 | 12000 | 10500 |
| 31.10.2017 | 12700 | 11800 | 12600 | 11500 |

### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ വിലയിൽ ഒക്ടോബർ ആദ്യ മൂന്ന് ആഴ്ച്ചകളിൽ മാന്ദ്യം രേഖപ്പെടുത്തി. നാലാം വാരത്തിൽ വില ഉയരുകയും ആ പ്രവണത തുടരുകയും ചെയ്തു. കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 14300 രൂപയിൽ ആരംഭിച്ച വ്യാപാരം മാസ അവസാനം ക്വിന്റലിന് 1000 രൂപ ലാഭത്തിൽ 15300 രൂപയിലാണ് ക്ലോസ് ചെയ്തത്. ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 3 ൽ:

പട്ടിക 3 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.10.2017 | 14300 |
| 08.10.2017 | 13500 |
| 15.10.2017 | 13200 |
| 22.10.2017 | 15000 |
| 31.10.2017 | 15300 |



**ഉണ്ട കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ഒക്ടോബർ മാസത്തിലുടനീളം ഉണ്ട കൊപ്രയുടെ വിലയിൽ ചാഞ്ചാട്ടമാണ് കണ്ടത്. ക്വിന്റലിന് 13000 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവസാനം 200 രൂപ നഷ്ടത്തിൽ ക്വിന്റലിന് 12800 രൂപയിൽ അവസാനിച്ചു. ഉണ്ടകൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 4 ൽ :

പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | തിപ്തൂർ |
|---|---|
| 01.10.2017 | 13000 |
| 08.10.2017 | 12100 |
| 15.10.2017 | 11300 |
| 22.10.2017 | 12000 |
| 31.10.2017 | 12800 |



**ഇളനീർ**

കർണ്ണാടകയിലെ മദൂർ വിപണിയിൽ ഒക്ടോബർ മാസം രേഖപ്പെടുത്തിയ ഇളനീരിന്റെ വില ആയിരത്തിന് 10000 രൂപയായിരുന്നു. മാസാദ്യം മുതൽ അവസാനം വരെ വിപണി ഇതെ വിലസ്ഥിരത നിലനിർത്തി. ഇളനീരിന്റെ വാരാന്ത്യ വില നിലവാരം പട്ടിക 7 ൽ:

പട്ടിക 7 : ഇളനീരിന്റെ വാരാന്ത്യ വില മദൂർ വിപണിയിൽ (ആയിരത്തിന്)

| | |
|---|---|
| 01.10.2017 | 10000 |
| 08.10.2017 | 10000 |
| 15.10.2017 | 10000 |
| 22.10.2017 | 10000 |
| 31.10.2017 | 10000 |

**കൊട്ട തേങ്ങ**

കോഴിക്കോട് വിപണിയിൽ കൊട്ട തേങ്ങയുടെ വില ഒക്ടോബർ മാസത്തിൽ മാന്ദ്യമാണ് പൊതുവിൽ രേഖപ്പെടുത്തിയത്. ക്വിന്റലിന് 10300 രൂപയിൽ ആരംഭിച്ച വ്യാപാരം നാലാം വാരത്തിൽ ക്വിന്റലിന് 450 രൂപ നഷ്ടത്തിൽ 9850 രൂപയിൽ അവസാനിച്ചു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:

പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് )

| | |
|---|---|
| 01.10.2017 | 10300 |
| 08.10.2017 | 9850 |
| 15.10.2017 | 9850 |
| 22.10.2017 | 9850 |
| 31.10.2017 | 9850 |



**നാളികേരം**

നെടുമങ്ങാട് വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വില ഒക്ടോബർ മാസത്തിൽ ആയിരത്തിന് 18000 രൂപയ്ക്ക് ആരംഭിച്ച് 1000 രൂപ നേട്ടത്തിൽ 19000 ൽ ക്ലോസ് ചെയ്തു. തമിഴ്നാട്ടിലെ പൊള്ളാച്ചി വിപണിയിൽ 17000 രൂപയിൽ ആരംഭിച്ച നാളികേര വ്യാപാരം 1000 രൂപ നേട്ടത്തിൽ 18000 രൂപയിൽ ക്ലോസ് ചെയ്തു. ബാംഗ്ളൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 13500 രൂപയിൽ ആരംഭിച്ച് മാസാവസാനം വരെ ആ വിലനിലവാരം നിലനിർത്തി. മംഗലാപുരം നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച ഗ്രേഡ്-1 നാളികേരം കഴിഞ്ഞ മാസം ആയിരത്തിന് 22500 രൂപയ്ക്കാണ് വ്യാപാരം ആരംഭിച്ചത്. ഈ വില മാസാവസാം വരെ തുടരുകയും ചെയ്തു. വിവിധ കമ്പോളങ്ങളിൽ നാളികേരത്തിന്റെ വാരാന്ത്യ വിലനിലവാരം പട്ടിക 6 ൽ:

പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ആയിരത്തിന്)

| | നെടുമങ്ങാട് | പൊള്ളാച്ചി | ബാംഗളൂരു | മംഗലാപുരം (ഗ്രേഡ് 1) |
|---|---|---|---|---|
| 01.10.2017 | 18000 | 17000 | 13500 | 22500 |
| 08.10.2017 | 18000 | 17000 | 13500 | 22500 |
| 15.10.2017 | 18000 | 17000 | 13500 | 22500 |
| 22.10.2017 | 19000 | 17000 | 13500 | 22500 |
| 31.10.2017 | 19000 | 18000 | 13500 | 22500 |

# അന്താരാഷ്ട്ര വില നിലവാരം

### വെളിച്ചെണ്ണ

അന്താരാഷ്ട്ര വിപണികളിൽ വെളിച്ചെണ്ണയുടെ വിലയിൽ സമ്മിശ്ര പ്രവണതയാണ് കാണാൻ സാധിച്ചത്. ഇന്തോനേഷ്യൻ വിപണിയിൽ മാസം മുഴുവൻ വെളിച്ചെണ്ണയ്ക്ക് ഉയർന്ന വില രേഖപ്പെടുത്തിയപ്പോൾ ഇന്ത്യയിലെയും ഫിലിപ്പീൻസിലെയും വിപണികളിൽ വിലകളിൽ അസ്ഥിരത രേഖപ്പെടുത്തി. അന്താരാഷ്ട്ര ആഭ്യന്തര വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 8 ൽ:



പട്ടിക 8 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലി പ്പൈൻസ് | ഇൻ ഡോ നേഷ്യ | ഇൻഡ്യ* |
| 7/10/2017 | 1370 | 1393 | 1370 | 2567 |
| 14/10/2017 | 1445 | 1387 | 1421 | 2552 |
| 21/10/2017 | n.q. | 1460 | 1469 | 2552 |
| 28/10/2017 | n.q | 1500 | 1568 | 2675 |

*കൊച്ചി

### നാളികേരം

പ്രധാന നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ് ഇന്തോനേഷ്യ എന്നീ വിപണികളിൽ നാളികേര വിലയിൽ നേരിയ മാന്ദ്യം ദൃശ്യമായപ്പോൾ ഇന്ത്യൻ, ശ്രീലങ്കൻ വിപണികളിൽ സമ്മിശ്ര അസ്ഥിരതയാണ് രേഖപ്പെടുത്തിയത്. ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ഇന്ത്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ പൊതിച്ച നാളികേരത്തിന്റെ വാരാന്ത്യ വില നിലവാരം പട്ടിക 11 ൽ :

പട്ടിക 11: നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലി പ്പൈൻസ് | ഇൻഡോ നേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
|---|---|---|---|---|
| 7/10/2017 | 204 | 203 | 352 | 584 |
| 14/10/2017 | 203 | 200 | 348 | 576 |
| 21/10/2017 | 200 | 197 | 352 | 576 |
| 28/10/2017 | 198 | 197 | 358 | 592 |

*പൊള്ളാച്ചി

### കൊപ്ര

പ്രധാനപ്പെട്ട നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ്, ഇന്തോനേഷ്യൻ വിപണികളിൽ കൊപ്രയുടെ വിലയിൽ ഉയർച്ചയാണ് കഴിഞ്ഞ മാസം രേഖപ്പെടുത്തിയത്. അതെ സമയം ഇന്തോനേഷ്യയിലും ശ്രീലങ്കയിലും വിലയിൽ അസ്ഥിരത തുടർന്നു. കൊപ്രയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 9 ൽ :

പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലിപ്പൈൻസ് | ഇൻഡോ നേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
|---|---|---|---|---|
| 7/10/2017 | 864 | 829 | 1529 | 1768 |
| 14/10/2017 | 865 | 836 | 1540 | 1752 |
| 21/10/2017 | 891 | 881 | 1553 | 1753 |
| 28/10/2017 | 912 | 911 | 1472 | 1875 |

*കൊച്ചി



### തൂൾ തേങ്ങ

പ്രധാന ഉത്പാദക രാജ്യങ്ങളിലെ തൂൾ തേങ്ങയുടെ കയറ്റുമതി വിലനിലവാരം പട്ടിക 10 ൽ:

പട്ടിക 10 : തൂൾതേങ്ങയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലി പ്പൈൻസ് | ഇൻഡോ നേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
|---|---|---|---|---|
| 7/10/2017 | 2502 | 2430 | 3326 | 2511 |
| 14/10/2017 | 2502 | 2440 | 3369 | 2531 |
| 21/10/2017 | 2502 | 2450 | 3172 | 2514 |
| 28/10/2017 | 2502 | 2450 | 3666 | 2514 |

* എഫ്. ഒ. ബി

### ചിരട്ടക്കരി

പ്രമുഖ ചിരട്ടക്കരി ഉത്പാദക രാജ്യങ്ങളിലെ ചിരട്ടക്കരിയുടെ കയറ്റുമതി (എഫ്. ഒ. ബി) വിവരങ്ങൾ പട്ടിക 12 ൽ:

പട്ടിക 12 : ചിരട്ടക്കരിയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലി പ്പൈൻസ് | ഇൻഡോ നേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
|---|---|---|---|---|
| 7/10/2017 | 452 | 466 | 404 | 460 |
| 14/10/2017 | 452 | 466 | 403 | 462 |
| 21/10/2017 | 452 | 466 | 403 | 465 |
| 28/10/2017 | 452 | 466 | 393 | 466 |

* എഫ്. ഒ. ബി



ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. പാചക വിദഗ്ധനും നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ എക്സിക്യൂട്ടിവ് ഷെഫുമായ റോയ് ജോസഫ് പോത്തനാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്. ബൊൺസൈഡെ ഹൗസ് എഡിൻബർഗ്, കൊച്ചിയിലെ വൈറ്റ് ഫോർട്ട്, അവന്യു റിജന്റ്, താജ് മലബാർ തുടങ്ങിയ ഹോട്ടലുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള റോയിക്ക് ഈ മേഖലയിൽ 25 വർഷത്തെ പരിചയമുണ്ട്. ഏഷ്യാനെറ്റ്, ജീവൻ,അമൃത തുടങ്ങിയ ചാനലുകളിൽ പാചക പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.

ഫോൺ - 9495325526 ,8157994173

# കരിക്ക് ചോക്കലേറ്റ് ഡ്യുവറ്റ്

## ആവശ്യമുള്ള സാധനങ്ങൾ

ജലാറ്റിൻ - 20 ഗ്രാം

പാൽ - 400 മില്ലി

പഞ്ചസാര - 180 ഗ്രാം

ഡാർക്ക് ചോക്ലേറ്റ് - 100 ഗ്രാം

കരിക്ക് പൾപ്പ് - 100 ഗ്രാം

## തയാറാക്കുന്ന വിധം

ഒരു പാത്രമെടുത്ത് 20 ഗ്രാം ജലാറ്റിൻ 50 മില്ലി വെള്ളത്തിൽ പത്തു പതിനഞ്ച് മിനിറ്റ് കുതിർക്കുക. മറ്റൊരു പാത്രത്തിൽ 180 ഗ്രാം പഞ്ചസാരയും 400 മില്ലി

പാലും ചേർത്ത് തിളപ്പിക്കുക. പാൽ നന്നായി തിളച്ച ശേഷം തീയ് അണച്ചിട്ട് അതിലേയ്ക്ക് കുതിർത്തു വച്ചിരിക്കുന്ന ജലാറ്റിൻ ചേർക്കുക. ഇവ നന്നായി ഇളക്കി യോജിപ്പിക്കണം. ഈ മിശ്രിതത്തിൽ പകുതി മറ്റൊരു പാത്രത്തിലേയ്ക്കു മാറ്റി അതിൽ 100 ഗ്രാം ചോക്ക്ലേറ്റ് പൗഡർ ചേർത്ത് നന്നായി യോജിപ്പിക്കുക . ബാക്കി പകുതിയിൽ 100 ഗ്രാം കരിക്ക് പൾപ്പു ചേർത്തും യോജിപ്പിക്കുക.

രണ്ടാമതു തയാറാക്കിയ പാൽ പഞ്ചസാര ജലാറ്റിൻ കരിക്ക് മിശ്രിതം ഇഷ്ടമുള്ള മോൾഡിൽ ഒഴിച്ച് ഫ്രീസറിൽ തണുക്കാൻ വയ്ക്കുക. അതു നന്നായി തണുത്ത സെറ്റായ ശേഷം ഫ്രീസറിൽ നിന്ന് എടുത്ത് അതിനു മുകളിൽ ചോക്കലേറ്റ് പാൽ ജലാറ്റിൻ മിശ്രിതം ഇഷ്ടമുള്ള മോൾഡിൽ ഒഴിച്ച് സെറ്റ് ചെയ്യുക. വീണ്ടും രണ്ടു മണിക്കൂർ തണുപ്പിച്ച ശേഷം സെർവ് ചെയ്യാം.







